# നമ്മുടെ കണ്ണുകൾ ഭാഗ്യമുള്ളവ.

---

By

വെരി. റവ. ഫാദർ പ്ലാസിഡ്, റ്റി. ഒ. സി. ഡി., പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.

---

കോപ്പി—1000.

വില 2 ണ.

1915.

www.malankaralibrary.com

*Nihil Obstat:*

Rev. Fr. Celestine T. O. C. D.
Rev. Fr. Canisius T. O. C. D.

Chethipuzhay.
15-5-1945.

*Imprimi Potest.*

V. Rev. Fr. John of Jesus Mary T. O. C. D.
Prior General.

Ernakulam.
19-5-1945

*Imprimatur.*

MOST REV. MAR SEVERIOS,
Ad. Apostolic of Tiruvalla.

Tiruvalla,
15—6—'45.

www.malankaralibrary.com

# നമ്മുടെ കണ്ണുകൾ ഭാഗ്യമുള്ളവ.

## പ്രാരംഭം.

"നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ. എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: വളരെ പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ കാണുന്നവ കാണുവാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുന്നവ കേൾക്കുവാനും (ആഗ്രഹിച്ചു) എങ്കിലും കേട്ടില്ല".

ലൂക്കോസ്. 10/23, 24.

1653 ജനുവരി 3-ാംനു വെള്ളിയാഴ്ച മട്ടാഞ്ചേരിയിൽ വച്ചു നടന്ന കൂനൻകുരിശു സത്യമാണല്ലൊ അന്നുവരെ കത്തോലിക്കരായിരുന്ന കേരള കൽദായ നസ്രാണികളെ രണ്ടായി പിളൎന്നതു്. മത്സരകക്ഷിയിൽ പെട്ടവർ അവരുടെ മേല്പട്ടക്കാരോടുകൂടി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു കാണ്മാൻ ഇരുഭാഗത്തുമുണ്ടായിരുന്ന നമ്മുടെ പൂൎവ്വന്മാർ അത്യധികം ആഗ്രഹിക്കുകയും അശ്രാന്തം പരിശ്രമിക്കുകയും ചെയ്തിട്ടുണ്ടു്.

1930 സെപ്റ്റംബർ 20-ാംനു കൊല്ലത്തു് ഓലിക്കരെ വച്ചു് മാർ ഈവാനിയൊസ് മാർ തീയോഫിലോസ് എന്ന വന്ദ്യതിരുമേനിമാർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതോടെ നമ്മുടെ പൂൎവ്വന്മാൎക്കു കാണ്മാനോ കേൾക്കുവാനോ ഇടയാകാഞ്ഞ ആ സംഗതി കാണ്മാനും കേൾക്കുവാനും അവരുടെ അയോഗ്യ പിൻഗാമികളായ നമുക്കു ഇടവന്നിരിക്കുന്നു. പുനരൈക്യം കൈവരുത്തുവാൻ നമ്മുടെ പൂൎവ്വന്മാർ നടത്തിയ പരിശ്രമങ്ങളുടെ ഒരു ചുരുങ്ങിയ വിവരണം പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗമനത്തിനു വളരെ പ്രയോജനകരമായിരിക്കും.

## കൂനൻകുരിശു സത്യം. എന്തിനു.

മാർതോമ്മാശ്ലീഹായുടെ മക്കളായ കേരളീയ സുറിയാനി നസ്രാണികൾ അതിപുരാതന കാലംമുതൽ 1599 വരെ കൽദായ അഥവാ പൌരസ്ത്യ സുറിയാനി ഭരണത്തിനു വിധേയരായി വൎത്തിച്ചിരുന്നു. പരദേശികളായ കൽദായ മേലദ്ധ്യക്ഷന്മാരെ ഭരണകാൎയ്യങ്ങളിൽ സഹായിച്ചിരുന്നവരാണു് അൎക്കദിയാക്കോന്മാർ എന്നറിയപ്പെടുന്ന നാട്ടുകാരായ വൈദികശ്രേഷ്ഠന്മാർ. 1597-ൽ കാലം ചെയ്ത അങ്കമാ-

www.malankaralibrary.com

ലി മെത്രാപ്പോലീത്താ മാർ അബ്രാഹമായിരുന്നു നമ്മുടെ അവസാനത്തെ കൽദായ മെത്രാപ്പോലീത്താ. ഗോവയുടെ അല്ലെസ്സു മെനേസീസ് എന്ന പോർട്ടുഗീസുലത്തീൻ മെത്രാപ്പോലീത്താ, കേരള സുറിയാനിസഭ സംബന്ധിച്ച് മാർപ്പാപ്പായിൽ നിന്നു തനിക്കു ലഭിച്ചിരുന്ന ചില അധികാരങ്ങളെ അടിസ്ഥാനമാക്കി 1599-ൽ ചരിത്രപ്രസിദ്ധമായ ഉദയമ്പേരൂർ സൂനഹദോസു നടത്തുകയും കേരളകൽദായ സഭയുടെ രീതിയിലും ആചാരങ്ങളിലും വലിയ മാററങ്ങൾ വരുത്തുകയും ചെയ്തു. തുടന്ന് പൌലീസ്റ്റർ എന്നറിയപ്പെടുന്ന, ഈശോസഭക്കാരായ പോർട്ടുഗീസു മേലദ്ധ്യക്ഷന്മാർ അർക്കദിയാക്കോന്മാരുടെ സഹായത്തോടെ സുറിയാനിക്കാരെ ഭരിച്ചു തുടങ്ങി. അങ്കമാലിയിൽ നിന്നു കൊടുങ്ങല്ലൂരേയ്ക്കു അവർ ആസ്ഥാനം മാററുകയാൽ, കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താമാർ എന്ന് അവരും അവരുടെ പിൻഗാമികളും ചരിത്രത്തിൽ അറിയപ്പെടുന്നു. ഗാർഷ്യാ എന്ന ദേഹമാണ് 1653-ൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി ഭരണം നടത്തിയിരുന്നത്. തോമ്മാ ആയിരുന്നു (നാട്ടുകാരനായ) അന്നത്തെ അർക്കദിയാക്കോൻ.

പോർട്ടുഗീസ് അഥവാ പറങ്കി ഭരണത്തോടു സുറിയാനിക്കാർക്കുണ്ടായിരുന്ന അതൃപ്തി മൂർദ്ധന്യാവസ്ഥയിലെത്തിയിരുന്ന ആ കാലത്തു് വിദേശിയനായ അഹത്തള്ളാ എന്നൊരു സുറിയാനി മെത്രാൻ "നമ്മുടെ നാഥനായ മാർപ്പാപ്പായാൽ എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" എന്നു പ്രസ്താവിച്ചുകൊണ്ടു 'മൈലാപ്പൂരിൽ ആഗതനായി.

(Eustachio, Istoria del Mons. Giuseppe, P. 25)

പോർട്ടുഗീസുകാർ അഥവാ പറങ്കികൾ അഹത്തള്ളയെ മൈലാപ്പൂരിൽ നിന്നു കൊച്ചീവഴി ഗോവക്കും അവിടെ നിന്നു പോർട്ടുഗലിലേക്കും കൊണ്ടുപോയി, അഹത്തള്ളയെ പറങ്കികൾ കൊച്ചിക്കടലിൽ കെട്ടിത്താഴ്ത്തിയെന്നുള്ള അടിസ്ഥാനരഹിതമായ ശ്രുതി നിമിത്തം വികാരഭരിതരായ നസ്രാണികൾ തോമ്മാ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ മട്ടാഞ്ചേരിൽ സമ്മേളിക്കുകയും, 1876-ൽ കേരളത്തിലെ 102 യാക്കോബായ പള്ളിക്കാർ മുളന്തുരുത്തിയിൽ വച്ചു് എഴുതിയ പടിയോലയിൽ (1) സാക്ഷ്യപ്പെടുത്തിയിരിക്കുന്നതുപോലെ "മേലാൽ പറങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്നു സത്യം ചെയ്തു പിരിയുകയും ചെയ്തു." അവിടെയുള്ള "കൂനൻകുരി

---

1) പത്രോസ് എന്ന യാക്കോബായ പാത്രിയർക്കീസ് മുളന്തുരുത്തിൽ വച്ചു് ഒരു സൂനഹദോസു നടത്തി. തദവസരത്തിൽ കേരളത്തിലെ യാക്കോബായപ്പള്ളിക്കാരെല്ലാവരും കൂടി എഴുതിയതാണു് "മുളന്തുരുത്തിപ്പടിയോല."

www.malankaralibrary.com

ശി"ന്മേൽ കയറുകെട്ടി പിടിച്ചുകൊണ്ടു് സത്യം ചെയ്യുക നിമിത്തം "കൂനൻകുരിശു സത്യം" എന്നു് ഇതിനു പേരുണ്ടായി.

## ഒന്നാം മാർത്തോമ്മാ ൧൬൫൩-൧൬൭൦.

പല ആലോചനകൾ നടത്തിയ ശേഷം 1653, മേയ് 22-ാം തിയതി പെന്തിക്കോസ്തിഞായറാഴ്ച 12 പട്ടക്കാർ ആലങ്ങാട്ടുവച്ചു തോമ്മാ അർക്കദിയാക്കോന്റെ തലയിൽ അസാധുവായും നിയമവിരുദ്ധമായും കൈവയ്ക്കുകയും അദ്ദേഹത്തെ (ഒന്നാം) മാർത്തോമ്മാ മെത്രാപ്പോലീത്തായായി അവരോധിക്കുകയും ചെയ്തു. തങ്ങളുടെ പ്രവൃത്തി "മാർപ്പാപ്പായുടെയും (Supreme Pontiff) വിശുദ്ധ മാതാവായ റോമ്മാസഭയുടെയും കല്പനപ്രകാരം വന്ന (അഹത്തള്ള) പാത്രിയർക്കീസിന്റെ കല്പനയും നിശ്ചയവും അനുസരിച്ചു്" ആയിരുന്നു എന്നാണു അവർ ആ സന്ദർഭത്തിൽ പ്രഖ്യാപനം ചെയ്തതു്.

(The Travancore State Manual II. p. 184, 185)

## പുനരൈക്യാരംഭം.

സുറിയാനിക്കാരിൽ മഹാഭൂരിപക്ഷവും മെത്രാൻ വേഷം കെട്ടിയ തോമ്മാ അർക്കദിയാക്കോനെ അനുഗമിച്ചു. എന്നാൽ അർക്കദിയാക്കോന്റെ നാലു് ആലോചനക്കാരിൽ രണ്ടുപേർ— കടവിൽ ചാണ്ടിക്കത്തനാരും പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരും— സത്യം ഗ്രഹിച്ചു ഗാർഷ്യാമെത്രാപ്പോലീത്തായിക്കു വിധേയരായി. അവർക്കു് അനുഗാമികളും ഉണ്ടായിരുന്നു. ആലോചനക്കാരിൽ അതിസമർത്ഥനായിരുന്ന കല്ലിശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ അർക്കദിയാക്കോന്റെ മേൽ സ്വാധീനശക്തി ചെലുത്തി അദ്ദേഹത്തെ അക്രമപ്രവൃത്തികളിൽ ഉറപ്പിച്ചു നിറുത്തി.

## കർമ്മലീത്തർ.

ഗാർഷ്യാ മെത്രാപ്പോലീത്തായുടെ കീഴിൽ നിന്നിരുന്നവർ മാർപ്പാപ്പായുടെ പക്കൽ നിന്നു് കർമ്മലീത്തരെ കേരളത്തിൽ വരുത്തി. കർമ്മലീത്തരിൽ പ്രധാനനായിരുന്നു "അപ്പസ്തോലിക്ക കൊമ്മിസറി" ആയ ജോസഫ് സെബസ്തിയാനി. അദ്ദേഹം 1658-ൽ കേരളം വിട്ടു റോമ്മായിലെത്തി വിവരങ്ങളറിയിച്ച ശേഷം മെത്രാൻ പട്ടം സ്വീകരിച്ചു് സുറിയാനിക്കാരുടെ "അഡ്മിനിസ്ട്രേറ്റർ" ആയി 1661-ൽ കേരളത്തിൽ വീണ്ടും വന്നുചേർന്നു. മുൻപറഞ്ഞ ചാണ്ടിക്കത്തനാരന്മാരുടെ സഹായസഹകരണങ്ങളോടുകൂടി സെബസ്തിയാനി നടത്തിയ പരിശ്രമങ്ങൾ അനേകം പള്ളിക്കാരുടെ തിരിച്ചുവരവിനു കാരണമായി ഭവിച്ചു.

www.malankaralibrary.com

## പുത്തനും പഴയതും.

ഡച്ചുകാർ കൊച്ചിക്കോട്ട പിടിച്ചതോടെ പോർട്ടുഗീസു ശക്തി നാമാവശേഷമായി തീൎന്നു. അന്യദേശക്കാരെല്ലാവരും നാടുവിട്ടുകൊള്ളണമെന്നായിരുന്നു ഡച്ചുകാരുടെ കല്പന. തന്നിമിത്തം 1663-ൽ പള്ളിവീട്ടിൽ ചാണ്ടികത്തനാരെ കത്തോലിക്കു സുറിയാനിക്കാരുടെ മെത്രാനായി വാഴിച്ചശേഷം സെബാസ്തിയാനി മെത്രാൻ റോമ്മായിലേയ്ക്കു തിരിച്ചുപോയി.

സാധുവായി പട്ടം സ്വീകരിയ്ക്കണമെന്ന ഉദ്ദേശ്യത്തോടെ 1663-ാം സംവത്സരത്തിൽ തന്നെ മാർ ഗ്രീഗോറിയോസ് എന്ന ഒരു യാക്കോബായ മെത്രാനെ അൎക്കദിയാക്കോൻ കേരളത്തിലേയ്ക്കു വരുത്തി. പറവൂർ കരയിറങ്ങിയ ഈ മാർ ഗ്രീഗോറിയോസ് ഭിന്നസഹോദരങ്ങളെ യാക്കോബായ വിശ്വാസം പഠിപ്പിയ്ക്കയാൽ അവർ "പുത്തൻകൂറുകാർ" എന്നു വിളിയ്ക്കപ്പെട്ടു തുടങ്ങി. കത്തോലിക്കു സുറിയാനിക്കാർ പഴയ വിശ്വാസം പാലിച്ചതുകൊണ്ടു് "പഴയകൂറുകാർ" എന്നു് അറിയപ്പെട്ടിരുന്നു. ഇന്നും നടപ്പിലിരിയ്ക്കുന്നവയാണല്ലോ ഈ സംജ്ഞകൾ രണ്ടും. സൎക്കാർ രേഖകളിലും അവയ്ക്കു സ്ഥാനമുണ്ടു്.

പുത്തൻകൂറുകാരുടെ ചരിത്രത്തിലേയ്ക്കു കടക്കുന്നതിനു മുമ്പ് പഴയകൂറുകാരെപ്പറ്റിയുള്ള ഒരു ചുരുങ്ങിയ വിവരണം അസ്ഥാനത്താവുകയില്ല.

## പഴയകൂറു ചരിത്രം.

മുൻപറഞ്ഞ പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ പഴയകൂറുകാരെ ഭരിച്ചിരുന്ന കാലത്തു് അനേകം പുത്തൻകൂറുകാർ കത്തോലിയ്ക്കാസഭയുമായി പുനരൈക്യപ്പെട്ടു. റാഫയേൽ ഫിഗുവരേദൊ എന്ന ഒരു പോർട്ടുഗീസുകാരനാണ് അദ്ദേഹത്തിന്റെ സഹായമെത്രാനായി വന്നതു്. അതു സുറിയാനിക്കാൎക്കു വലിയ അതൃപ്തിയ്ക്കു ഹേതുവായി തീൎന്നു. ചാണ്ടിമെത്രാന്റെ മരണാനന്തരം "വരാപ്പുഴ ഭരണം" എന്നറിയപ്പെടുന്ന യൂറോപ്യൻ കർമ്മലീത്തരുടെ ഭരണം കേരളക്കരയിൽ സമാരംഭിച്ചു. എന്നാൽ അന്നു് കൊടുങ്ങല്ലൂർ ഭരണവും ഉണ്ടായിരുന്നതുകൊണ്ടു് പഴയകൂറുകാർ വരാപ്പുഴ കൊടുങ്ങല്ലൂർ എന്ന രണ്ടധികാരങ്ങളിൽ ഉൾപ്പെട്ടു നിന്നിരുന്നു. അവർ മുഴുവനും ചില സന്ദൎഭങ്ങളിൽ കൊടുങ്ങല്ലൂൎക്കീഴും മറ്റു ചിലപ്പോൾ വരാപ്പുഴക്കീഴും ചെന്നുചേൎന്നിട്ടുണ്ടു്. കൊടുങ്ങല്ലൂർ സിംഹാസനത്തിൽ ഭരണം നടത്തിയ പഴയകൂറു സുറിയാനിക്കാരിൽ പ്രഥമഗണനീയന്മാരാണ് കരിയാറ്റിൽ മാർ യൌസേഫ് മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമ്മാകത്തനാരും. 1838 മുതൽ 1857 വരെ കൊടുങ്ങല്ലൂർ ഭരണം താല്ക്കാലി

www.malankaralibrary.com

കമായി നിവൃത്തലാക്കപ്പെട്ടിരുന്നു. മെഡലിക്കാട്ടു, ലവീഞ്ഞു എന്ന രണ്ടു ലത്തീൻ മെത്രാന്മാർക്കു് 1887-ൽ പഴയക്കൂറുകാർ മുഴുവനും വിധേയരായി. 1896-ൽ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്ന മൂന്നു് ആസ്ഥാനങ്ങളിൽ മൂന്നു നാട്ടുമെത്രാന്മാരെ അവർക്കു ലഭിച്ചു. 1911-ൽ അവരിൽ തെക്കുംഭാഗക്കാർക്കു തനിച്ചു് ഒരു മെത്രാനുണ്ടായി. കോട്ടയമാണു് അദ്ദേഹത്തിന്റെ ആസ്ഥാനം. 1923-ൽ ഒരു പ്രാദേശിക സഭയുടെ സകല പൂർണ്ണതകളും അവർക്കു കൈവരുകയും എറണാകുളം മെത്രാപ്പോലീത്തൻ സിംഹാസനവും ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം എന്ന മെത്രാസനങ്ങളും അവക്കായി സ്ഥാപിക്കപ്പെടുകയും ഉണ്ടായി.

1864-ലും 1874-ലും റോക്കോസ്, മേലൂസ് എന്ന വിദേശീയരായ കൽദായ മെത്രാന്മാർ കേരളത്തിൽ വന്നു പഴയക്കൂറുകാരുടെയിടയിൽ ശീശ്മയുണ്ടാക്കി. മേലൂസ് ശീശ്മയുടെ അവശേഷമാണു് തൃശ്ശൂരുള്ള സുറായികൾ അഥവാ നെസ്തോറിയക്കാർ.

പഴയക്കൂറുകാരെപ്പറ്റി ഇത്രയും പ്രസ്താവിച്ചശേഷം പുത്തൻകൂറുകാർ, പ്രത്യേകം പുത്തൻകൂറു മേലദ്ധ്യക്ഷന്മാർ പുനരൈക്യം സംബന്ധിച്ചു നടത്തിയിട്ടുള്ള പരിശ്രമങ്ങളിലേയ്ക്കു നമുക്കു പ്രവേശിയ്ക്കാം.

## ൧-ാം മാർത്തോമ്മായും പുനരൈക്യവും.

"അപ്പസ്റ്റോലിയ്ക്കു കൊമ്മിസറി" ആയ ജോസഫ് സെബാസ്തിയാനിയും സഹപ്രവർത്തകന്മാരും 1-ാം മാർത്തോമ്മായുടെ മാനസാന്തരത്തിനായി എത്രയധികം പ്രവർത്തിച്ചു എന്നു വിസ്തരിയ്ക്കുക സുസാദ്ധ്യമല്ല. പുനരൈക്യപ്പെടുന്നതോടെ തന്നെ മെത്രാനായി അംഗീകരിയ്ക്കണമെന്നായിരുന്നു മാർത്തോമ്മായുടെ അഭിലാഷം. അദ്ദേഹത്തിന്റെ അനുഗാമികളും അതുതന്നെ ആവശ്യപ്പെട്ടിരുന്നു. സ്വയമെ താൻ സ്വീകരിച്ച മെത്രാൻപദം ഉപേക്ഷിയ്ക്കയും, തദ്വാരാ താൻ മൂലമുണ്ടായ ദുർമ്മാതൃകയ്ക്കു പരിഹാരം വരുത്തുകയും ചെയ്തുകഴിയുമ്പോൾ, അദ്ദേഹത്തെ മെത്രാനാക്കുവാനുള്ള സംഗതി സംബന്ധിച്ചു പര്യാലോചിയ്ക്കാമെന്നായിരുന്നു സെബാസ്തിയാനിയുടെ മറുപടി.

(Bernard ii. p. 96)

സെബാസ്തിയാനി കേരളം വിട്ടതിന്റെ ശേഷം പലരുടേയും സദുപദേശങ്ങൾ നിമിത്തം അദ്ദേഹം മെത്രാന്റെ സ്ഥാനചിഹ്നങ്ങളെല്ലാം നീക്കിവച്ചു് വെറും അർക്കദിയാക്കോൻ എന്ന നിലയിൽ വ്യാപരിയ്ക്കുവാൻ തുടങ്ങി. എന്നാൽ ഗാർഷ്യാ മെത്രാപ്പോലീത്തായുടെ കീഴിൽ നിയുക്തനായിരുന്ന പുതിയ അർക്കദിയാക്കോൻ തദവസരത്തിൽ ചില അധികാരങ്ങൾ പ്രയോഗിയ്ക്കയാൽ, അർക്കദിയാക്കോൻസ്ഥാനം കൂടി തനിയ്ക്കു നഷ്ടപ്പെടുമെന്നു ഭയന്നു മാററിവച്ചു

www.malankaralibrary.com

സ്ഥാനചിഹ്നങ്ങൾ മാർത്തോമ്മാ വീണ്ടും സ്വീകരിച്ചു.
(Bernard II. p. 104)

ഇരുകക്ഷികളും തമ്മിൽ അക്കാലത്തു വലിയ വഴക്കുകൾ നടന്നിരുന്നെങ്കിലും വളരെ പള്ളികളും ജനങ്ങളും ശീശ്മയുപേക്ഷിച്ചു സത്യസഭയുമായി പുനരൈക്യപ്പെട്ടു. "അപ്പസ്തോലിയ്ക്കു കൊമിസ്സറി" സെബസ്തിയാനി, പോർട്ടുഗീസു ഗവൺമെൻറിൻെറ വേറൊരു "കൊമ്മിസ്സറി" ഹിയസീന്തു്, പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ, കടവിൽ ചാണ്ടികത്തനാർ എന്നിങ്ങനെ പലരും ഭിന്നസഹോദരങ്ങളുടെ മാനസാന്തരത്തിനായി ഉള്ളഴിഞ്ഞു പ്രവർത്തിച്ചിരുന്നു.

ഒന്നാം മാർത്തോമ്മായും അദ്ദേഹം വരുത്തിയ മാർഗ്രീഗോറിയോസും 1670-ൽ മരണം പ്രാപിച്ചു. മാർ ഗ്രീഗോറിയോസ് മാർത്തോമ്മായിയ്ക്കു സാധുവായ മെത്രാൻ പട്ടം കൊടുത്തെന്നും കൊടുത്തില്ലെന്നും പറയുന്നവരുണ്ടു്.

## രണ്ടാമത്തെയും മൂന്നാമത്തെയും മാർത്തോമ്മാമാർ.

### ൧൬൭൦—൧൬൮൮.

1670-ൽ കാലം ചെയ്ത മാർത്തോമ്മാ ഒന്നാമൻെറ പിന്നാലെ 1670 മുതൽ 1688 വരെ മാർത്തോമ്മാ രണ്ടാമനും മാർത്തോമ്മാ മൂന്നാമനും ഭിന്നസഹോദരങ്ങളുടെ മേലദ്ധ്യക്ഷന്മാരായി ഭരണം നടത്തി. മാർത്തോമ്മാ ഒന്നാമനിൽ നിന്നുള്ള കൈവയ്പാണ് മാർത്തോമ്മാ രണ്ടാമനുണ്ടായിരുന്നതു്. മൂന്നാമൻ രണ്ടാമനിൽ നിന്നു മാത്രമേ കൈവയ്പു സ്വീകരിച്ചുള്ളു എന്നു ചിലരും, ശീമയിൽ നിന്നു 1685-ൽ വന്നു് 1691-ൽ മുളന്തുരുത്തിൽ കബറടങ്ങിയ ഒരു മാർ യോഹന്നാൻ മൂന്നാമനു മെത്രാൻ പട്ടം കൊടുത്തെന്നു വേറെ ചിലരും വാദിയ്ക്കുന്നു. മാർത്തോമ്മാ നാലാമനേയും പ്രസ്തുത മാർ യോഹന്നാൻ വാഴിച്ചതായിട്ടത്രേ ചിലർ പറയുന്നതു്. എന്നാൽ, മാർത്തോമ്മാ നാലാമനിൽ നിന്നു കൈവയ്പു സ്വീകരിച്ച മാർത്തോമ്മാ അഞ്ചാമനും, അഞ്ചാമനിൽ നിന്നു കൈവയ്പു സ്വീകരിച്ച ആറാമനും സാധുവായ പട്ടം ലഭിയ്ക്കുവാൻ വളരെയധികം പരിശ്രമിച്ചതുകൊണ്ടും, ആറാമൻ ശീമയിൽ നിന്നു വന്ന ഒരു മാർ ഗ്രീഗോറിയോസിൽ നിന്നു് മെത്രാൻപട്ടമുൾപ്പെടെ എല്ലാ പട്ടങ്ങളും സ്വീകരിച്ചതുകൊണ്ടും ഒന്നാം മാർത്തോമ്മായിൽ നിന്നുള്ള അസാധുവായ കൈവയ്പായിരുന്നു ആറാം മാർത്തോമ്മാ ഉൾപ്പെടെയുള്ള എല്ലാവർക്കും ലഭിച്ചിരുന്നതെന്നു് പലരും വാദിയ്ക്കുന്നുണ്ടു്.

രണ്ടാമത്തെയും മൂന്നാമത്തെയും മാർത്തോമ്മാമാർ പുനരൈക്യത്തിനുവേണ്ടി എന്തെങ്കിലും കാര്യമായി പ്രവർത്തിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ചാണ്ടിമെത്രാൻെറ പരിശ്രമം മൂലം പുത്തൻകൂ

www.malankaralibrary.com

റിൽ നിന്നു പലരും അക്കാലത്തു പുനരൈക്യപ്പെട്ടിരുന്നു. ചാണ്ടിമെത്രാൻെറയും കർമ്മലീത്തരുടെയും പരിശ്രമത്താൽ 71 പള്ളികൾ മുഴുവനായും 18 പള്ളികൾ പകുതിയായും കത്തോലിക്കാസഭയിൽ പ്രവേശിച്ചു എന്നാണു് 1704-ൽ പഴയകൂറുകാർ റോമ്മായിലേയ്ക്കയച്ച ഒരെഴുത്തിൽ പ്രസ്താവിച്ചിരിയ്ക്കുന്നതു്. (Bernard II. p. 122) 1687-ൽ ആയിരുന്നു ചാണ്ടിമെത്രാൻെറ മരണം.

1676-ൽ അൽവായ അന്ത്രയോസ് എന്ന ഒരു യാക്കോബ്യൻ (കല്ലടമുപ്പൻ) ശീമയിൽനിന്നു കേരളത്തിൽ വന്നു. 1685-ൽ ബസ-ലീയൂസ് നാമധാരിയായ ഒരു കാതോലിക്കായും ഒരു മാർ യോഹന്നാനും മൂന്നു ശമ്മാശന്മാരും ഇവിടെയെത്തി. കോതമംഗലത്തുവച്ചു ഉടൻ തന്നെ കാതോലിക്കാ മരണം പ്രാപിച്ചു. മാർ യോഹന്നാനാകട്ടെ 1694 വരെ ജീവിച്ചിരിയ്ക്കയും മുളന്തുരുത്തിൽ കബറടങ്ങുകയും ചെയ്തു. (മുകളിൽ നോക്കുക.)

## നാലാം മാർത്തോമ്മാ, ൧൬൮൮—൧൭൨൮.

മൂന്നാം മാർത്തോമ്മായുടെ പിൻഗാമിയാണു് നാലാം മാർത്തോമ്മാ. അദ്ദേഹത്തിൻെറ കാലത്തു 1709-നു മുമ്പു് മാർ ശെമഓൻ മാർ ഗബ്രിയേൽ എന്ന രണ്ടു കൽദായമെത്രാന്മാർ കേരളത്തിൽവന്നു. ഭിന്ന സഹോദരങ്ങളുടെ പുനരൈക്യത്തെ ഉദ്ദേശിച്ചു ഇരുകക്ഷികളുംകൂടി ഈ മെത്രാന്മാരെ എഴുതിവരുത്തി എന്നു ചില ചരിത്രരേഖകളിൽ കാണുന്നുണ്ടു്. ഇവരിൽ മാർ ശെമഓൻ കേരളം വിട്ടുപോകേണ്ടതായിവന്നു. മാർ ഗബ്രിയേലാകട്ടെ നിയമവിരുദ്ധമായി പ്രവർത്തിച്ചു. പുത്തൻകൂറിൽ നിന്നും പഴയകൂറിൽനിന്നും അദ്ദേഹത്തിനു കുറെ അനുഗാമികളും ഉണ്ടായി. ഒന്നാമത്തെ വരാപ്പുഴ കർമ്മലീത്താ ഭരണാധികാരിയായ ആഞ്ചെലൂസ് ഫ്രാൻസീസിനു ആലങ്ങാട്ടുവച്ചു മെത്രാൻപട്ടം കൊടുത്തതു പ്രസ്തുത മാർ ശെമഓൻ ആയിരുന്നു. (1701).

തൻെറ അധികാരത്തിൽപെട്ട 29 പള്ളിക്കാരുടേയും പ്രധാനന്മാരായ 12 വൈദികരുടേയും കൈയൊപ്പോടുകൂടി ഇടപ്പള്ളിയിൽനിന്നു 1704-ൽ നാലാം മാർത്തോമ്മാ അഗുസ്തീനോസ് എന്ന ഒരു കർമ്മലീത്തൻവഴി റോമ്മായിലേയ്ക്കു് ഒരെഴുത്തയച്ചു. താനും ആൻജെലൂസ് ഫ്രാൻസീസുംകൂടി സുറിയാനിക്കാരെ ഭരിയ്ക്കുവാനും കുർബാനയിൽ ഹമ്മീറാ ഉപയോഗിക്കുവാനും മാർപ്പാപ്പാ അനുവദിക്കണമെന്നായിരുന്നു എഴുത്തിൽ പ്രസ്താവിച്ചിരുന്ന പ്രധാന സംഗതികൾ (Bernard II. p. 173) മാർത്തോമ്മായുടെ അപേക്ഷ സഫലമായില്ല.

(അന്നും അതിനുശേഷം വളരെ കാലത്തേയ്ക്കും പുത്തൻകൂറുകാർ പഴയകൂറുകാരെപ്പോലെ കൽദായ റീത്തും കൽദായ ഭാഷയു

www.malankaralibrary.com

യുമാണ് ഉപയോഗിച്ചിരുന്നതു്. ഒന്നാം മാർ തോമ്മായുടെ കാലം മുതൽ പത്തിരായിയ്ക്കുപകരം ഹമീറാ ഉപയോഗിച്ചിരുന്നു എന്ന ഒരു വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. തന്നിമിത്തം ഒരു പുത്തൻകൂറക്കാരൻ "പത്തിരാ കൈക്കൊണ്ടു" എന്നു പറഞ്ഞാൽ കത്തോലിയ്ക്കമതം സ്വീകരിച്ചു എന്നായിരുന്നു അർത്ഥം.)

1709-ലും 1720-ലും മെത്രാന്മാരെ ലഭിയ്ക്കുവാനായി മാർത്തോമ്മാ നാലാമൻ യാക്കോബായ പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തി. 1685-ൽ വന്നു് 1694-ൽ മുളന്തുരുത്തിയിൽ കബറടങ്ങിയതായി മുമ്പു പറഞ്ഞ മാർ യോഹന്നാന്റെ നൂതനോപദേശങ്ങളെ മാർത്തോമ്മാ സധീരം എതിർത്തു. വരാപ്പുഴ സെമിനാരിയിൽ സുറിയാനി പഠിപ്പിച്ചിരുന്ന ഹന്നാ എന്ന കൽദായ വൈദികനും മാർ യോഹന്നാനോടു തർക്കം നടത്തി. (Bernard II. p. 171, 172)

നാലാം മാർത്തോമ്മാ 1728-ൽ മരിയ്ക്കുകയും അഞ്ചാം മാർത്തോമ്മാ ഭരണം കയ്യേൽക്കുകയും ചെയ്തു.

(നാലാം മാർത്തോമ്മാ റോമ്മായിലേയ്ക്കയച്ച അപേക്ഷയിൽ കൂനൻകുരിശു സത്യം നടക്കുവാനുണ്ടായ കാരണം "പൊലീസ്തരുടെ ഞെരുക്ക"മാണെന്നു പറഞ്ഞിരിക്കുന്നു. കൊടുങ്ങല്ലൂർ ഭരണകർത്താക്കളെയാണ് പൊലീസ്തർ എന്ന പദം സൂചിപ്പിക്കുന്നതു്. ആ അപേക്ഷയിൽ കർമ്മലീത്തരോടു അദ്ദേഹം അനുഭാവം പ്രദർശിപ്പിക്കുന്നുണ്ടു്. Bernard II. p. 173)

## അഞ്ചാം മാർത്തോമ്മാ ൧൭൨൮—൧൭൬൫.

സാധുവായിപട്ടം സ്വീകരിയ്ക്കണമെന്ന ഉദ്ദേശ്യത്തോടെ അഞ്ചാം മാർത്തോമ്മാ അന്നു കോട്ടയത്തു താമസിച്ചിരുന്ന മാർ ഗബ്രിയേലിനെ 1731-ൽ സമീപിച്ചു. എന്നാൽ മാർ ഗബ്രിയേൽ ആസന്നമരണനായിരുന്നതുകൊണ്ടു് മാർത്തോമ്മായുടെ അഭീഷ്ടം സാധിക്കാതെപോയി. തന്നിമിത്തം അദ്ദേഹം യാക്കോബായ പാത്രിയർക്കീസിനെ സമീപിച്ചു.

യാക്കോബായ പാത്രിയർക്കീസിന്റെ പക്കൽനിന്നു് 1747-ൽ വന്ന ഒരു മാർ യോഹന്നാൻ പ്രതിമകൾ തകർക്കുക, പണം പിരിക്കുക ആദിയായി പലതും പ്രവൃത്തിച്ചതുനിമിത്തം കൊച്ചീരാജാവു് അദ്ദേഹത്തെ തടവിലിടുകയും ഡച്ചുകാർ 1751-ൽ ബസ്രായിലേയ്ക്കു തിരിച്ചയയ്ക്കുകയും ചെയ്തു. മാർത്തോമ്മായുടെ ആവശ്യപ്രകാരം 1751-ൽ തന്നെ ബസേലീസു എന്ന ഒരു കാതോലിയ്ക്കായേയും, മാർ ഗ്രീഗോറിയോസു മാർ യോഹന്നാൻ എന്ന രണ്ടു മെത്രാന്മാരേയും യാക്കോബായ പാത്രിയർക്കീസിന്റെ പക്കൽനിന്നു് ഡച്ചുകാർ കേരളത്തിൽ കൊണ്ടുവന്നു. അവരുടെ കൂടെ ഗീവറുഗീസു എന്ന ഒരു കോറെപ്പിസ്കോപ്പായും രണ്ടു ശമ്മാശന്മാരും കേരളത്തിൽ വന്നെത്തി.

www.malankaralibrary.com

എന്നാൽ ഈ മേല്പട്ടക്കാരിൽ ആരും അഞ്ചാം മാർത്തോമ്മായിക്കു പട്ടം കൊടുത്തില്ല.

തന്റെ മുൻഗാമിയെ അനുകരിച്ച് അഞ്ചാം മാർത്തോമ്മാ പുനരൈക്യം കൈവരുത്തുവാൻ 1748-ൽ കർമ്മലീത്തനായ ബോനിഫസ് മിഷ്യനറിവഴി റോമ്മായിൽ ഒരപേക്ഷ സമർപ്പിച്ചു. തന്നെ ഉപയോഗിക്കുവാൻ അനുവദിക്കുന്നപക്ഷം എല്ലാവരും കത്തോലിക്കരാകുവാൻ സന്നദ്ധരാണെന്നു ആ അപേക്ഷയിൽ പ്രസ്താവിച്ചിരുന്നു. കൂനൻകുരിശു സത്യവും അനന്തരസംഭവങ്ങളും നടന്നതു പോർട്ടുഗീസുകാരോടുണ്ടായ വഴക്കുനിമിത്തമാണെന്നും, പോർട്ടുഗീസുകാരെ കേരളത്തിൽ നിന്നു നീക്കണമെന്നും, കർമ്മലീത്തർ തങ്ങളെ സഹായിക്കുവാൻ ഏർപ്പാടു ചെയ്യണമെന്നും മാർത്തോമ്മാ തന്റെ അപേക്ഷയിൽ കാണിച്ചിട്ടുണ്ട്. 1750-ൽ മാർത്തോമ്മായുടെ കാര്യം സംബന്ധിച്ചു പ്രൊപ്പഗാന്ത തിരുസംഘം അന്വേഷണം നടത്തി. മാർത്തോമ്മായുടെ അപേക്ഷ സഫലമായില്ല. (Bernard II. p. 177).

സ്നേഹത്താലും, നല്ലതും ഉചിതവുമായ എല്ലാ മാർഗ്ഗത്തിലൂടെയും മാർത്തോമ്മായെ നേടുവാൻ ഞങ്ങൾ പരിശ്രമിക്കുന്നുണ്ടെന്നും (Mar Thomas Malabariae Pseudoepiscopus quem sinceris amicitiae mediis et studiis ut qualicumque eum bona et convenienti lucremus via prosequimur.) അദ്ദേഹം സ്വനിശ്ചയം വെളിപ്പെടുത്താതിരിക്കയിൽ തിരുവിതാംകൂർ രാജാവിന്റെ കല്പനയനുസരിച്ച് ആ രാജ്യത്തിലുള്ള പോറ്റുകയുണ്ടായെന്നും വരാപ്പുഴത്തെ ഫ്ലോറൻസ് മെത്രാൻ (1750-1773) റോമ്മായിലയച്ച ഒരു റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. (Analecta O. C. D. 1938, p. 28) ഇഗ്നേഷ്യസ് എന്ന ഒരു കർമ്മലീത്തൻ മാർത്തോമ്മായുടെ കാര്യം സംബന്ധിച്ച് 1754-ൽ റോമ്മായിലെത്തി വിവരമറിയിച്ചു. മാർത്തോമ്മാ മെത്രാനല്ലെന്നും, വെറും അൽമായനായ അദ്ദേഹം പട്ടംകൊടുക്കുകപോലും ചെയ്യുന്നൊന്നും, കത്തോലിക്കനാകുവാനുള്ള അദ്ദേഹത്തിന്റെ ഉദ്ദേശ്യം ശുദ്ധമല്ലെന്നും, മെത്രാൻ സ്ഥാനത്തെ അദ്ദേഹം മോഹിച്ചിരുന്നെന്നും റോമ്മായിൽ അറിയിക്കപ്പെട്ടു. (Ibidem) അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെപ്പറ്റി സംശയിക്കുവാൻ കാരണമുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ, സുറിയാനി സമുദായത്തെ ഒന്നാക്കുവാൻ ഈശോസഭക്കാരേയും കർമ്മലീത്തരേയും കേരളത്തിൽ നിന്നു ബഹിഷ്കരിക്കണമെന്നു മാർത്തോമ്മാ കരുതിയിരുന്നു. അതിലേക്ക് അദ്ദേഹം ഡച്ചുകാരുടെ സഹായമഭ്യർത്ഥിച്ചു. പ്രതിയോഗികളെ ഒരു തർക്കത്തിൽ തോല്പിച്ചാൽ സഹായം നൽകാമെന്നു ഡച്ചുകാർ പറഞ്ഞു. അദ്ദേഹം തർക്കത്തിനു വഴിപ്പെട്ടില്ല. ഈ സംഗതികളുടെ ശേഷമാണ് അദ്ദേഹം റോമ്മായിലേയ്ക്ക് അപേക്ഷ അയച്ചത്. (Bernard II. p. 176)

www.malankaralibrary.com

നാലാം മാർത്തോമ്മായുടേയും അഞ്ചാം മാർത്തോമ്മായുടേയും ഉദ്ദേശ്യശുദ്ധിയെപ്പററിയുണ്ടായ ബലമായ സംശയമാണു് റോമ്മായിലേയ്ക്കു അവരയച്ച അപേക്ഷകൾ സഫലമാകാഞ്ഞതിന്റെ കാരണം. അഞ്ചാം മാർത്തോമ്മായുടെ കാര്യത്തിൽ 1757 സെപ്റ്റംബർ 3-ാംനു- റോമ്മാ ചെയ്ത ഒരു തീരുമാനത്തിൽ നിന്നു് ഈ സംഗതി വിശദമാകുന്നുണ്ടു്. സാധുവായ പട്ടമില്ലാത്ത അദ്ദേഹം കുർബാന ചൊല്ലുകയും പട്ടം കൊടുക്കുകയും ചെയ്തിരുന്നു; റോമ്മാ വിശ്വസിച്ചില്ലെന്നു അദ്ദേഹം പറയുന്ന അദ്ദേഹത്തിന്റെ പ്രസ്താവനകൾ വ്യാജമാണു്; അദ്ദേഹവും അനുയായികളും പുനരൈക്യപ്പെട്ടുമെന്നു പ്രതീക്ഷയില്ല; അദ്ദേഹത്തിന്റെ പ്രസ്താവനകൾ വെറും നാട്യങ്ങളാകയാൽ അദ്ദേഹത്തിന്റെ സംഗതി സംബന്ധിച്ചു് പര്യാലോചിയ്ക്കേണ്ടതല്ല. എന്നിപ്രകാരമുള്ള ആശയങ്ങളാണു് പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ ആ തീരുമാനത്തിൽ കാണുന്നതു്. കൂടാതെയും അദ്ദേഹത്തിന്റെ യഥാർത്ഥമായ മാനസാന്തരത്തെ ലാക്കാക്കി വരാപ്പുഴത്തെ മേലദ്ധ്യക്ഷൻ ക്രിസ്തീയ സ്നേഹത്തോടെ അദ്ദേഹത്തെ വീക്ഷിയ്ക്കണമെന്നും, എന്നാൽ അദ്ദേഹത്തെ ഏതെങ്കിലും സ്ഥാനത്തിൽ ഉയർത്തുമെന്നോ, അദ്ദേഹം പട്ടം കൊടുത്തവരെ പട്ടക്കാരായി കരുതുമെന്നോ യാതൊരു പ്രത്യാശയും അദ്ദേഹത്തിനു നൽകേണ്ടതല്ലെന്നും പ്രസ്തുത തീരുമാനത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. (Analecta O. C. D. 1938, p. 32, 33) മാർത്തോമ്മാ റോമ്മായിലെ തീരുമാനമറിവാൻ ആഗ്രഹിച്ചിരുന്നെന്നും അതിൽ കാണുന്നു. "കൽദായക്കാരനായ അർക്കദിയാക്കോൻ" (Arcidiacono Caldeo) എന്നാണു് അതിൽ അദ്ദേഹത്തെ വിളിച്ചിരിയ്ക്കുന്നതു്. "മുടിവച്ച അൽമേനി" (laico mitrato) എന്നു് ചിലർ അദ്ദേഹത്തെപ്പററി പറഞ്ഞിരുന്നു.

"കുറവിലങ്ങാട്ടു പള്ളി എടവകക്കാരർക്കും ശേഷം അവിടെ കൂടിയ പള്ളിക്കാർക്കും കൂടെ ഇപ്പോൾ എഴുതിയ ഈ സാധനം കാണുന്നവർക്കും വായിയ്ക്കുന്നവർക്കും കേൾക്കുന്നവർക്കും" ആയി "പുത്തൻകൂററുകാരോടു പറവാനുള്ള ചോദ്യോത്തരം" എന്ന പേരിൽ വരാപ്പുഴത്തെ ഫ്ലോറൻസുമെത്രാൻ 1753-ൽ ഒരു ദീർഘലേഖനം അയച്ചുകൊടുത്തു. ഈ രീതിയിൽ തന്നെ വേറൊരു ലേഖനവും അതിനു മുമ്പു് അദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നെന്നു ഈ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ചോദ്യോത്തര രീതിയിൽ 1756-നു മുമ്പു വിരചിതമായ വേറൊരു കൃതിയും യാക്കോബായ സിദ്ധാന്തങ്ങളെ ഖണ്ഡിയ്ക്കുവാൻ പഴയകൂററുകാർ അക്കാലത്തു് ഉപയോഗപ്പെടുത്തിയിരുന്നു. "കരിയാററിൽ മല്പാന്റെ വേദതർക്കം" എന്ന പേരിൽ അറിയപ്പെടുന്ന പ്രബന്ധവും ഈ കൃതിയും തമ്മിൽ വളരെ സാമ്യമുണ്ടു്. ഒരു പക്ഷെ രണ്ടിന്റേയും മൂലം ഒന്നുതന്നെ ആയിരിയ്ക്കാം. ഫ്ളോറൻസു മെത്രാന്റെ 1753-ലെ ലേഖനത്തിന്റെയും

www.malankaralibrary.com

പ്രസ്തുത കൃതിയുടെയും സുറിയാനി ലിപികളിൽ (കർശോനിൽ) എഴുതിയ ഒരു പ്രതി മാന്നാനമാശ്രമത്തിൽ സൂക്ഷിച്ചിട്ടുണ്ടു്. (2) അക്കാലത്തു ശീമയിൽ നിന്നു വന്ന യാക്കോബായ മേല്പട്ടക്കാർ കേരളത്തിൽ നൂതനമായി പ്രചരിപ്പിച്ച വിശ്വാസാചാരങ്ങൾ ഏവയെന്നു ഇവയിൽ വിശദമായി വിവരിച്ചിരിക്കുന്നു. ശീമയിൽ നിന്നു വന്ന ഒരു ബാവായും നാട്ടുകാരനായ ഒരു മാർത്തോമ്മായും തമ്മിൽ മത്സരമുണ്ടായെന്നും ജനങ്ങൾ ഇരുഭാഗത്തും ചേർന്നു നിന്നിരുന്നെന്നും രസകരമായി വിവരിക്കുന്ന ഭാഗങ്ങൾ പ്രസ്തുത കൃതിയിൽ കാണാവുന്നതാണു്. അന്നു പഴയകൂറ്റുകാരെ പുത്തൻകൂറ്റുകാർ പറങ്കികളെന്നും, പുത്തൻകൂറ്റുകാരെ പഴയകൂറ്റുകാർ തുലുക്കരെന്നും ആക്ഷേപിച്ചു വിളിച്ചിരുന്നതായി ഈ കൃതിയിൽ നിന്നു മനസ്സിലാക്കാം. മാർത്തോമ്മായും അദ്ദേഹത്തിൽ നിന്നു പട്ടമേറ്റവരും അൽമായരാണെന്നു സമർത്ഥിച്ചുകൊണ്ടു് ബാവാ ചില പട്ടക്കാരെക്കൊണ്ടു വിവാഹം ചെയ്യിച്ചു. അക്കാലത്തു പുത്തൻകൂറ്റു വൈദികർ അവിവാഹിതരായിരുന്നതുകൊണ്ടത്രേ ബാവാ ഈ വിധത്തിൽ പ്രവർത്തിച്ചതു്. 1685 മുതൽ 1694 വരെ കേരളത്തിൽ താമസിച്ചു് മുളന്തുരുത്തിൽ കബറടങ്ങിയെന്നു മുമ്പു പ്രസ്താവിച്ച മാർ യോഹന്നാനോ വേറെ ആരെങ്കിലുമോ ആയിരിക്കാം ഈ ബാവാ. നാലാം മാർത്തോമ്മായും ഹന്നാ എന്ന കൽദായ വൈദികനും മാർ യോഹന്നാനോടു തർക്കം നടത്തിയെന്നു പ്രസ്താവിച്ചതാണല്ലോ. എങ്കിലും, മേല്പറഞ്ഞ സംഗതികൾ നടന്നതു അഞ്ചാം മാർത്തോമ്മായുടെ കാലത്തായിരുന്നെന്നും വരാം.

അഞ്ചാം മാർത്തോമ്മാ 1765-ൽ കാലം ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയാണു് ആറാം മാർത്തോമ്മാ അഥവാ ഒന്നാം മാർ ദീവന്നാസിയൂസ്.

## ആറാം മാർത്തോമ്മാ അഥവാ
## ഒന്നാം മാർ ദീവന്നാസിയൂസ്.

൧൭൬൫—൧൮൦൮.

ബസേലിയോസ് എന്ന ഒരു കാതോലിക്കായും, മാർ ഗ്രീഗോറിയോസ് മാർ യോഹന്നാൻ എന്ന രണ്ടു മെത്രാന്മാരും 1751-ൽ കേരളത്തിൽ വന്നതായി മുമ്പു പ്രസ്താവിച്ചതാണല്ലോ. കാതോലിക്കായുടെ മരണാനന്തരം 1772-ൽ നിരണത്തുവച്ചു് മാർ ഗ്രീഗോറിയോസ്

---

2) സത്യമതമേതെന്നു തെളിയിക്കുന്ന വേറൊരു കൃതിയുടെ പകർപ്പും ഇവയുടെ കൂടെയുണ്ടു്.

www.malankaralibrary.com

മാർ യോഹന്നാന്റെ സഹകരണത്തോടെ മെത്രാൻപട്ടമുൾപ്പെടെയുള്ള എല്ലാ പട്ടങ്ങളും ആറാം മാർത്തോമ്മായിയ്ക്കു നൽകി. അന്നു മുതൽ ആറാം മാർത്തോമ്മാ ഒന്നാം മാർ ദിവന്നാസിയൂസ് എന്നും വിളിയ്ക്കപ്പെട്ടു.

സാധുവായ പട്ടം സ്വീകരിയ്ക്കുവാൻ വേണ്ടിയാണ് അഞ്ചാം മാർത്തോമ്മാ പ്രസ്തുത മെല്പട്ടക്കാരെ കേരളത്തിൽ വരുത്തിയത്. എന്നാൽ അഞ്ചാം മാർത്തോമ്മായിയ്ക്ക് അവർ പട്ടം കൊടുത്തില്ല. ആറാം മാർത്തോമ്മായേയും പട്ടമേല്പിയ്ക്കുന്നതിൽ അവർ വിമുഖരായിരുന്നു. തനിയ്ക്കു പട്ടം ലഭിച്ചാലല്ലാതെ താൻ അവരുടെ യാത്രച്ചെലവു വഹിയ്ക്കയില്ലെന്നു ആറാം മാർത്തോമ്മാ ശഠിച്ചതുകൊണ്ടു മാത്രമാണ് മാർ ഗ്രീഗോറിയോസ് അദ്ദേഹത്തിനു പട്ടം കൊടുക്കുവാൻ വഴിപ്പെട്ടത്. (Bernard II. p. 179) ശീമയിൽ നിന്നു വരികയോ വരുത്തുകയോ ചെയ്ത യാക്കോബായ മെല്പട്ടക്കാരുടെ മനഃസ്ഥിതി ഇതിൽ നിന്നു ധാരാളം വിശദമാകുന്നുണ്ടല്ലോ. കേരളത്തിൽ ആതോനാപദേശങ്ങൾ പ്രചരിപ്പിയ്ക്കുവാൻ അവർ ബദ്ധശ്രദ്ധരായിരുന്നു.

മാർ ദിവന്നാസിയൂസിന്റെ പ്രതിയോഗിയായിരുന്ന കാട്ടുമങ്ങാട്ടു റമ്പാനെ മാർ കൂറിലോസ് എന്ന അഭിധാനത്തിൽ മെത്രാനായി വാഴിച്ച ശേഷമാണ് 1772-ൽ മാർ ഗ്രീഗോറിയോസ് മുളന്തുരുത്തിയിൽ കബറടങ്ങിയതെന്നു പ്രസ്താവിയ്ക്കേണ്ടതായിട്ടുണ്ടു്. മാർ ഗ്രീഗോറിയോസിന്റെ സഹപ്രവർത്തകനായ മാർ യോഹന്നാൻ 1794-ൽ ചെങ്ങന്നൂർ വച്ചു മരിച്ചു.

തന്റെ പ്രതിയോഗിയായ മാർ കൂറിലോസിനെ സർക്കാർ സഹായത്തോടെ ബ്രിട്ടീഷിലുള്ള അഞ്ഞൂരിലേയ്ക്കു (തൊഴിയൂരിലേയ്ക്കു) മാർ ദിവന്നാസിയൂസ് നാടുകടത്തി. ഇങ്ങനെയാണ് സ്വതന്ത്രയായ അഞ്ഞൂർ സഭയുടെ ഉത്ഭവം. മാർ കൂറിലോസിന്റെ പിൻഗാമികൾ ആ സഭയെ ഭരിച്ചുവരുന്നു.

പട്ടമേല്ക്കുന്നതിനു മുമ്പും ഏറെശേഷവും കത്തോലിയ്ക്കാസഭയുമായി പുനരൈക്യപ്പെടുവാൻ വളരെയധികം പരിശ്രമിച്ചിട്ടുള്ള ഒരാളാണ് ഒന്നാം മാർ ദിവന്നാസിയൂസ്. പ്രോട്ടോനോട്ടറി (Protonotary) എന്ന സ്ഥാനത്തോടെ അദ്ദേഹത്തെ കത്തോലിയ്ക്കാസഭയിൽ സ്വീകരിയ്ക്കാമെന്നും, കീഴുള്ളവരുടെ മേൽ ലൗകികാധികാരം മാത്രം നൽകാമെന്നും 1771 ആഗസ്റ്റ് 31-ാംനു റോമ്മായിൽ തീരുമാനിയ്ക്കപ്പെട്ടു. (The Travancore State Manual II. p. 209) പഴയകൂറ്റുകാരുടെ ഭരണകർത്താക്കൾ വഴി ആറാം മാർത്തോമ്മാ (പട്ടമേല്ക്കുന്നതിനു മുമ്പ്) റോമ്മായിൽ സമർപ്പിച്ച അപേക്ഷയ്ക്കുള്ള മറുപടിയായിരുന്നു ഈ തീരുമാനം.

www.malankaralibrary.com

അദ്ദേഹം സാധുവായി പട്ടമേററ സംഗതി അറിയാതെ, 1774-ൽ റോമ്മാ ചെയ്ത ഒരു നിണ്ണയത്തിൽ "മുടിവച്ച അൽമേനി" (laico mitrato) എന്നു് അദ്ദേഹത്തെ വിളിച്ചിരിയ്ക്കുന്നു. മാനസാന്തരപ്പെടുന്നപക്ഷം, ലൌകികങ്ങളിലുള്ള മേൽനോട്ടമല്ലാതെ ആത്മിയാധികാരം അദ്ദേഹത്തിനു നൽകുന്നതല്ലെന്നും, ഉപജീവനമാഗ്ഗമായി പ്രതിവത്സരം 100 സ്ക്കുദി (squdi) നാണയം അദ്ദേഹത്തിനു കൊടുക്കാമെന്നും ആണു് ആ നിണ്ണയത്തിൽ കാണുന്നതു്. നസ്രാണികൾക്കു സ്വന്ത രീതിയിൽ മേല്പട്ടക്കാരെ കൊടുത്താൽ അവർ മുഴുവനായോ പകുപങ്കായോ കത്തോലിയ്ക്കാ സഭയെ പരിത്യജിയ്ക്കുമെന്നുള്ള ആശങ്കയും ആ നിണ്ണയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. തന്നെയുമല്ല, ഈ കാര്യം സംബന്ധിച്ചു് മാർ ദിവന്നാസിയോസുമായി സംഭാഷണം നടത്തരുതെന്നാണു് വരാപ്പുഴ മേലദ്ധ്യക്ഷനു നൽകിയിരിയ്ക്കുന്ന നിർദ്ദേശം. ഗുണദോഷങ്ങളാലും ഉപദേശത്താലും വരാപ്പുഴ മേലദ്ധ്യക്ഷൻ അദ്ദേഹത്തെ മാനസാന്തരപ്പെടുത്തുവാൻ പരിശ്രമിയ്ക്കേണ്ടതാണു്. മുൻപറഞ്ഞ ലൌകികാധികാരവും ഉപജീവനമാഗ്ഗവും മാനസാന്തരത്തിനുള്ള, സഹായങ്ങൾ മാത്രമായിരിയ്ക്കണം. കേരളത്തിൽ ന്യായവിരുദ്ധമായി പ്രവേശിച്ച ശീശ്മക്കാരനായ ഒരു മെത്രാന്റെ മാനസാന്തരത്തെപ്പററിയും പ്രസ്തുത നിണ്ണയത്തിൽ സൂചന കാണുന്നുണ്ടു്. (circa la conversione del Laico Mitrato Mar Thomas, e del vescovo schismatico, che si e intruso in quella Missione). 1794-ൽ ചെങ്ങന്നൂർ വച്ചു മരണം പ്രാപിച്ചതായി മുമ്പു പറഞ്ഞ മാർ യോഹന്നാനായിരിയ്ക്കാം ശീശ്മക്കാരനായ ഈ മെത്രാൻ. (Analecta O. C. D 1938, p. 162, 163.)

കൊച്ചി, കൊടുങ്ങല്ലൂർ, വരാപ്പുഴ എന്നീ സ്ഥലങ്ങളിലെ വൈദികാധികാരികൾ മാർ ദിവന്നാസിയോസിന്റെ ഉദ്ദേശ്യശുദ്ധിയെപ്പററി സംശയിയ്ക്കുകയും ആ രീതിയിൽ അദ്ദേഹത്തോടു വത്തിയ്ക്കുകയും ചെയ്തിരുന്നു. അദ്ദേഹം വായ്പിളന്നാൽ ഒട്ടകത്തിനു തുല്യനാണെന്നും, അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെപ്പററി തനിയ്ക്കു വലുതായ സംശയമുണ്ടെന്നും, തന്റെ വാർദ്ധക്യപ്രായത്തിൽ അദ്ദേഹത്തിന്റെ കാര്യംകൂടി ഭരമേല്ക്കുവാൻ ആഗ്രഹമില്ലെന്നും ആണു് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ 1773-ൽ പ്രസ്താവിക്കയുണ്ടായതു്. (Bernard II. p. 195).

വൈദികപഠനം പൂത്തിയാക്കി ഉന്നത ബിരുദധാരിയായി റോമ്മായിൽനിന്നു തിരിച്ചുവന്നു് ആലങ്ങാട്ടു സെമിനാരിയിൽ "വേദം" പഠിപ്പിച്ചിരുന്ന കരിയാററിൽ യൌസേഫ് മല്പാനെ മാർ ദിവന്നാസിയോസ് സമീപിച്ചു. തന്റെ ജീവൻ അപകടത്തിലായാലും ഒരിയ്ക്കൽകൂടി താൻ റോമ്മായിയ്ക്കു പോകാമെന്നു മല്പാൻ പറകയും, അങ്ങനെ മല്പാനും പാറേമ്മാക്കൽ തോമ്മാകത്തനാരും കൂടി റോ

www.malankaralibrary.com

ന്മായിയ്ക്കു പുറപ്പെടുകയും ചെയ്തു. വരാപ്പുഴ ഭരണത്തോടു പഴയക്കൂറുകാർ പൊതുവെ അതൃപ്തി പ്രദർശിപ്പിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. തന്നിമിത്തം അവരുടെ യാത്രസംബന്ധിച്ചും മാർ ദിവന്നാസിയോസിൻെറ ഉദ്ദേശ്യശുദ്ധി സംബന്ധിച്ചും ബലമായ സംശയവും പ്രതികൂലാഭിപ്രായവും മിഷ്യനറിമാരിൽ കടന്നുകൂടി. (cf. Analecta O. C. D. 1938, p. 151 sq)

മല്ലാൻവഴി മാർ ദിവന്നാസിയോസു മാർപ്പാപ്പായുടെ പക്കലയച്ച അപേക്ഷയുടെ പഴയ മലയാളവിവർത്തനം ഇവിടെ ഉദ്ധരിക്കാം:—

"ലോകത്തിലുള്ള പള്ളികളൊക്കയുടെയും മാതാവാകുന്നു എന്ന ശുദ്ധ. റോമ്മാ പള്ളിയുടെ തലവനാകുന്ന മിശിഹായുടെ സ്ഥാനത്തിലിരിയ്ക്കുന്ന എത്രയും ശുദ്ധമാക്കപ്പെട്ട ഞങ്ങളുടെ ബാവായും അച്ഛനുമായിരിയ്ക്കുന്ന (6-ാമത്തെ) മാർ പീയോസു പാപ്പായുടെ തിരുമനസ്സിൽ ബോധിപ്പാൻ എഴുതുന്നതു്.

"കെൽപ്പിക്കപ്പെട്ട ദിവന്നാസിയോസു മെത്രാപ്പോലീത്തായായ ഞാൻ മുമ്പിൽ മലയാളത്തിൻെറ തോമ്മാ അപ്പസ്തോലാ എന്നു പേരും കയ്യേററിരുന്നു. ശുദ്ധ. റോമ്മാപ്പള്ളിയുടെ വിശ്വാസത്തിനു പുറമെ കിഴക്കിന്നാട്ടത്ത കൽദായ സുറിയാനിക്കാരുടെയും യാക്കോബായക്കാരുടേയും വിശ്വാസത്തിൽ വിശ്വസിച്ചിരുന്നു. മുമ്പിൽ കൈക്കൊണ്ടിരുന്ന ചെറിയ പട്ടങ്ങളും വലിയ പട്ടങ്ങളും മെത്രാൻെറ സ്ഥാനങ്ങളും പട്ടാങ്ങയുള്ളതല്ലെന്നു ഞാൻ അറികകൊണ്ടും, യാക്കോബായക്കാരൻ മെത്രാപ്പോലീത്തായുടെ കയ്യാലെ പട്ടവും മെത്രാൻെറ സ്ഥാനവും രണ്ടാമതു ഞാൻ കയ്യേൽക്കുകയും ചെയ്തു. ഇപ്പോൾ തമ്പുരാൻെറ കടാക്ഷത്താലും ശുദ്ധ. റോമ്മാ പള്ളിയുടെ സഭക്കൂട്ടത്തിൻെറ അപേക്ഷയാലെയും ശുദ്ധ. റോമ്മാ പള്ളിയുടെ വിശ്വാസമത്രെ പട്ടാങ്ങയുള്ളതാകുന്നൊന്നും ഈ വിശ്വാസം കൈക്കൊള്ളുന്നില്ലാ എന്ന ആത്മാവുകൾ ഒക്കെയ്ക്കും രക്ഷയില്ലെന്നും പട്ടാങ്ങയാലെ ഞാൻ അറികകൊണ്ടും കൊടുങ്ങല്ലൂർ രൂപതയുടെയും കൊച്ചി ഇടവകയുടെയും മേല്പട്ടക്കാരോടു എൻെറ മനസ്സു ഞാൻ പരസ്യപ്പെടുത്തി അറിയിയ്ക്കുകയും ശുദ്ധ. റോമ്മാ പള്ളിയുടെ വിശ്വാസത്തിൽ എന്നെയും എനിയ്ക്കു കീഴ്പ്പെട്ടിരിക്കുന്ന ജനം 50000 പേരോളം ഉള്ളവരെയും ചേർപ്പിക്കണമെന്നും റോമ്മാ വിശ്വസിച്ചിരിയ്ക്കുന്ന പട്ടക്കാരെയും മാപ്പിളമാരെയും പറഞ്ഞറിയിച്ചാറെയും ഈ രൂപതയുടെ യജമാനന്മാരെ എൻെറ അപേക്ഷ കൈക്കൊണ്ടില്ല എന്നു തന്നെയല്ല, മെത്രാ-

www.malankaralibrary.com

പ്പോലീത്താ ആയിരിയ്ക്കുന്നോ ഞാൻ അൎമ്മേനി ആയിരുന്നാം കൊണ്ടു് ശുദ്ധാ പള്ളിയ്ക്കു വഴക്കം ചെയ്യണമെന്നും അവർ പറകയും ചെയ്തു.

"ഇതു കേട്ടാറെ ഇടത്തൂട്ടുകാരിൽ ഒരുത്തൻ ശുദ്ധ. പള്ളിയ്ക്കു വഴക്കം ചെയ്യുവാൻ മനസ്സായാൽ വെളിവോടു കൂടെ അവനെ കൈക്കൊള്ളുവാൻ കാവ്യരെ കൂടെയും മിശിഹായുടെ പഠിത്വത്തിൽ വരുത്തുവാനായിട്ടു അപേക്ഷിച്ചു അച്ചുസുഖത്തിന്റെ സിംഹാസനത്തിൽ നിന്നും യാത്രയാക്കപ്പെട്ട മേല്പട്ടക്കാരെ എന്തുകൊണ്ടു ഈവണ്ണം പറഞ്ഞതെന്നു വിചാരിച്ചാറെ എനിയ്ക്കു വളരെ ദുഃഖമാകയും ചെയ്തു. വിശേഷിച്ചു ഈ മേല്പട്ടക്കാരരുടെയും അവരുടെ പാതിരിമാരുടെ കാരണത്താൽ മലയാളത്തിലുള്ള പട്ടാങ്ങയുള്ള വിശ്വാസക്കാരർക്കു ഏറിയ ഉതപ്പുകളും കുറവുകളും ഉണ്ടാകുകയും ചെയ്യുന്നു. അതെന്തെന്നാൽ ഒരു മേല്പട്ടക്കാരൻ കെട്ടുന്നതു മറെറ മേല്പട്ടക്കാരൻ അഴിയ്ക്കുന്നു. ഒരു മേല്പട്ടക്കാരൻ അഴിയ്ക്കുന്നതു മറെറ മേല്പട്ടക്കാരൻ കെട്ടുന്നു. അവരുടെ നടപടികളുടെ അവസ്ഥ തമ്പുരാൻ തന്നെ അറിഞ്ഞിരിയ്ക്കുന്നു. അങ്ങേ അച്ചുസുഖത്തിൽ ഇതൊക്കെയും ബോധിപ്പിപ്പാൻ എനിയ്ക്കു വളരെ ശങ്കതന്നെയാകുന്നു. ഇതു കാരണത്താൽ ഞാനും ശുദ്ധ. പള്ളിയ്ക്കു വഴക്കമുള്ള മലയാളത്തിലുള്ള പട്ടക്കാരരും വിശ്വാസക്കാരരും കൂടി വിചാരിച്ചു ഞങ്ങളുടെ ആവലാധികളും സങ്കടങ്ങളും ശുദ്ധ സിംഹാസനത്തിങ്കൽ എത്തിയ്ക്കുണ്ടതിനു ഉടയതമ്പുരാന്റെ സഹായത്താലെ അങ്ങേ അച്ചുസുഖം കൈക്കൊണ്ടിരിക്കുന്ന പത്രോസിനടുത്ത സിംഹാസനത്തിന്റെ മുഷ്ക്കരതലത്തിൽ നിന്നു കല്പിച്ചുതരുന്ന ഗുണങ്ങളാലെ ഞങ്ങൾക്കു തണുപ്പും രക്ഷയും ഉണ്ടാകേണ്ടിട്ടും ബ. കരിയാററിൽ യൌസേപ്പു മല്പാനേയും പാറേമ്മാക്കൽ തോമ്മാ കത്തനാരച്ചനെയും ശുദ്ധ. സിംഹാസനത്തിങ്കൽ യാത്രയാക്കുന്നു. കാവ്യരാജാവിന്റെ ഇടയിൽ കിടക്കുന്ന ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരരും ആകകൊണ്ടു് ഞങ്ങൾ പലരുംകൂടി ചിലവിനൊട്ടുത്തു കൊടുത്തത്രേ അങ്ങേ അച്ചുസുഖത്തിങ്കൽ ഇവരെ യാത്രയാക്കുന്നതു്. ഇതിനെക്കൊണ്ടു് കല്പിക്കപ്പെട്ട മെത്രാപ്പോലീത്ത ആയ ദിവന്നാസിയോസായ ഞാൻ അങ്ങേ ശുദ്ധതയോടു അപേക്ഷിക്കുന്നതെന്തെന്നാൽ അങ്ങേ സിംഹാസനത്തിങ്കൽ യാത്രയാക്കുന്ന പട്ടക്കാരര അപേക്ഷിക്കുന്ന അപേക്ഷകൾ കൈക്കൊണ്ടു എന്റെ ദോഷങ്ങളും കുററങ്ങളും പോക്കി എന്നെയും എന്റെ കീഴുള്ള ജനങ്ങളെയും ശുദ്ധ. റോമ്മാപള്ളിയുടെ സഭക്കൂട്ടത്തിൽ കൂട്ടി ഒന്നിപ്പിച്ചുകൊള്ളുകയും വിശേഷിച്ചു ഞങ്ങളുടെ സുറിയാനി പേച്ചുകൾ* കുറവുതീൎത്തു

www.malankaralibrary.com

ഞങ്ങളെ പഠിപ്പിക്കേണ്ടതിന്നു നല്ലവണ്ണം സുറിയാനി അറിയാവുന്നവരിൽ നാലു മല്പാന്മാരെ ഇവരോടുകൂടി അയയ്ക്കയുംവേണം. യജമാനന്മാരുടെ കീഴ്‌വഴങ്ങിച്ചെല്ലുന്ന പട്ടാങ്ങയുള്ള വിശ്വാസക്കാരെ ഒക്കെയും രക്ഷിക്കയും പരിപാലനത്തിനും ഒരു യജമാനനെ കല്പിക്കയുംവേണം. ശേഷം സങ്കടപ്രകാരങ്ങളൊക്കെയും ഞങ്ങളയയ്ക്കുന്ന പട്ടക്കാരര അങ്ങേ അച്ഛ സുഖത്തിങ്കൽ ബോധിപ്പിക്കയും ചെയ്യും. അപ്പോഴൊ അച്ഛന്മാരുടെ അച്ഛനും ഇടയന്മാരുടെ ഇടയനും ആയിരിക്കുന്ന ഞങ്ങളുടെ ബാവായെ, ഇടയനില്ലാത്ത ആടുകളെപോലെയും അച്ഛനില്ലാത്ത അടിയാരെപോലെയും ഞങ്ങളായിരിക്കകൊണ്ടു ഞങ്ങളുടെമേൽ അനുഗ്രഹിച്ചു ഞങ്ങളപേക്ഷിച്ച സഹായങ്ങളൊക്കെയും ഞങ്ങൾക്കു ചെയ്തുതരണമെന്നും വീണ്ടും ഞാൻ അപേക്ഷിക്കുന്നു. നമ്മ അന്വേഷിച്ചു പുറപ്പെട്ട തെളിവാലെ ദോഷത്താളരെ തന്റെ ശിഷ്യകൾ വിളിക്കുന്നു എന്ന മിശിഹായുടെ പകരക്കാരൻ ആയിരിക്കുന്നു എന്ന ഞങ്ങളുടെ ബാവായെ, മിശിഹാതമ്പുരാന്റെ പങ്കപ്പാടുകളെക്കുറിച്ചും കുരിശുമരണത്തെക്കുറിച്ചും മലയാളത്തിലുള്ള ആരുമൊരുമില്ലാത്ത ജനങ്ങളായിരിക്കകൊണ്ടു ഞങ്ങളുടെ അപേക്ഷ കൈക്കൊണ്ടു ഞങ്ങളുടെ ദോഷങ്ങളെപോക്കി ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

1778-ാം കാലം മീനം 19-ാംനു എഴുതി."

(മി. മെക്കൻസിയുടെ Christianity in Travancore എന്ന കൃതിയിലും, മി. ററി. കെ. വേലുപ്പിള്ള തയാറാക്കിയ The Travancore State Manual എന്ന കൃതിയുടെ രണ്ടാം പതിപ്പിലും ഈ അപേക്ഷയുടെ ഇംഗ്ലീഷു വിവർത്തനം കാണാവുന്നതാണ്. എഴുത്തിന്റെ പകർപ്പുകളിലും തർജ്ജമകളിലും കാണുന്ന നിസ്സാരങ്ങളായ പാഠവ്യത്യാസങ്ങൾ കാര്യസാരത്തെ യാതൊരു വിധത്തിലും സ്പർശിക്കുന്നവയല്ല.)

ദീർഘവും, ക്ലേശപൂർണ്ണവും, അപകടകരവുമായ യാത്രകഴിച്ച് (ആഫ്റിക്കാവളഞ്ഞു് തെക്കേ അമേരിക്കയിലെ ബ്രസീൽവഴി ലിസ്ബണിൽകൂടി) മല്പാനും തോമ്മാക്കത്തനാരും, റോമ്മായിലെത്തി. പക്ഷെ അവിടെ അധികാരമുണ്ടായിരുന്നവരാരും അവരെ വിശ്വസിച്ചില്ല. വിരുദ്ധാഭിപ്രായത്തിനായിരുന്നു പ്രാബല്യം. എങ്കിലും വേണ്ട അന്വേഷണങ്ങൾ നടത്തുവാൻ റോമ്മാതീരുമാനിച്ചു. റോമ്മായിൽ നിന്നു പോർട്ടുഗളിന്റെ തലസ്ഥാനമായ ലിസ്ബണിൽ അവർ തിരിച്ചെത്തി. അവർ അവിടെ താമസിക്കവെ, മല്പാൻ കൊട്ട

www.malankaralibrary.com

ങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടു. അവിടെവച്ചു തന്നെ അദ്ദേഹം വാഴ്വുമേററു. ദിവന്നാസിയൂസിന്റെ കാര്യത്തിനായുള്ള പരിശ്രമങ്ങൾ അപ്പോഴും അവർ നടത്തിക്കൊണ്ടിരുന്നു.

റോമ്മായിൽ നിന്നു ആവശ്യപ്പെട്ടപ്രകാരം ഗോവമെത്രാപ്പോലീത്താ മാർ ദിവന്നാസിയൂസിനെപ്പററി അന്വേഷണങ്ങൾ നടത്തുവാൻ 1782-ൽ കൊച്ചീമെത്രാനെ അധികാരപ്പെടുത്തി. തന്റെ കീഴുള്ളവരുടെമേൽ ആത്മീയാധികാരം ലഭിയ്ക്കുവാൻ മാർ ദിവന്നാസിയൂസു നിർബന്ധബുദ്ധിയോടെ അഭിലഷിച്ചിരുന്നെന്നു് കൊച്ചീമെത്രാൻ റിപ്പോർട്ടുചെയ്തു. (മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം, P. 190) മാർ ദിവന്നാസിയൂസു ഉദയംപേരൂർ സൂനഹദോസു സ്വീകരിക്കുവാൻ വിമുഖനാണെന്നും, കത്തോലിയ്ക്കനായാൽ സ്വജനങ്ങൾ അദ്ദേഹത്തെ പരിത്യജിച്ചു അഞ്ചൂർ മെത്രാനെ സ്വീകരിക്കുമെന്നും, വിശുദ്ധ വസ്തുക്കൾ ക്രയവിക്രയം ചെയ്യുന്നവനാണെന്നും മററുമുള്ള പ്രസ്താവനകൾക്കും പുറമെ മല്പാന്റെയും തോമ്മാക്കത്തനാരുടേയും യാത്ര സംബന്ധിച്ചു് തെററുധാരണ വരുത്തുന്ന ചില ഭാഗങ്ങളും റിപ്പോർട്ടിലുണ്ടായിരുന്നെന്നു ചിലർ പറയുന്നു (Bernard II. p. 206, 207) പോർട്ടുഗലിൽ താമസിച്ചിരുന്ന മാർപ്പാപ്പായുടെ പ്രതിപുരുഷന്റെ പേർക്കും കേരളത്തിൽ നിന്നു് എതിരെഴുതി അയച്ചതായി പറയുന്നുണ്ടു് (Ibidem, p. 207)

ഇങ്ങനെ പല അന്വേഷണങ്ങൾ നടത്തുകയും റിപ്പോർട്ടുകൾ പരിശോധിക്കയും ചെയ്തശേഷം, ഗോവ മെത്രാപ്പോലീത്തായുടെ ഒരു പ്രതിപുരുഷനെ അടുത്തു നിറുത്തികൊണ്ടു് മാർ ദിവന്നാസിയൂസിനെ കത്തോലിയ്ക്കാസഭയിൽ സ്വീകരിക്കുവാനുള്ള അധികാരം കരിയാററിൽ മെത്രാപ്പോലീത്തായിക്കു നൽകപ്പെട്ടു. മെത്രാപ്പോലീത്തായും സഹചരനും ബ്രസീൽവഴി കേരളത്തിലേയ്ക്കു തിരിച്ചു (1785)

മെത്രാപ്പോലീത്തായും പാറേമ്മാക്കലച്ചനും മടക്കയാത്ര കഴിയ്ക്കവെ പൌളീനോസു് എന്ന മിഷ്യനറി മാർ ദിവന്നാസിയൂസിനെ സന്ദർശിച്ചു. മാർ ദിവന്നാസിയൂസിനു ഉദ്ദേശ്യശുദ്ധിയില്ലായിരുന്നെന്നും പിൻഗാമിയെ വാഴിയ്ക്കുവാൻ അദ്ദേഹം ആലോചിച്ചിരുന്നെന്നും മററുമാണു് പൌളിനോസു് സ്വാഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നതു്. (Tndia Orientalis Christiana, p. 110)

18-ാം ശതാബ്ദത്തിന്റെ അവസാനത്തിൽ പൌളിനോസു തയാറാക്കിയ ഒരു റിപ്പോർട്ടിലും ഇതേ ആശയങ്ങൾ തന്നെ കാണുന്നുണ്ടു്. (Analecta O. C, D. 1937, p. 258 sq.)

കേരളത്തിൽ വന്നെത്തുന്നതിനു മുമ്പു് "പുനരൈക്യത്തിന്റെ സഹദാ" ആയ കരിയാററിൽ മാർ യൌസേപ്പു്, മെത്രാപ്പോലീത്താ

www.malankaralibrary.com

ഗോവയിൽ വച്ചു് 1786-ൽ അകാലമൃത്യുവിനിരയായി. പകരം അഡ്മിനിസ്ട്രേറ്റർ (ഗൊബ്ബർണദോർ) ആയി നിയമിയ്ക്കപ്പെട്ട പാറേമ്മാക്കൽ തോമ്മാക്കത്തനാർക്കു മാർ ദിവന്നിയാസിയൂസിനെ സ്വീകരിയ്ക്കുവാൻ പ്രയാസങ്ങൾ നേരിട്ടു. അദ്ദേഹം അതിലേയ്ക്കു നിയുക്തനായിരുന്നുമില്ല.

പാറേമ്മാക്കലച്ചന്റെ നേതൃത്വത്തിൽ നിന്നുകൊണ്ടു് പഴയകൂറ്റുകാർ മാർ ദിവന്നാസിയൂസിന്റെ മാനസാന്തരം സംബന്ധിച്ചും മററും മിഷ്യനറിമാരുടെ നേരെ വലിയ അതൃപ്തി പ്രദർശിപ്പിച്ചു. എന്നാൽ മാർ ദിവന്നാസിയൂസിന്റെ മാനസാന്തരത്തിനു തങ്ങൾ യാതൊരു പ്രതിബന്ധവും ചെയ്തില്ലെന്നു മിഷ്യനറിമാർ വാദിച്ചു. തിരുവിതാംകൂർ രാജാവിന്റെ മന്ത്രിയുടെ മുമ്പിൽ വച്ചു് മിഷ്യനറിമാരുടെ വാദം തെളിഞ്ഞതായി അവർ രേഖപ്പെടുത്തിയിട്ടുണ്ടു്. (Analecta, O. C. D. 1933, p. 217).

തന്നെ മെത്രാനായി സ്വീകരിയ്ക്കാമെന്നു വാഗ്ദാനം ചെയ്തിരുന്ന കരിയാററിമല്പാനും പാറേമ്മാക്കലച്ചനും ആ കാര്യം മറന്നു് അവരെത്തന്നെ മെത്രാന്മാരാകുവാൻ ശ്രമിയ്ക്കയത്രേ ചെയ്തതെന്നും, തന്നേയും തന്റെ സഹോദരീപുത്രനേയും പഴയകൂററുകാരുടേയും പുത്തൻകൂററുകാരുടേയും മെത്രാന്മാരാക്കാത്തപക്ഷം രാജാവിന്റെ നിർബന്ധമുണ്ടായാൽ പോലും അവിശ്വസ്തരായ കത്തോലിയ്ക്കരോടു യോജിയ്ക്കുന്നതല്ലെന്നും മാർ ദിവന്നാസിയൂസു പ്രസ്താവിച്ചിരുന്നതായി മിഷ്യനറിമാരുടെ ഒരു റിപ്പോർട്ടിൽ കാണുന്നു. (Analecta O. C. D. 1938, p. 217).

മാർ ദിവന്നാസിയൂസും അദ്ദേഹത്തിന്റെ പട്ടക്കാരിൽ പ്രധാനപ്പെട്ടവരും കത്തോലിയ്ക്കാ സഭയിൽ സാഹ്ലാദം സ്വീകരിയ്ക്കപ്പെടുവാൻ തന്നെ സമീപിച്ചെങ്കിലും പഴയകൂററുകാരേയും പുത്തൻകൂററുകാരേയും ഭരിയ്ക്കണമെന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നതായി കൊല്ലത്തു നടന്ന ഒരു സമ്മേളനത്തിൽ വച്ചു് വെളിപ്പെടുക നിമിത്തം അനന്തരനടപടികൾ യാതൊന്നുമുണ്ടായില്ലാ എന്നു് 1796 സെപ്റ്റംബർ 19-ൽ കൊച്ചീമെത്രാൻ രേഖപ്പെടുത്തിയിരിയ്ക്കുന്നു. (മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം, p, 190).

പഴയകൂററുകാരനായ തച്ചിൽ മാത്തുതരകൻ മുമ്പോട്ടിറങ്ങി. തിരിച്ചു പോയാൽ സർക്കാരിൽ പിഴയൊടുക്കിക്കൊള്ളാമെന്ന വ്യവസ്ഥയോടെ തത്തമ്പള്ളിയിൽ വച്ചു ഒന്നാം മാർ ദിവന്നാസിയൂസു് 1799-ൽ കത്തോലിയ്ക്കാസഭയുമായി പുനരൈക്യപ്പെട്ടു. അതിനു പ്രാരംഭമായി പുത്തൻകൂററുകാരും പഴയകൂററുകാരും കൂടി ആലപ്പുഴെ വച്ചു ഒപ്പിട്ട പടിയോലയുടെ പകർപ്പു് ഇവിടെ ഉദ്ധരിയ്ക്കാം:—

www.malankaralibrary.com

"...നമ്മുടെ കാരണവന്മാരായിട്ടു ശുദ്ധ. മാപ്പാപ്പായെ കീഴ്‌വഴങ്ങി ഈശോമിശിഹായുടെ 1599-ാം കാലത്താളവും റോമ്മാപള്ളിയ്ക്ക വഴക്കമുള്ള കൽദായ സുറിയാനിക്കാരുടെ ക്രമം പോലെ നാം എല്ലാവരും അനുസരിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ നിന്നും റോമ്മാ വഴക്കമുള്ള മേല്പട്ടക്കാരര മലയാളത്തിൽ വരാഴികകൊണ്ടും നമ്മുടെ മേല്പട്ടക്കാർ ഇല്ലാതിരിയ്ക്കുമ്പോൾ ഗോവയുടെ മാർ അല്ലേസോസു മെത്രാപ്പോലീത്താ മാപ്പാപ്പായുടെ കല്പനയാലെ മലങ്കരെ വന്നു ഉദയമ്പേരൂർ സൂനഹദോസു കൂട്ടി കല്പിച്ചിരിയ്ക്കുന്ന പ്രകാരം 1652-ാം കാലത്തോളം നാം എല്ലാവരും ഏകോൽഭവിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ ഒരു മേല്പട്ടക്കാരൻ വന്നാറെ സമ്പാളൂക്കാർ അന്നു കൊച്ചികോട്ടയിൽ പ്രമാണമായിരിയ്ക്കുന്ന പരങ്കികളെ സ്വാധീനമാക്കി അപായം വരുത്തുകകൊണ്ടു മലങ്കര ഇടവകക്കാര എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കൂടി സമ്പാളൂക്കാരെ ജാതിയജമാനന്മാരായിട്ടു കൈക്കൊള്ളുകയില്ലെന്നു സത്യവും ചെയ്തു. ഇങ്ങനെ ആലങ്ങാട്ടു പള്ളിയിൽ വച്ചു മേല്പട്ടക്കാരരു കൂടാതെ യോഗമായിട്ടു തോമ്മാ അർക്കദിയാക്കോനെ മെത്രാനായിട്ടു വാഴിച്ചതിന്റെ ശേഷം ഓരോരൊ കർമ്മങ്ങൾ കൊണ്ടു വിവാദിച്ചു രണ്ടു തലസ്ഥാനമായിട്ടും രണ്ടു ക്രമമായിട്ടും നടന്നുവരുമ്പോൾ മുമ്പെ നമ്മുടെ കാരണവന്മാർ ഏകോൽഭവിച്ചു നടന്നു വന്നാതിന്മണ്ണം, ശുദ്ധ. മാപ്പാപ്പായെ കീഴ്‌വഴങ്ങി ഉദയമ്പേരൂർ സൂനഹദോസിൽ കല്പിച്ചതിന്മണ്ണം കുർബാനയും നമസ്കാരവും നോയമ്പും ശേഷം കാര്യങ്ങളും ക്രമങ്ങളും നാം രണ്ടുകൂറുംപുറത്തുള്ളവരും ഒന്നായിട്ട് അനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണവും, ശുദ്ധ. മാപ്പാപ്പായുടെ തിരുമനസ്സറിയിച്ച അനുവാദം വരുത്തികൊണ്ടു ശുദ്ധ. റോമ്മാപ്പള്ളിയ്ക്കു വഴക്കമുള്ള കൽദായ സുറിയാനിക്രമം പോലെ എല്ലാകാര്യങ്ങളും നടന്നുകൊള്ളത്തക്കവണ്ണവും, ഇപ്പോൾ യാക്കോബായക്കാരരുടെ വിശ്വാസവും ക്രമവും എടുത്തു നടന്നു വരുന്നതു് ഉപേക്ഷിച്ചു ഉർബാനോസ് എന്ന 8-ാമത്തെ മാപ്പാപ്പായുടെ കാലത്തിൽ കിഴക്കിന്നാട്ടത്ത പള്ളിക്കാർക്കു കല്പിച്ചിരിയ്ക്കുന്ന വിശ്വാസസത്യത്തിനു തക്കവണ്ണം അനുസരിച്ചു സത്യവും ചെയ്തു മാപ്പാപ്പായുടെ കല്പന പോലെ വഴങ്ങി നടന്നുകൊള്ളുമാറും സമ്മതിച്ചു മിശിഹാ പിറന്നിട്ടു 1799-ാം കാലം പഴയ കണക്കിൽ ഇടവമാസം 20-ാം നു ആലപ്പുഴ മാർ സ്ലീബാപള്ളിയിൽ വച്ചു ബാവായുടേയും പുത്രന്റേയും റൂഹാദ്കുദ്ശായുടേയും നാമത്താലെ രണ്ടുകൂറുംപുറത്തുള്ള പള്ളിക്കാരരും കൂടി സത്യമായിട്ടു എഴുതിവച്ച പടിയോല".

(മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം, p, 200)

ഉദയമ്പേരൂർ സൂനഹദോസു സ്വീകരിച്ചുകൊള്ളാമെന്നു മാർ ദിവന്നാസിയോസ് ഇവിടെ സമ്മതിയ്ക്കുന്നുണ്ട്.

www.malankaralibrary.com

സമ്പാളൂക്കാർ, പൌലിസ്തർ എന്നെല്ലാം പറയുന്നവർ പോർട്ടുഗീസുകാരായ ഈശോസഭാംഗങ്ങളാണ്. അവരാണല്ലൊ ഉദയമ്പേരൂർ സൂനഹദോസിന്റെ ശേഷം സുറിയാനിക്കാരെ ഭരിച്ചിരുന്നത്.

മാർ ദിവന്നാസിയോസും കീഴുള്ള പള്ളിക്കാരും, മാർപ്പാപ്പായുടെ കീഴിൽ നിൽക്കുന്ന കൽദായ പാത്രിയക്കീസിനാൽ നിയുക്തനായ അബ്രഹാം മെത്രാനും, കൊടുങ്ങല്ലൂർ ഭരണാധികാരിയും കീഴുള്ള പള്ളിക്കാരും, പാത്രിയക്കീസിന്റെ പ്രതിപുരുഷനായ ഉറമീസു കശീശായും കൂടി "ദൈവകൃപയാലും വിശുദ്ധ റോമ്മാ സഭയുടെ കല്പനയാലും" ആലോചിച്ചു തീരുമാനിക്കുന്നത് എന്നു പ്രസ്താവിച്ചുകൊണ്ടാണ് പടിയോല ആരംഭിക്കുന്നത്. (The Catholicity of the St. Thomas Christians, p. 19—21).

(പാറേമ്മാക്കലച്ചനല്ലായിരുന്നു അന്നത്തെ കൊടുങ്ങല്ലൂർ ഭരണാധികാരി. പടിയോലയെഴുതിയതിനു കുറെ മുമ്പ് 1799 മാർച്ച് 20-ാം൹ അദ്ദേഹം നിയുക്തനായി. അദ്ദേഹത്തെ മെത്രാനാക്കുവാൻ പഴയകൂറുകാർ ചെയ്ത ശ്രമം സഫലമായില്ല. അദ്ദേഹത്തെ മെത്രാനാക്കിയാൽ ശിസ്മക്കാരനായ അർക്കദിയാക്കോൻ പണ്ടു ചെയ്തതുപോലെ അദ്ദേഹം ലത്തീൻകാരിൽ നിന്നു മാറിനിൽക്കുമെന്നു റോമായിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. (Analecta O. C. D. 1937, p. 269) അദ്ദേഹത്തിന്റെ ഭരണകാലത്തു പുത്തൻചിറക്കാരൻ പണ്ടാരി പൌലോസു കൽദായ പാത്രിയക്കീസിൽ നിന്നു മെത്രാൻ പട്ടം സ്വീകരിച്ചു കേരളത്തിൽ താമസിച്ചിരുന്നു. എന്നാൽ പാറേമ്മാക്കലച്ചൻ പൌലോസു മെത്രാനെക്കൊണ്ടു മെത്രാന്റെയാതൊരു പ്രവൃത്തിയും ചെയ്യിച്ചിരുന്നില്ല. പൌലോസു മെത്രാൻവഴിയുണ്ടായ കൽദായ ബന്ധം നിമിത്തമായിരിക്കാം കൽദായക്കാർക്കും പടിയോലയിൽ സ്ഥാനം ലഭിച്ചത്. പൌലോസുമെത്രാൻ തന്നെയാണൊ പടിയോലയിൽ കാണുന്ന അബ്രാഹം മെത്രാൻ? പാറേമ്മാക്കലച്ചൻ ഭരിച്ചുടനെ കൊടുങ്ങല്ലൂർ ഭരണം സംബന്ധിച്ചു ചില കുഴപ്പങ്ങളുണ്ടായി. കൊടുങ്ങല്ലൂർ ഭരണാധികാരിയായി പ്രത്യക്ഷപ്പെട്ട കട്ടക്കയത്തിൽ അബ്രാഹം മല്പാനെ പൌലോസു മെത്രാൻ അനുഗമിച്ചു. ആ അവസരത്തിൽ പൌലോസു മെത്രാൻ കുറെപ്പേർക്കു പട്ടം കൊടുത്തു. മാത്തുതരകൻ ഇവരുടെ കക്ഷിയായിരുന്നു. കൊച്ചിയിലെയും കൊടുങ്ങല്ലൂരെയും അഡ്മിനിസ്റ്റ്രേറ്റർ (ഗോവർണ്ണദോർ) ആയിവന്ന റിബാമർ (തൊറയ്ക്കൽ) ശങ്കുരിക്കൽ ഗീവറുഗീസു കത്തനാരെ 1800-ൽ തന്റെ പ്രതിപുരുഷനും കൊടുങ്ങല്ലൂർ ഭരണകർത്താവും ആയി നിയമിച്ചു. ഇതോടെ 1801-ൽ മുൻപറഞ്ഞ കുഴപ്പങ്ങളെല്ലാം അവസാനിച്ചു. പാറേമ്മാക്കലച്ചന്റെ ഭരണകാലത്തു പഴയകൂറുകാരെല്ലാം അദ്ദേഹത്തിന്റെ കീഴായിരുന്നു. അദ്ദേഹത്തിന്റെ മരണാനന്തരം അവർ വീണ്ടും കൊടുങ്ങല്ലൂർക്കീഴും വരാപ്പുഴക്കീഴും ചേർന്നു.)

www.malankaralibrary.com

പടിയോലയെഴുതിയശേഷം ഒരു മാസം കഴിഞ്ഞു് അതായതു 1799 ജൂൺ 21-ാംനു- തത്തമ്പള്ളി മാർ മിഖായേൽപ്പള്ളിയിൽ വച്ചു് മാർ ദിവന്നാസിയൂസും അനുയായികളും കത്തോലിയ്ക്കരായി.

സത്യവിശ്വാസത്താൽ പ്രചോദിതനായിട്ടല്ല മാർ ദിവന്നാസിയൂസു പുനരൈക്യപ്പെട്ടതെന്നു പലരും പറയുന്നുണ്ടു്. തിരുവിതാംകൂർ സർക്കാരിൽ ഒരു വലിയ സംഖ്യ അദ്ദേഹം അടയ്ക്കേണ്ടതായുണ്ടായിരുന്നു. മാത്തുതരകന്റെ സ്വാധീനശക്തി നിമിത്തം അദ്ദേഹം അതിൽനിന്നു ഒഴിവാക്കപ്പെട്ടു. എങ്കിലും കത്തോലിയ്ക്കാസഭയിൽ നിന്നു പിരിഞ്ഞുപോകുന്നപക്ഷം ആ സംഖ്യ പിഴയായി ഒടുക്കണമെന്നായിരുന്നു വ്യവസ്ഥ. ഇങ്ങനെ പണബാദ്ധ്യതയിൽ നിന്നു വിമുക്തനായതാണു് പുനരൈക്യത്തിനുള്ള കാരണമെന്നു ചിലർ പറയുന്നു.

മാത്തുതരകൻ അദ്ദേഹത്തെ ആലപ്പുഴ കൊണ്ടുപോയി ബന്തവസ്സിൽ വച്ചുകൊണ്ടു് അദ്ദേഹം കത്തോലിയ്ക്കാമതം സ്വീകരിച്ചുപോയതാണെന്നത്രേ മി. ഇ. എം. പീലിപ്പോസിന്റെ പ്രസ്താവന (മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻസഭ, p. 179—180). ഈ പ്രസ്താവനയും മാർ ദിവന്നാസിയൂസിന്റെ ചരിത്രവും തമ്മിൽ യോജിയ്ക്കുന്നില്ല. സമകാലികങ്ങളായ രേഖകൾ ആ സംഗതിയെപ്പററി പ്രതിപാദിയ്ക്കുന്നുമില്ല. 1799 ഇടവം 30-ാംനു- മാർ ദിവന്നാസിയൂസ് തത്തമ്പള്ളിയിൽ കുർബാന ചൊല്ലിയെന്നാണു് മി. പീലിപ്പോസു പറയുന്നതു്. സർക്കാരിൽ അടയ്ക്കേണ്ടിയിരുന്ന പണത്തിന്റെ കാര്യവും മി. പീലിപ്പോസു വിട്ടുകളയുന്നില്ല.

പഴയകൂറുകാരുടേയും പുത്തൻകൂറുകാരുടേയും മെത്രാനാകാമെന്നുള്ള അഭിവാഞ്ഛ അദ്ദേഹത്തെ കത്തോലിയ്ക്കനാക്കിയെന്നത്രേ വേറെ ചിലരുടെ അഭിമതം. അക്കാലത്തു പഴയകൂറുകാർക്കു് വരാപ്പുഴ ഭരണത്തോടു തൃപ്തിയില്ലായിരുന്നു. പാറേമ്മാക്കലച്ചൻ കൊടുങ്ങല്ലൂർ രൂപതയെ ഭരിച്ചിരുന്നപ്പോൾ പഴയകൂറുകാരെല്ലാവരും അദ്ദേഹത്തിന്റെ കീഴിൽ നിന്നിരുന്നു. അദ്ദേഹത്തെ മെത്രാനാക്കുവാനുള്ള അവരുടെ ശ്രമം വിഫലമായി. അതു നല്ല തരമെന്നു കരുതി “കലങ്ങിയ വെള്ളത്തിൽ മീൻ പിടിയ്ക്കുവാന”ത്രേ അദ്ദേഹം കത്തോലിയ്ക്കനായതെന്നാ ഇപ്പോൾ പറഞ്ഞ ഗണത്തിൽ പെട്ടവർ അഭിപ്രായപ്പെടുന്നു. പഴയകൂറുകാർ പലവിധത്തിൽ കലഹിച്ചിരുന്ന ഒരു കാലമായിരുന്നു അതു്. മി. ഇ. എം. പീലിപ്പോസിന്റെ പ്രസ്താവനയിൽ ഈ സംഗതിയും സൂചിപ്പിച്ചിട്ടുണ്ടു്.

മഹാനെന്നു കരുതപ്പെടുന്ന ഒന്നാം മാർ ദിവന്നാസിയൂസ് ഈ പറഞ്ഞ ഏതെങ്കിലും കാരണത്താലാണു് കത്തോലിയ്ക്കനായതെങ്കിൽ അദ്ദേഹം വാസ്തവത്തിൽ ഒരു മഹാനല്ലായിരുന്നു.

www.malankaralibrary.com

എങ്ങനെയായാലും തത്തമ്പള്ളിയിൽ വച്ചു നടന്ന പുനരൈക്യം ആറുമാസത്തിൽ കൂടുതൽ നീണ്ടുനിന്നില്ല. മാർ ദിവന്നാസിയൂസ് പുത്തൻകൂററിലേയ്ക്കുതന്നെ തിരിച്ചുപോയി. സർക്കാരിൽ പിഴ ഒടുക്കുകയും ചെയ്തു. (3)

തൻെറ കപടോദ്ദേശ്യം സഫലമാവുകയില്ലെന്നു കണ്ടതിനാൽ അദ്ദേഹം കത്തോലിക്കാ സഭയുപേക്ഷിച്ചെന്നു ചിലരും, കൊച്ചീമെത്രാൻ അദ്ദേഹത്തെ ഒരു മെത്രാൻെറ നിലയിൽ സ്വീകരിക്കുകയില്ലെന്നു ശഠിച്ചതിനാലത്രേ അദ്ദേഹം സഭ വിട്ടതെന്നു വേറെ ചിലരും പ്രസ്താവിയ്ക്കുന്നു. (Bernard II' p. 241) ഏതായാലും, മാർ ദിവന്നാസിയൂസിനു വീരോചിതമായ വിശ്വാസം (heroic faith) ഇല്ലായിരുന്നൊന്നു നിശ്ചയമാണു്.

"കേരളത്തിലെ സത്യവേദചരിത്രം" എന്ന തൻെറ കൃതിയിൽ (p. 251) അഭിവന്ദ്യ മർസ്ലീനോസു മിഷ്യനറി (പിന്നീടു മെത്രാൻ) ഇങ്ങനെ പറയുന്നു:—

"ആയാണ്ടിൽ തന്നെ ധനുമാസത്തിൽ മാർ തോമ്മാ (ഒന്നാം മാർ ദിവന്നാസിയൂസ്) മുതൽപേരു ആഗ്രഹിച്ചിരുന്ന സ്ഥാനമാനങ്ങളെയും അധികാരങ്ങളെയും കിട്ടാഞ്ഞതിനാലോ എന്തുകൊണ്ടോ തിരിയുന്നില്ല, മുമ്പിലത്തെപോലെ നടപ്പാനും തത്തമ്പള്ളിയിൽ ചെയ്ത ഉടമ്പടിയുടെ കടത്തിൽനിന്നു അഴിയപ്പെടുവാനും മഹാരാജാവിനെ ബോധിപ്പിച്ചു. കടശി മുപ്പതിനായിരം രൂപാ വീട്ടികൊണ്ടു്, മാപ്പു കിട്ടി പോരുകയും ചെയ്തു, എന്നാൽ മാർ തോമ്മാ മുമ്പിലത്തെപോലെ യാക്കോബായക്കാരുടെ മെത്രാപ്പോലീത്തായാകുന്നതിനു വേണ്ടി നാല്പതു ദിവസം അടുപ്പിച്ചു പന്ത്രണ്ടു കത്തങ്ങാർ കുർബാന ചൊല്ലുകയും കുർബാന കഴിഞ്ഞിട്ടു് ആ പന്ത്രണ്ടുപേര മാർതോമ്മായുടെ തലയിൽ കൈവെക്കയും ചെയ്വാൻ ആവശ്യമെന്ന യാക്കോബായക്കാർ

---

(3) വെട്ടിക്കുന്നൻ എന്നൊരു പട്ടക്കാരൻ പത്തീറാ കൈക്കൊണ്ടു് (കത്തോലിക്കനായി) പഴയകൂററുകാരോടുകൂടി കുറെനാളു നടന്നശേഷം മതമുപേക്ഷിച്ചു് ഇരുകൂട്ടരും കൂടി എഴുതിവച്ച പടിയോലയുടെ അസൽ എടുത്തു മാററികളഞ്ഞതായി ഒരു പാട്ടുണ്ടു്. അതിങ്ങനെയാണു്:—"വെട്ടിക്കുന്നാ മിടുമിടുക്കാ = പത്തീറായും കൈക്കൊണ്ടു് = മതവും വിററുതിന്നിട്ടു = പടിയോലയും കൊണ്ടു് അങ്ങോട്ടു്"—ഈ പാട്ടു് പുലിക്കോട്ടിൽ മാർ ദിവന്നാസിയൂസു പാടാറുണ്ടായിരുന്നെന്നും അദ്ദേഹത്തിൽ നിന്നു താൻ പഠിച്ചതാണെന്നും പന്തളം പമ്പുരേത്തു ബ: ചാണ്ടപ്പിള്ള കത്തനാർ പറഞ്ഞറിഞ്ഞിട്ടുണ്ടു്.

www.malankaralibrary.com

പറകകൊണ്ടു് മാർ തോമ്മാ സമ്മതിച്ചു, മേൽ ചൊല്ലിയ നാല്പത ദിവസത്തെ കർമ്മം കഴിഞ്ഞപ്പോൾ മുമ്പിലത്തെപോലെ മെത്രാപ്പോലീത്തയായി കൈക്കൊള്ളപ്പെട്ടു....".

കത്തോലിയ്ക്കാസഭയിൽ നിന്നു പിരിഞ്ഞുപോയശേഷം മാർ ദിവന്നാസിയൂസ്സ് പ്രോട്ടസ്റ്റൻറുകാരായ സി. എം. എസ്. മിഷ്യനറിമാരുടെ ഇഷ്ടനായി വർത്തിച്ചു തുടങ്ങി. അദ്ദേഹത്തിൻെറ കാലത്തുതന്നെ നമ്മുടെ ഭിന്നസഹോദരങ്ങളുടെയിടയിൽ അവർ മിഷ്യൻ ജോലിയാരംഭിച്ചു. ബ്രിട്ടീഷ് ശക്തി പ്രബലമായി വന്നിരുന്നതുകൊണ്ടായിരിയ്ക്കാം മാർ ദിവന്നാസിയൂസ്സ് സി. എം. എസ്സുകാരെ സമീപിച്ചതു്. അദ്ദേഹം യാക്കോബായ പാത്രിയക്കീസിനെ അശേഷം വിസ്മരിച്ചുകളഞ്ഞതായി തോന്നുന്നു. പാത്രിയക്കീസിൻെറ പക്കൽ നിന്നു് 1807-ൽ പണപ്പിരിവിനായി വന്ന ഒരു മാർ ദീയസ്കോറോസിനെ സർക്കാർ സഹായത്തോടെ അദ്ദേഹം നാടുകടത്തി. (Bernard II, p. 368) കൂടാതെയും, തൻെറ സഹോദരപുത്രനെ താൻ തന്നെ തൻെറ പിൻഗാമിയായി വാഴിയ്ക്കുക കൂടി ചെയ്തു. ഇങ്ങനെ വാഴിയ്ക്കപ്പെട്ട ദേഹമാണു് ഏഴാം മാർത്തോമ്മാ.

ഒന്നാം മാർ ദിവന്നാസിയൂസ്സ് 1808-ൽ നിരണത്തുവച്ചു മരിയ്ക്കയും ചെങ്ങന്നൂർ സമീപം പുത്തൻകാവു പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. പുനരൈക്യത്തെ ലാക്കാക്കി പരിശ്രമിച്ച പുത്തൻകൂറുകാരും പഴയകൂറുകാരും അദ്ദേഹംനിമിത്തം എത്ര വലിയ ക്ലേശങ്ങളും മനോവ്യഥയും സഹിച്ചിട്ടുണ്ടെന്നു പറയുന്നതിനേക്കാൾ ഊഹിയ്ക്കയാണുത്തമം.

(ഒന്നാം മാർ ദിവന്നാസ്യൂസിൻെറ ചരിത്രത്തിലെ ചില പ്രധാന സംഗതികൾ മാത്രമേ ചുരുക്കത്തിൽ ഇവിടെ വിവരിച്ചിട്ടുള്ളു. കരിയാററിൽ മല്പാനും തോമ്മാക്കത്തനാരും റോമയ്ക്കു പുറപ്പെട്ടശേഷം കേരളത്തിൽ നടന്ന സംഭവങ്ങൾ, മാർ ദിവന്നാസിയൂസിൻെറ കാര്യത്തിൽ സുറിയാനിയ്ക്കാർ (പ്രത്യേകം പഴയകൂറുകാർ) തുടന്നു നടത്തിയ പരിശ്രമങ്ങൾ,, റോമ്മായിലേയ്ക്കും പോർട്ടുഗളിലേയ്ക്കും അവരയച്ച എഴുത്തുകൾ ഇങ്ങനെ പല സംഗതികളും ഇവിടെ വിട്ടുകളയുന്നു.)

## ൭-ാമത്തേയും ൮-ാമത്തേയും ൯-ാമത്തേയും മാത്തോമ്മാമാർ ൧൮൦൮—൧൮൧൭.

ഒന്നാം മാർ ദിവന്നാസിയൂസിൽ നിന്നു മെത്രാൻ പട്ടം സ്വീകരിച്ച ഏഴാം മാർത്തോമ്മാ എട്ടാം മാർത്തോമ്മായേയും, എട്ടാം മാർത്തോമ്മാ ഒമ്പതാം മാർത്തോമ്മായേയും മെത്രാന്മാരായി വാഴിച്ചു. ഇവരുടെ കാലത്തു പുനരൈക്യം സംബന്ധിച്ചു വിശേഷാൽ യാതൊ

www.malankaralibrary.com

നും നടന്നതായി രേഖയില്ല. സി. എം. എസ് കാരുടെ ശക്തി യാക്കോബായ സഹോദരന്മാരുടെയിടയിൽ വ്യാപിച്ചുതുടങ്ങിയതായിരിയ്ക്കാം ഇതിനൊരു കാരണം.

ഈസ്റ്റിൻഡ്യാകമ്പനിയിൽ റസിഡൻറ മെക്കാളെ 8 പലിശയ്ക്കിട്ട 3000 പൂവരാഹൻെറ ആധാരം 8-ാം മാർത്തോമ്മായെ ഏല്പിച്ചുകൊടുത്തു. ഇതാണല്ലോ. "വട്ടിപ്പണം"

## ൨-ാമത്തേയും ൩-ാമത്തേയും ൪-ാമത്തേയും മാർ ദിവന്നാസിയൂസുമാർ.

### ൧൮൧൬—൧൮൫൫.

1815-ൽ അന്നത്തെ അഞ്ഞൂർ മെത്രാനായിരുന്ന മാർ ഫിലക്സീനിസിൽ നിന്നു് ഇട്ടൂപ്പുറമ്പാൻ രണ്ടാം മാർ ദിവന്നാസിയൂസു എന്ന പേരിൽ മെത്രാൻ പട്ടം സ്വീകരിച്ചു് സർക്കാർ സഹായത്തോടെ 9-ാം മാർത്തോമ്മായെ സ്ഥാനഭ്രംശം ചെയ്തു. 1818-ൽ രണ്ടാം മാർ ദിവന്നാസിയൂസിൻെറ പിൻഗാമിയായി മൂന്നാം മാർദിവന്നാസിയൂസും 1825-ൽ അദ്ദേഹത്തിൻെറ പിൻഗാമിയായി നാലാം മാർ ദിവന്നാസിയൂസും അഞ്ഞൂർ മെത്രാനാൽതന്നെ അഭിഷേചനം ചെയ്യപ്പെട്ടു. രണ്ടാം മാർ ദിവന്നാസിയൂസു പണിയിച്ചതാണ് കോട്ടയം പഴയ സെമിനരി.

ഈ മാർ ദിവന്നാസിയൂസുമാരുടെ കാലത്തും പുനരൈക്യം സംബന്ധമായി വിശേഷാൽ യാതൊന്നും നടന്നില്ല. മൂന്നാം മാർ ദിവന്നാസിയൂസു കത്തോലിയ്ക്കരോടു വളരെ അനുഭാവമുള്ളവനായിരുന്നെന്നു കേട്ടിട്ടുണ്ടു്. എന്നാൽ സി. എം. എസ് കാരുടെ ആലോചനപോലെ സഭാകാര്യങ്ങൾ നവീകരിയ്ക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. പട്ടക്കാർ വിവാഹം കഴിക്കണം, ആരാധനക്രമങ്ങൾ മലയാളത്തിലാക്കണം എന്നെല്ലാം സി. എം. എസ് കാർ നിർബന്ധിച്ചു. മെത്രാനും വിവാഹം കഴിക്കണമെന്നായിരുന്നു അവരുടെ ശാഠ്യം. ധനസഹായം വാഗ്ദാനം ചെയ്തുകൊണ്ടു് 1818-നും 1820-നും ഇടയ്ക്കു് അന്നുണ്ടായിരുന്ന 150 പട്ടക്കാരിൽ 40 പേർ വിവാഹം ചെയ്തു. പഴയകൂറുകാരുടെ ചില പള്ളികൾ കൈവശപ്പെടുത്തികൊടുത്താൽ താനും വിവാഹം ചെയ്യാമെന്നു മൂന്നാം മാർ ദിവന്നാസിയൂസു പറകയുണ്ടായി. പക്ഷെ അതു നടന്നില്ല. കുർബാന സമയത്തു വായിയ്ക്കുന്ന വേദപുസ്തക ഭാഗങ്ങൾ മാത്രമേ അന്നു മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടുള്ളു. സി. എം. എസ് കാർ വഴി ധാരാളം പണസഹായവും ഉദ്യോഗങ്ങളും പുത്തൻകൂറുകാർക്കു ലഭിച്ചിരുന്നു. —(Bernard II p. 373 sq.)

www.malankaralibrary.com

നാലാം മാർ ദിവന്നാസിയ്യൂസിന്റെ കാലത്തു സി. എം. എസ് കാരുമായുള്ള സൗഹാർദ്ദം അശേഷം നശിച്ചു. അവർ വിശ്വാസത്തിൽ വരുത്തിയ വ്യത്യാസമാണ് അതിനു പ്രധാന കാരണം. സി. എം. എസ് കാരിൽനിന്നു സ്വയം രക്ഷപെടുവാൻ നാലാം മാർ ദിവന്നാസിയ്യൂസ് യാക്കോബായ പാത്രിയർക്കീസിന്റെ പക്കൽനിന്നു ഒരു മാർ അത്തനാസിയ്യൂസിനെ 1825-ൽ വരുത്തിയെങ്കിലും, അധികാരഭ്രമം ഹേതുവാൽ 1826-ൽ സർക്കാരിൽ നിന്നു അദ്ദേഹം (മാർ അത്തനാസിയ്യൂസ്) നാടുകടത്തപ്പെട്ടു. അദ്ദേഹത്തെ അനുഗമിച്ച പട്ടക്കാർ പിഴ ഒടുക്കേണ്ടതായും വന്നു.

പ്രസ്തുത മാർ അത്തനാസിയ്യൂസിനെ വരുത്തിയതു മുതലാണ് കേരളീയ യാക്കോബായക്കാർ യാക്കോബായ പാത്രിയർക്കീസിന്റെ അധികാരത്തെ കാര്യമായ വിധത്തിൽ ആശ്രയിച്ചു തുടങ്ങിയതു്. അതിനു മുമ്പു് സാധുവായ പട്ടം ലഭിയ്ക്കുന്നതിലേയ്ക്കു പാത്രിയർക്കീസിനെ ആശ്രയിച്ച അവസരത്തിൽ "തങ്ങളുടെ തലവൻ" എന്നു് ചില മാർത്തോമ്മാമാർ അദ്ദേഹത്തെ സംബോധന ചെയ്യുകയും അദ്ദേഹത്തിന്റെ പേരു പ്രാർത്ഥനകളിൽ ചൊല്ലുകയും ചെയ്തിരുന്നു. ഡച്ചുകാർ തന്റെ വിശ്വാസം മാററാതിരിയ്ക്കുവാൻ 5-ാം മാർത്തോമ്മായും സി. എം. എസ് കാർ തന്റെ വിശ്വാസത്തിനു ഭംഗംവരുത്തുമെന്നു ഭയന്നു് 8-ാം മാർത്തോമ്മായും തങ്ങളുടെ സഭ യാക്കോബായ പാത്രിയർക്കീസിന്റെ കീഴാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്. എങ്കിലും പാത്രിയർക്കീസിന്റെ അധികാരപ്രയോഗത്തിനു അവർ വിധേയരായില്ല.

1836-ൽ നടന്ന മാവേലിക്കര സുന്നഹദോസിൽവച്ചു സി. എം. എസ് കാരുമായി വൈദികങ്ങളിൽ സംസർഗ്ഗമുണ്ടായിക്കൂടെന്നു നിശ്ചയിയ്ക്കപ്പെട്ടു. 1838-ൽ ഇരുകൂട്ടരും തമ്മിൽ പിരിയുകയും പൊതുസ്വത്തുക്കൾ അന്യോന്യം ഭാഗിച്ചെടുക്കുകയും ചെയ്തു.

കുറെ യാക്കോബായക്കാർ അന്നു സി. എം. എസ്കാരായതിനും പുറമെ, മററു ചിലർ നവീകരണത്തിനുദ്യുക്തരാവുകയും ചെയ്തു. പാലക്കുന്നത്തു അബ്രഹാം മല്പാനായിരുന്നു നവീകരണക്കാരിൽ പ്രധാനൻ.

നവീകരണക്കാർ പാലക്കുന്നത്തു മാത്യൂസ് ശെമ്മാശനെ യാക്കോബായ പാത്രിയർക്കീസിന്റെ അടുക്കൽ അയച്ചു അദ്ദേഹം മാത്യൂസ് മാർ അത്തനാസിയ്യൂസായി വാഴ്ചയേററു് പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോനുംകൊണ്ടു കേരളത്തിൽ തിരിച്ചെത്തി. മാത്യൂസ് മാർ അത്തനാസിയ്യൂസ് നവീകരണക്കാരനാണെന്നു പാത്രിയർക്കീസിനെ ബോധിപ്പിയ്ക്കയാൽ, പാത്രിയർക്കീസു ഒരു മാർ കൂറിലോസിനെ മാർ ദിവന്നാസിയ്യൂസിന്റെ സഹായാർത്ഥം കേരളത്തിലേയ്ക്കയച്ചു. തന്റെ അധികാരം മുഴുവനും മാർ ദിവന്നാസിയ്യൂസ് മാർ കൂറിലോസി

www.malankaralibrary.com

ന്നു വിട്ടുകൊടുത്തു. പക്ഷെ മാർ ദിവന്നാസിയൂസും, മാർ കൂറിലോസും വഞ്ചകരായിരുന്നെന്നത്രേ സർക്കാരിൽ തീരുമാനമുണ്ടായത്. തന്നിമിത്തം മാർ കൂറിലോസ് നിസ്സഹായനായി പള്ളികൾതോറും ചുററി നടക്കേണ്ടതായി വന്നു.

ഇപ്പോൾ പറഞ്ഞ മാർ കൂറിലോസിൻെറ പരിശ്രമത്താൽ അന്ത്യോക്കിയൻ രീത്തും പാശ്ചാത്യസുറിയാനിയും കേരളത്തിൽ പൂർവ്വാധികം പ്രചരിക്കുവാനിടയായി. അദ്ദേഹത്തിൻെറ കാലത്തും അതിനു മുമ്പും കൽദായ രീത്തും കൽദായ ലിപികളും പുത്തൻകൂററുകാർ ധാരാളമുപയോഗിച്ചിരുന്നു. അന്നു കൽദായ ലിപികളിൽ എഴുതപ്പെട്ട വളരെ പുസ്തകങ്ങൾ (കൽദായപുസ്തകങ്ങളും അന്ത്യോക്കിയൻ പുസ്തകങ്ങളും) ഇന്നും പല സ്ഥലങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ചില അന്ത്യോക്കിയൻ ശുശ്രൂഷകൾ പോലും കൽദായ ലിപികളിലാണ് എഴുതിയിരുന്നത്. കാലാന്തരത്തിൽ അന്ത്യോക്കിയൻ രീത്തിൽ ധാരാളം മലയാള വിവർത്തനം കടന്നുകൂടി.

മാർ കൂറിലോസിൻെറ സഹായാർത്ഥം ഒരു മാർ സ്തേഫാനോസ് 1849-ൽ പാത്രിയർക്കീസിൻെറ പക്കൽ നിന്നു കേരളത്തിൽ വന്നെത്തി. നാലാം മാർ ദിവന്നാസിയൂസ് 1853-ൽ നിര്യാതനായി. 1857-ൽ സി. എം. എസ്. സഹായം നവീകരണക്കാരിൽ നിന്നു നീക്കപ്പെടുകയാൽ മാർ കൂറിലോസ് വെളിയിൽ കാണപ്പെട്ടു. എങ്കിലും മാത്യൂസ് മാർ അത്തനാസിയൂസിനെ മാററിനിറുത്തുവാൻ കേസു നടത്താതെ നിർവ്വാഹമില്ലായിരുന്നു. കേസിൽ കൂറിലോസുകക്ഷി പരാജയമടഞ്ഞു.

യാക്കോബായ പാത്രിയർക്കീസിൻെറ സ്ത്താത്തിക്കോനുള്ള ഒരു നാട്ടുകാരനില്ലാതെ കോടതിമുമ്പാകെ മാത്യൂസ് മാർ അത്തനാസിയൂസിനെ വെല്ലുക അസാദ്ധ്യമായി തോന്നുകയാൽ പുലിക്കോട്ടു യൌസേപ്പുകത്തനാർ 1865-ൽ പാത്രിയർക്കീസിൻെറ പക്കൽ അയയ്ക്കപ്പെട്ടു. അദ്ദേഹം അഞ്ചാം മാർ ദിവന്നാസിയൂസായി 1866-ൽ സ്ത്താത്തിക്കോനുംകൊണ്ടു തിരിച്ചെത്തി.

## അഞ്ചാമത്തെ അഥവാ പുലിക്കോട്ടിൽ
## യൌസേപ്പു മാർ ദിവന്നാസിയൂസ്.
## ൧൮൬൫—൧൯൦൯.

നാലാം മാർ ദിവന്നാസിയൂസും മാത്യൂസ് മാർ അത്തനാസിയൂസും അഞ്ചാം മാർ ദിവന്നാസിയൂസും ആണ് യാക്കോബായ പാത്രിയർക്കീസിൻെറ അധികാരം കേരളത്തിൽ സ്ഥാപിച്ചുറപ്പിച്ചതെന്നു ഇത്രയും പ്രസ്താവിച്ചവയിൽ നിന്നു വിശദമായിട്ടുണ്ടല്ലോ.

1875-ൽ പത്രോസുപാത്രിയർക്കീസു കേരളത്തിൽ വന്നു മാത്യൂ

സ് മാർ അത്തനാസിയൂസിനെ മുടക്കി ശപിച്ചു. മാത്യൂസ് മാർ അത്തനാസിയൂസിൻെറ കക്ഷി ഒരു സ്വതന്ത്ര സഭയാകുകയും "മാർത്തോമ്മാക്കാർ" എന്നു പിന്നീടു തങ്ങളെത്തന്നെ വിളിയ്ക്കുകയും ചെയ്തു. "നവീകൃത യാക്കോബായക്കാർ" (Reformed Jacobites) എന്നും "മെത്രാൻകക്ഷി" എന്നും ആരംഭത്തിൽ അവർ അറിയപ്പെട്ടിരുന്നു. അവരുടെ വിശ്വാസം പ്രൊട്ടസ്റ്റൻറും അവരുടെ ബാഹ്യാചാരങ്ങൾ യാക്കോബ്യങ്ങളും ആണ്. മാത്യൂസ് മാർ അത്തനാസിയൂസിൻെറ പിൻഗാമികൾ അവരെ ഭരിച്ചുവരുന്നു. 1937 വരെ വലിയ മെത്രാപ്പോലീത്താ, സഫ്റഗൻ മെത്രാപ്പോലീത്താ എന്ന രണ്ടു മേലദ്ധ്യക്ഷന്മാരാണ് അവരുടെ ഭരണം നിർവ്വഹിച്ചിരുന്നതു്. 1937-ൽ രണ്ടു മെത്രാപ്പോലീത്താമാർ കൂടി അവർക്കുണ്ടായി. അന്നത്തെ വലിയ മെത്രാപ്പോലീത്താ മരിച്ചതോടെ മൂന്നുപേർ അവരുടെ ഭരണം ഇപ്പോൾ നടത്തിവരുന്നു. (4)

കേരളം വിടുന്നതിനു മുമ്പായി പത്രോസു പാത്രിയർക്കീസ് മുളന്തുരുത്തി സുന്നഹദോസു നടത്തുകയും, "കേരള യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷ്യൻ" ഏർപ്പെടുത്തുകയും ആറു മെത്രാപ്പോലീത്താമാരെ വാഴിയ്ക്കുകയും ചെയ്തു. അങ്ങനെ അഞ്ചാം മാർ ദീവ

---

(4) മാർത്തോമ്മാസമുദായവും മതാദ്ധ്യക്ഷന്മാരും പുനരൈക്യത്തിനായി പരിശ്രമിച്ചിട്ടില്ല. 1831-ൽ സമാരംഭിച്ച കേരള കർമ്മലീത്താസുറിയാനി സമൂഹത്തിൻെറ അദ്ധ്യക്ഷനായിരുന്ന ചാവറ കുര്യാക്കോസച്ചനും മാത്യൂസ് മാർ അത്തനാസിയൂസും സ്നേഹിതന്മാരായിരുന്നു. "ആരാടാ സ്വർഗ്ഗത്തിൽ പോകുന്നതു്; വല്ല കിഴവികളും ചാവറയും പോകും; ചാവറയുടെ തുകൽവാറിന്മേൽ പിടിച്ചുകൊണ്ടു ഞാനും" എന്നു് മാത്യൂസ് മാർ അത്തനാസിയൂസ് പറഞ്ഞിരുന്നെന്നു കേട്ടിട്ടുണ്ടു്. അവർ തമ്മിൽ അത്രവലിയ സ്നേഹമുണ്ടായിരുന്നു. വത്തിക്കാൻ സൂനഹദോസിലേയ്ക്കു മാർപ്പാപ്പാ അകത്തോലിയ്ക്കരായ പൌരസ്ത്യ മെത്രാന്മാരേയും ക്ഷണിച്ചു. സഭയുടെ ഐക്യം, സഭാലക്ഷണങ്ങൾ, കേരളത്തിലുള്ള അകത്തോലിയ്ക്കർ സത്യസഭയായ കത്തോലിയ്ക്കാ സഭയിൽ നിന്നു പിരിഞ്ഞുപോയവരാണ്, വീണ്ടും അവർ കത്തോലിയ്ക്കരാകണമെന്നും മററുമുള്ള സംഗതികൾ എടുത്തു കാണിച്ചുകൊണ്ടു് എഴുതിയിട്ടുള്ള ഒരു ലേഖനസഹിതം വരാപ്പുഴത്തെ മേലദ്ധ്യക്ഷൻ ചാവറയച്ചൻ വഴി മാർപ്പാപ്പായുടെ ക്ഷണം കേരളത്തിലെ അകത്തോലിയ്ക്കാ മേലദ്ധ്യക്ഷന്മാരെ 1869-ൽ അറിയിച്ചുകൊടുത്തു. മാത്യൂസ് മാർ അത്തനാസിയൂസിനേയും ചാവറയച്ചൻ സമീപിച്ചു.

www.malankaralibrary.com

നാസിയൂസുൾപ്പെടെ ഏഴു മേല്പട്ടക്കാരിൽ കേരള യാക്കോബായസഭയുടെ ഭരണം നിക്ഷേപിയ്ക്കപ്പെട്ടു. അവരുടെ പേരുകളും ഇടവകകളും ഇവയാണ്:—

അഞ്ചാമത്തെ അഥവാ പുലിക്കോട്ടിൽ മാർ ദീവന്നാസിയൂസ് (കൊല്ലം ഇടവക); കടവിൽ പൌലൂസ് മാർ അത്താനാസിയൂസ് (കോട്ടയം ഇടവക); കോനാട്ടു മാർ യൂലിയൂസ് (തുമ്പമൺ ഇടവക) അമ്പാട്ടു മാർ കൂറിലോസ് (അങ്കമാലി ഇടവക); ചാത്തുരുത്തി മാർ ഗ്രീഗോറിയൂസ് (നിരണം ഇടവക); മുറിമറ്റത്തു മാർ ഈവാനിയൂസ് (കണ്ടനാട്ടു ഇടവക); കോണാത്തു ശെമഓൻ മാർ ദീവന്നാസിയൂസ് (കൊച്ചി ഇടവക) (5). ഈ ഇടവകകൾക്കുവേണ്ടിയാണല്ലോ ഇപ്പോഴും യാക്കോബായ മെത്രാന്മാർ വഴുന്നതു്.

മാർത്തോമ്മാക്കാരിൽ നിന്നു പള്ളികളും സ്ഥാപനങ്ങളും വീ

---

(5) പത്രോസ് പാത്രിയർക്കീസു വാഴിച്ച ആറുപേരിൽ മൂന്നു പേർ ഗോവാക്കാരൻ യൂലിയൂസു അൽവാരസിനെയും, അമേരിക്കയിൽ നിന്നുവന്ന ഫ്രാൻസുകാരൻ ജോസഫ് റെനാറെറ വില്ലാററെയും മെത്രന്മാരായി വാഴിച്ചു. യൂലിയൂസു അൽവാരസ് കത്തോലിയ്ക്കാ സഭയിൽനിന്നു ബഹിഷ്കരിയ്ക്കപ്പെട്ടവനായിരുന്നു. കത്തോലിയ്ക്കാ സഭയോടു മത്സരിച്ചുനിന്ന ഒരു കക്ഷിയിലാണ് വില്ലാററെ ജാതനായതു്. അവസാനകാലത്തു യൂലിയൂസ് അൽവാരിസു എല്ലാവരാലും പരിത്യക്തനാകുകയാൽ ഭിക്ഷാടനം ചെയ്തു കാലക്ഷേപം കഴിയ്ക്കയും മരണാനന്തരം ഗവമ്മെണ്ടു ചെലവിൽ ഗോവയിൽ സംസ്കരിയ്ക്കപ്പെടുകയും ചെയ്തു. വില്ലാററെ ആകട്ടെ 1925-ൽ മാർപ്പാപ്പായിയ്ക്കു കിഴ്പെടുകയും തന്റെ തെററു ഏററുപറകയും അതു Osservatore Romano എന്ന പത്രത്തിൽ പ്രസിദ്ധീകരിയ്ക്കുകയും ചെയ്തു (Osservatore Romano, 11th June 1925, (p. 2). വെർസെയി (Versailles) പട്ടണത്തിൽവച്ചു 1929 ജൂലായി 1-ാംനു അദ്ദേഹം കത്തോലിയ്ക്കാ സഭാമാതാവിന്റെ പുത്രനായി മരണം പ്രാപിച്ചു.

ചിലപ്പോഴെല്ലാം കേരളത്തിൽ വന്നു യാക്കോബായ മെത്രാപ്പോലീത്താമാരുടെകൂടെ താമസിച്ചിരുന്ന യൂലിയൂസ് അൽവാരസ് പത്തീറാ ഉപയോഗിച്ചു കുർബാന ചൊല്ലുകയും, പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്ന വിശ്വാസപ്രമാണത്തിൽ ചൊല്ലുകയും ചെയ്തിരുന്നു. യാക്കോബായ മേലദ്ധ്യക്ഷന്മാർ ഇതിൽ യാതൊരു എതിരും പുറപ്പെടുവിച്ചില്ല. യൂലിയൂസ് അൽവാരസിന്റെ അനുയായികളായി കേരളത്തിനു വെളിയ്ക്കു ബ്രഹ്മവറിയുള്ളവരുടെയിടയിൽ ജോലി ചെയ്യുന്ന കേരളീയ യാക്കോബായ പട്ടക്കാരും അദ്ദേഹം ചെയ്തതുപോലെ തന്നെ ഇന്നും ചെയ്യുന്നു.

www.malankaralibrary.com

ണ്ടെടുക്കുവാൻ പാത്രിയർക്കീസുകക്ഷി അഞ്ചാം മാർ ദിവന്നാസിയൂസിന്റെ നേതൃത്വത്തിൽ പല കേസുകളും നടത്തേണ്ടതായി വന്നു. സെമിനാരിക്കേസ്, ആർത്താററുപള്ളിക്കേസ് മുതലായവ സുപ്രസിദ്ധങ്ങളാണല്ലൊ. അന്നുണ്ടായിരുന്ന ചില പള്ളികൾ ഇന്നും ഇരുകൂട്ടരും പൊതുവിൽ തവണപ്രകാരം കൈവശപ്പെടുത്തി ഉപയോഗിയ്ക്കുന്നുണ്ട്. പാത്രിയർക്കീസിന്റെ അധികാരം സ്ഥാപിയ്ക്കുവാനും മാത്യൂസ് മാർ അത്താനാസിയൂസിന്റെ മുടക്ക സാധുവാണെന്നു തെളിയിയ്ക്കുവാനും "മലങ്കരസഭയുടെ കാനോൻ" എന്നപേരിൽ ചില വ്യത്യാസങ്ങളോടുകൂടി പാത്രിയർക്കീസുകക്ഷി ഹാജരാക്കിയ കാനോൻ കേരളത്തിനു വെളിയ്ക്കു മററുസ്ഥലങ്ങളിലെങ്ങും കാണുകയില്ലെന്നു പ്രത്യേകം പ്രസ്താവിയ്ക്കേണ്ടതായിട്ടുണ്ട്. ആ കാനോൻ അനുസരിച്ചാണ് പാത്രിയർക്കീസുകക്ഷി അനുകൂലമായവിധി സമ്പാദിച്ചത്. ആ കാനോനെ അന്നും പിന്നീടും എതിർത്തിട്ടുള്ളവരെല്ലാം അതു "കള്ളക്കാനോനാ"ണെന്നു വാദിയ്ക്കുന്നു.

## അഞ്ചാം മാർ ദിവന്നാസിയൂസും പുനരൈക്യവും

1870-ൽ നടന്ന വത്തിക്കാൻ സാർവ്വത്രിക സൂന്നഹദോസിലേയ്ക്കു പൌരസ്ത്യരായ അകത്തോലിയ്ക്കാ മെത്രാന്മാരെയും ഒമ്പതാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ക്ഷണിയ്ക്കുകയുണ്ടായി. ആ കൂട്ടത്തിൽ അഞ്ചാം മാർ ദിവന്നാസിയൂസും ക്ഷണിയ്ക്കപ്പെട്ടു. ഏക സത്യസഭയായ കത്തോലിയ്ക്കാസഭയോടു പുനരൈക്യപ്പെടേണ്ടതിന്റെ ആവശ്യകതയേയും മററും ചൂണ്ടിക്കാണിയ്ക്കുന്ന ഒരു ലേഖനത്തോടുകൂടിയാണ് വരാപ്പുഴത്തെ മേലധ്യക്ഷൻ 1869-ൽ മാർപ്പാപ്പായുടെ ക്ഷണം മാർ ദിവന്നാസിയൂസിനെ അറിയിച്ചത്.

തന്റെ മുൻഗാമികളെ അനുകരിച്ച് അഞ്ചാം മാർ ദിവന്നാസിയൂസും കത്തോലിയ്ക്കാസഭയുമായി പുനരൈക്യപ്പെടുവാൻ പലതരത്തിലുള്ള ആലോചനകൾ നടത്തി. പുത്തൻകൂററുകാർക്കും പഴയകൂററുകാർക്കും പൊതുവിൽ ഒരു കോളജുണ്ടായാൽ പുനരൈക്യം സുകരമാക്കാമെന്നു കരുതി ഇരുകൂട്ടരുംകൂടി വാങ്ങിയതാണ് "മനോരമ" നടത്തിയിരുന്ന സ്ഥലവും അതിലേ കെട്ടിടവും. അതിന്റെ വിലയിൽ പ്രധാനഭാഗം കത്തോലിയ്ക്കരാണ് കൊടുത്തുതീർത്തതു്. ഈ കാര്യത്തിൽ നിധിയിരിയ്ക്കൽ മാണിക്കത്തനാർ പഴയകൂററുഭാഗത്തുനിന്നു മുന്നിട്ടു പ്രവർത്തിച്ചിരുന്നു. എന്നാൽ സ്ഥലവും കെട്ടിടവും പുത്തൻകൂററുകാർക്കു അധീനപ്പെട്ടുപോയി. അതോടെ പഴയകൂററുകാരുടെ അദ്ധ്യക്ഷനായിരുന്ന ലവീഞ്ഞുമെത്രാൻ ആ പ്രസ്ഥാനം ഉപേക്ഷിച്ചുകളഞ്ഞു.

നിധിയിരിയ്ക്കൽ മാണിക്കത്തനാരും മാർ ദിവന്നാസിയൂസുംകൂടി ഉത്തക്കാമണ്ടിലെത്തി അവിടെ താമസിച്ചിരുന്ന മാർപ്പാപ്പായുടെ പ

www.malankaralibrary.com

തിപുരുഷനെ കണ്ടു പുനരൈക്യത്തെപ്പററി ചില ആലോചനകൾ നടത്തി. മാംസം ഭക്ഷിയ്ക്കയില്ലെന്നു തനിയ്ക്കു വ്രതമുണ്ടെന്നു മാർ ദിവന്നാസിയൂസ് മാർപ്പാപ്പായുടെ പ്രതിപുരുഷനെ അറിയിയ്ക്കയാൽ പ്രത്യേകഭക്ഷണം പാകംചെയ്തുകൊടുത്തു എന്നു കേട്ടിട്ടുണ്ട്.

1831-ൽ സമാരംഭിച്ച കർമ്മലീത്താ സുറിയാനി സമൂഹത്തിന്റെ അദ്ധ്യക്ഷനായിരുന്ന വലിയ ചാണ്ടിയച്ചന്റെ പേർക്കു് "ചാണ്ടിയച്ചനു ബുക്ക്ദ്സാ" എന്നു തുടങ്ങി മാർ ദിവന്നാസിയൂസ് എഴുതിയ അനേകമെഴുത്തുകൾ മാന്നാനമാശ്രമത്തിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്.

## ഇന്നുള്ള ബാവാ മെത്രാൻ കക്ഷികൾ

പത്രോസ് പാത്രിയർക്കീസു വാഴിച്ചവരായി മുമ്പു പറഞ്ഞ ആറു മെത്രാന്മാരിൽ ചിലർ മരിയ്ക്കയും മററു ചിലർ വശഹീനരാവുകയും ചെയ്തപ്പോൾ മാർ കൂറിലോസും, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസും ശീമയിൽപോയി അബ്ദള്ളാ പാത്രിയർക്കീസിൽനിന്നു മെത്രാൻ പട്ടം സ്വീകരിച്ചു് 1908-ൽ മടങ്ങിവന്നു. അഞ്ചാം മാർ ദിവന്നാസിയൂസിന്റെ മരണാനന്തരം അബ്ദുള്ളാ പാത്രിയർക്കീസ് കേരളത്തിലെത്തി. കേരളീയ സഭയുടെ ലൌകികങ്ങളിൽ തനിയ്ക്കധികാരമുണ്ടെന്നുള്ള പാത്രിയർക്കീസിന്റെ വാദം വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസും അനുയായികളും സ്വീകരിച്ചില്ല. മെത്രാൻകക്ഷിക്കാരെന്നറിയപ്പെടുന്ന അവരെ പാത്രിയർക്കീസുബാവാ മുടക്കി ശപിച്ചു. മുടക്കപ്പെട്ട ഈ മെത്രാൻകക്ഷിക്കാരുടെ "മലങ്കരമെത്രാപ്പോലീത്താ" എന്ന നിലയിൽ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസ് മുന്നിട്ടു പ്രവർത്തിച്ചുതുടങ്ങി. പാത്രിയർക്കീസിനെ അനുകൂലിച്ചവരാണ് ബാവാകക്ഷിക്കാർ.

ബാവാകക്ഷിക്കാർക്കായി പൌലൂസ് മാർ അത്തനാസിയൂസിനേയും ഇടവഴിയ്ക്കൽ മാർ സെവേറിയൂസിനേയും കേരളത്തിൽവച്ചു പാത്രിയർക്കീസ് അഭിഷേചിച്ചു. പുത്തൻകൂർ തെക്കുംഭാഗം സമുദായത്തിന്റെ അദ്ധ്യക്ഷനായിട്ടത്രേ ഇടവഴിയ്ക്കൽ മാർ സെവേറിയൂസ് നിയമിതനായതു്. പാത്രിയർക്കീസിന്റെ പ്രതിപുരുഷനായി ശീമക്കാരനായ മാർ ഒസ്താത്തിയോസ് കേരളത്തിൽ സ്ഥാനമുറപ്പിച്ചു. ബാവാകക്ഷിയുടെ "മലങ്കരമെത്രാപ്പോലീത്താ" സ്ഥാനം ശീമയിൽ വച്ചു വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസിന്റെ കൂടെ അബ്ദുള്ളാ പാത്രിയർക്കീസ് വാഴിച്ച മാർ കൂറിലോസാണ് വഹിച്ചിരുന്നതു്. "(കേസു നടത്തുവാൻ വേണ്ടി)

അബ്ദേല്ലാപാത്രിയർക്കീസിന്റെമുൻഗാമിയും തുർക്കിസുൽത്താൻ സ്ഥാനഭ്രംശം ചെയ്തിരുന്ന ദേഹവും ആയ അബ്ദേൽമിശിഹാ പം

www.malankaralibrary.com

ത്രിയക്കീസിനെ മെത്രാൻകക്ഷിക്കാർ കേരളത്തിൽ വരുത്തി. പത്രോസു പാത്രിയക്കീസു വാഴിച്ച ആറുപേരിൽ ഒരാളായ മുറിമറ്റത്തു മാർ ഈവാനിയൂസിനെ ബസേലിയോസു നാമത്തിൽ മെത്രാൻകക്ഷിക്കാരുടെ കാതോലിക്കാ ആയി അബ്ദൽമിശിഹാ പാത്രിയക്കീസു നിയമിച്ചു. (6) മെത്രാന്മാരെ വാഴിയ്ക്കുക; മൂറോൻ കൂദാശ ചെയ്യുക ആദിയായി യാക്കോബായ സഭയിൽ പാത്രിയക്കീസ് നടത്തുന്ന അധികാരങ്ങളെല്ലാം നടത്തുന്ന ഒരു സ്ഥാനിയാണ് കാതോലിക്കാ. മെത്രാൻകക്ഷിയ്ക്കുവേണ്ടി മാർ ഗ്രീഗോറിയൂസ് (കണ്ടറ മെത്രാച്ചൻ), മാർ ഈവാനിയൂസ്, മാർ പീലക്സീനോസ് (വാകത്താനം) എന്നീ മൂന്നു മേല്പട്ടക്കാരെ കൂടി വാഴിച്ചശേഷം അബ്ദൽമിശിഹാ കേരളം വിട്ടു. കാതോലിക്കാ ആയി ഉയർത്തപ്പെട്ട ദേഹം അധികം കഴിയുന്നതിനു മുമ്പ് മരണം പ്രാപിച്ചു. അബ്ദൽമിശിഹായെ വരുത്തുക, കാതോലിക്കായെ വാഴിയ്ക്കുക ആദിയായ കാര്യങ്ങളിൽ ഫാദർ പി. റ്റി. ഗീവറുഗീസ് എം. എ, അവർകളായിരുന്നു മുന്നിട്ടു പ്രവർത്തിച്ചതു്.

ബാവാ മെത്രാൻകക്ഷികൾ തമ്മിൽ സുപ്രസിദ്ധമായ വട്ടിപ്പണക്കേസ് ആരംഭിച്ചു, അബ്ദുള്ളാ പാത്രിയക്കീസു വട്ടശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസിനെ മുടക്കിയതു സാധുവായിട്ടാണോ, മലങ്കരസഭയുടെ കാരണോൻ ഏതാണ്, അബ്ദൽമിശിഹാ സാക്ഷാൽ പാത്രിയക്കീസാണോ, വട്ടിപ്പണം വാങ്ങുവാൻ ഏതു കക്ഷിയ്ക്കാണ് അവകാശം എന്നിങ്ങനെ പലതും കേസിൽ വാദവിഷയങ്ങളായി കൊണ്ടുവരപ്പെട്ടു.

കേസു നടന്നുകൊണ്ടിരിയ്ക്കയിൽ ബാവാകക്ഷിയുടെ "മലങ്കര മെത്രാപ്പോലീത്താ" എന്ന നിലയിൽ വർത്തിച്ചിരുന്ന മാർ കൂറീലോസ് നിര്യാതനാവുകയും, കേരളത്തിൽ വച്ചു് അബ്ദുള്ളാ പാത്രിയക്കീസു വാഴ്ചകൊടുത്ത പൌലോസ് മാർ അത്തനാസിയൂസ് ആ നിലയിൽ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു.

1919-ൽ മെത്രാൻകക്ഷിയ്ക്കനുകൂലമായി കേസു വിധിയ്ക്കപ്പെട്ടെങ്കിലും 1923-ൽ ഉണ്ടായ ഹൈക്കോടതി വിധിപ്രകാരം ബാവാക

---

(6) യാക്കോബായ സഭയിലെ ഒരു മെത്രാനായിരിയ്ക്കയിൽ അബ്ദുള്ളാബാവാ, കത്തോലിയ്ക്കാ സഭയിൽ പ്രവേശിച്ചു. (1895) ഒമ്പതു കൊല്ലം കഴിഞ്ഞു് 1905-ൽ യാക്കോബായ സഭയിലേയ്ക്കു തിരിച്ചു പോകയും 1906-ൽ പാത്രിയക്കീസാകയും ചെയ്തു. അബ്ദൽമിശിഹാ സ്ഥാനഭ്രഷ്ടനായപ്പോളാണ് അദ്ദേഹം പാത്രിയക്കീസായതു് (Fortescue, The Lesser E. Churches. p. 339) കേരളത്തിൽ നിന്നു മടങ്ങിയശേഷം അബ്ദൽമിശിഹാ കത്തോലിയ്ക്കനായി എന്നു കേട്ടിട്ടുണ്ട്.

www.malankaralibrary.com

ക്ഷിക്കാർ വിജയികളായി. അപ്രകാരം വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസിന്റെ മുടക്കു സാധുവാണെന്നും, ബാവാകക്ഷിക്കാർ ഹാജരാക്കിയ 18 അക്കം കാനോൻ ആണു് മലങ്കരസഭയുടെ കാനോൻ എന്നും മററും വിധിയുണ്ടായി. മാർത്തോമ്മാക്കാർക്കു വിരോധമായി അന്നത്തെ പാത്രിയർക്കീസ് കക്ഷി ഹാജരാക്കി വിജയം നേടിയ കാനോൻ ആണു് ഈ "18 അക്കം" കാനോനാ. മെത്രാൻ കക്ഷിക്കാർ ഹാജരാക്കിയ "എ അക്കം" കാനോൻ തിരസ്കരിക്കപ്പെട്ടു.

കേസു തോററതിന്റെ ശേഷം പാത്രിയർക്കീസുമായി യോജിക്കണമെന്ന ഉദ്ദേശ്യത്തോടെ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസ് ശീമയ്ക്കു പോയെങ്കിലും പ്രയോജനമുണ്ടായില്ല. പാത്രിയർക്കീസിന്റെ പ്രതിപുരുഷനായി (ശീമക്കാരനായ) മാർ യൂലിയൂസ് അദ്ദേഹത്തിന്റെകൂടെ പുറപ്പെട്ടു കേരളത്തിൽ വന്നു താമസമുറപ്പിക്കുകയും ചെയ്തു. പാത്രിയർക്കീസിന്റെ പ്രതിപുരുഷനായിരുന്ന മാർ ഒസ്താത്തിയൂസ് അന്നു ജീവിച്ചിരുന്നെങ്കിലും മാർ യൂലിയൂസിനു ഒരു പ്രത്യേക ദൌത്യമാണു് വഹിക്കുവാനുണ്ടായിരുന്നതു്. മാർ ഒസ്താത്തിയൂസിന്റെ മരണാനന്തരം (1930) മാർ യൂലിയൂസ് അദ്ദേഹത്തിന്റെ സ്ഥാനത്തു ആരൂഢനായി.

അബ്ദുള്ളാ പാത്രിയർക്കീസ് ഗീവറുഗീസ് മാർ ദിവന്നാസിയൂസിനെ മുടക്കിയതു് സ്വാഭാവനീതിപ്രകാരം സാധുവായിരുന്നോ എന്നൊരു വാദം മെത്രാൻകക്ഷിക്കാർ 1925-ൽ ഹൈക്കോർട്ടിൽ പുനരു് എടുപ്പിച്ചു. അതേ കൊല്ലം തന്നെ (വാകത്താനത്തെ) മാർ ഫീലക്സീനൂസിനെ രണ്ടാം ബസേലിയോസു കാതോലിക്കാ ആയി അവർ സ്ഥാപിച്ചു. പുതിയ കാതോലിക്കാ ബെഥനി സന്യാസിനീസന്യാസിസമൂഹങ്ങൾ സ്ഥാപിച്ചു നടത്തിയിരുന്ന ഫാദർ പി. റി. ഗീവറുഗീസ് എം. എ. അവർകളെ ബെഥനിയുടെ മാർ ഈവാനിയൂസായി മെത്രാൻസ്ഥാനത്തുയർത്തി. പുനരെടുത്ത കേസു് വിധിക്കപ്പെടുന്നതിനു മുമ്പു് കോട്ടയം പഴയസെമിനാരി വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദിവന്നാസിയൂസിനു വിട്ടുകൊടുക്കേണ്ടതാണെന്നു 1926-ൽ വിധിയുണ്ടായി. (സമരിക്കാസ്)

1926-ൽ ബാവാകക്ഷിക്കാർ മാർ മിഖായേൽ ദിവന്നാസിയൂസിനേയും മാർ തോമ്മാ ദിയസ്കോറോസിനേയും ശീമയിലയച്ചു മെത്രാൻപട്ടമേല്പിച്ചു. പുത്തൻകൂർ തെക്കുംഭാഗം സമുദായത്തിന്റെ അദ്ധ്യക്ഷനായിരുന്ന ഇടവഴിക്കൽ മാർ സെവേറിയൂസിന്റെ പിൻഗാമിയായിട്ടത്രെ മാർ തോമ്മാ ദിയസ്കോറോസ് അഭിഷേചനം ചെയ്യപ്പെട്ടതു്. 1927-ൽ ബാവാകക്ഷിയിൽ പെട്ട അവുഗേൻ മാർ തിമാത്തെയൂസും ശീമയിൽ പോയി മെത്രാൻപട്ടം സ്വീകരിച്ചു മടങ്ങിവന്നു.

www.malankaralibrary.com

പുനരെട്ടത്തതായി മുമ്പു പറഞ്ഞ കേസ് 1928-ൽ മെത്രാൻകക്ഷിയ്ക്കനുകൂലമായി വിധിയ്ക്കപ്പെട്ടു. അതിൻപ്രകാരം വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസിൻെറ മുടക്ക് അസാധുവാണ്, മലങ്കരസഭയുടെ കാനോൻ ഏതാണെന്നും പാത്രിയക്കീസിൻെറ അധികാരം എങ്ങനെയുള്ളതെന്നും വേറൊരു തീരുമാനമുണ്ടാകേണ്ടതാണെന്നും വിധിയുണ്ടായി. അതോടെ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസ് വട്ടിപ്പണം വാങ്ങുവാൻ പരിശ്രമം തുടങ്ങി. അപ്പോഴും കോടതിമുറയ്ക്കുള്ള പ്രതിബന്ധങ്ങളുണ്ടാകാതിരുന്നില്ല. എതിർ ഹർജി ഉടൻ തള്ളിപ്പോയി.

രണ്ടാം ബസേലിയോസ് കാതോലിയ്ക്കായുടെ മരണാനന്തരം മെത്രാൻകക്ഷികാർ 1929-ൽ മാർ ഗ്രീഗോറിയൂസിനെ (കുണ്ടറമെത്രാച്ചനെ) മൂന്നാം ബസേലിയോസ് കാതോലിയ്ക്കാ ആയി ഉയർത്തി. ബെഥനിയുടെ മാർ ഈവാനിയൂസ് ബെഥനി മെത്രാപ്പോലീത്താ ആക്കപ്പെട്ടു. അദ്ദേഹത്തിൻെറ സഹായമെത്രാനായി തിരുവല്ലാ മെത്രാൻ മാർ തീയോഫിലസ് വാഴ്ത്തപ്പെട്ടു. മാർ തീയോഫിലസിൻെറ കൂടെ (പാമ്പാടി) മാർ ഗ്രീഗോറിയൂസും പുതിയ കാതോലിയ്ക്കായിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചു. അബ്ദൽമിശിഹാ വാഴിച്ച മൂന്നുപേരിൽ ഒരാളായ മാർ ഈവാനിയൂസ് ഇതിനുമുമ്പ് മരണം പ്രാപിച്ചിരുന്നു. (1925 മിഥുനം 6)—"ഓർത്തഡോക്സ് സഭക്കാർ" എന്നാണ് മെത്രാൻകക്ഷിക്കാർ തങ്ങളെത്തന്നെ ഇപ്പോൾ വിളിച്ചുവരുന്നതു്.

മെത്രാൻകക്ഷിക്കാർ നടത്തിയ പുനരൈക്യശ്രമങ്ങളിലേയ്ക്കു കടക്കുന്നതിനു മുമ്പായി കത്തോലിയ്ക്കരുടെ അടുത്തകാലത്തെ പരിശ്രമങ്ങളെപ്പററി സ്വല്പം പ്രതിപാദിയ്ക്കാം.

## കത്തോലിയ്ക്കരുടെ അടുത്തകാലത്തെ പരിശ്രമങ്ങൾ

നസ്രാണിസമുദായത്തിലുണ്ടായ പിളർപ്പു തീർക്കുവാൻ കത്തോലിയ്ക്കർ സദാ ജാഗരൂകരായി പ്രവർത്തിച്ചിട്ടുണ്ടെന്നു മുകളിൽ പ്രസ്താവിച്ചവയിൽനിന്നു വ്യക്തമാണല്ലോ. അപ്പസ്തോലിക്ക കൊമിസറിയായ സെബസ്തിയാനി മെത്രാൻേറയും കാലങ്ങളിൽ ഉണ്ടായതുപോലെയുള്ള പുനരൈക്യം അടുത്തകാലംവരെ ഉണ്ടായിട്ടില്ല. എങ്കിലും വ്യക്തികളും കുടുംബങ്ങളും എല്ലാക്കാലത്തും കത്തോലിയ്ക്കാ സഭയെ ആശ്ലേഷിച്ചുകൊണ്ടിരുന്നു. ഒന്നാം മാർ ദിവന്നാസിസിയൂസിൻെറ അവസാനകാലംവരെ ഇരുകക്ഷികളും പുനരൈക്യത്തിനായി യോജിച്ചു പ്രവർത്തിയ്ക്കയാണല്ലോ ചെയ്തതു്.

ഇരുകക്ഷികൾക്കും പൊതുവിലുണ്ടായിരുന്ന പള്ളികൾ ചിട്ടിയിട്ടോ മററുപ്രകാരത്തിലോ ഓരോകക്ഷി കൈവശപ്പെടുത്തുകയും,

www.malankaralibrary.com

പുത്തൻകൂറ്റുകാർ സി. എം. എസ്. കാരോടു സഖ്യതകൂടുകയും ചെയ്തതു മുതൽ ഇരുസമുദായങ്ങളും തമ്മിൽ പരസ്പരം അകന്നുതുടങ്ങി. പുത്തൻകൂറ്റുകാരുടെ രീതിയിൽ വന്ന വ്യത്യാസങ്ങളും ഈ അകൽച്ചയ്ക്കു സഹായകമായി തീൎന്നു. വിവാഹം നിമിത്തം ചില യാക്കോബായക്കാർ കത്തോലിക്കരായി തീൎന്നതുപോലെ ചില കത്തോലിക്കർ യാക്കോബായക്കാരും ആയിപ്പോയിട്ടുണ്ട്. മാനസാന്തരപ്പെടാത്തവരുമായുള്ള വിവാഹം പഴയകൂറ്റുകാരുടെ മേലദ്ധ്യക്ഷന്മാരാൽ കൎശമായി മുടക്കപ്പെട്ടതോടെ ഇരുസമുദായങ്ങളും തമ്മിൽ പരസ്പരം വളരെ അകന്നു. പ്രോട്ടസ്റ്റന്റു സാമീപ്യം നിമിത്തം കത്തോലിക്കരെപ്പററി അടിസ്ഥാനരഹിതങ്ങളായ പല തെറ്റുധാരണകളും യാക്കോബായക്കാരിൽ കടന്നുകൂടി. സുറിയാനിസമുദായത്തിൽ കത്തോലിക്കരില്ലെന്നുപോലും തെക്കൻദിക്കുകളിൽ ചില യാക്കോബായക്കാർ വിചാരിച്ചുപോയിട്ടുണ്ട്. റോക്കോസിന്റേയും മേലൂസിന്റേയും ശീസ്മകളും, സ്വജാതീയനായ മെത്രാനെ ലഭിക്കുവാൻ നടത്തിയ പരിശ്രമങ്ങളും ഹേതുവാൽ പഴയകൂറ്റുകാരും പുത്തൻകൂറ്റു സഹോദരങ്ങളെ മിക്കവാറും വിസ്മരിച്ചു. എങ്കിലും സ്വജാതീയമെത്രാനെ ലഭിച്ചാൽ അതു് പുത്തൻകൂറ്റുകാരുടെ മാനസാന്തരത്തിനു കാരണമാകുമെന്നു അവർ വിശ്വസിച്ചിരുന്നു. ഇവയും മററു ചില സംഗതികളും നിമിത്തം ഇരുഭാഗത്തും പല തെറ്റുധാരണകൾ കടന്നുകൂടി. എങ്കിലും സമുദായങ്ങൾ തമ്മിൽ യോജിക്കണമെന്നുള്ള അഭിവാഞ്ഛ ഇരുകൂട്ടരിലും കുടികൊണ്ടിരുന്നു.

കൊടുങ്ങല്ലൂർ, വരാപ്പുഴ എന്നീ ഭരണങ്ങളിൽനിന്നു മാറി ലവീഞ്ഞു, മെഡലിക്കോട്ടു എന്നി മേലദ്ധ്യക്ഷന്മാരുടെ കീഴിൽ പഴയകൂറ്റുകാർ ചെന്നുചേൎന്ന കാലത്താണ് (1887—1896) മുമ്പു പറഞ്ഞ കോളജുപ്രസ്ഥാനവും മററും ആരംഭിച്ചതു്. അന്നുമുതൽ പഴയകൂറ്റുകാരിൽ ഒരു നവചൈതന്യം കളിയാടിത്തുടങ്ങി. ലവീഞ്ഞു മെത്രാന്റെ കാലത്തു നിധിയിരിക്കൽ മാണിക്കത്തനാരുടെ പരിശ്രമഫലമായി അഞ്ചു യാക്കോബായ പട്ടക്കാർ അന്തിയോക്കിയൻ റീത്തിൽ കത്തോലിക്കാസഭയിൽ സ്വീകരിക്കപ്പെട്ടു. അവരിൽ ഒരാൾ മാന്നാനമാശ്രമത്തോടു തൊട്ടുള്ള ഒരു കെട്ടിടത്തിലാണ് താമസിച്ചിരുന്നതു്. പല പട്ടക്കാരും ജനങ്ങളും അവരെ അനുഗമിക്കുമെന്നു പ്രതീക്ഷയുണ്ടായിരുന്നു. എങ്കിലും ഈ പ്രസ്ഥാനം വിചാരിച്ചഫലം പുറപ്പെടുവിച്ചില്ല. പുനരൈക്യപ്പെട്ടവരുടെ ജീവിതം മാതൃകായോഗ്യമല്ലായിരുന്നു. അവരിൽ ചിലർ സഭവിട്ടുപോകയും ചെയ്തു.

(Bp. A. Pareparambil, The Syians
in Malabar, P. 153 sq.)

റോമ്മായിൽനിന്നു അക്കാലത്തു വരുത്തിയ അന്തിയോക്കിയൻ തക്സായുടെ പ്രതികൾ മാന്നാനം, ചങ്ങനാശേരി മുതലായ സ്ഥലങ്ങ

www.malankaralibrary.com

ളിൽ ഇന്നും സൂക്ഷിയ്ക്കപ്പെടുന്നുണ്ട്. ഇന്നത്തെ "റീത്തു പ്രസ്ഥാനം" ഒരുവിധത്തിൽ അന്നാരംഭിച്ചു എന്നുപറയാം.

പഴയക്കൂറ്റുകാർക്കു നാട്ടുമെത്രാന്മാരെ ലഭിച്ച 1896-ാം കാലം മുതൽ യാക്കോബായ സഹോദരങ്ങളുടെ മാനസാന്തരത്തിനായി അവർ കുറേക്കൂടി ഉണർന്നു പ്രവർത്തിയ്ക്കുവാൻ തുടങ്ങി. എറണാകുളത്തെ മാർ ലൂയീസുമെത്രാനച്ചൻ രചിച്ച "യാക്കോബായക്കാരാദിയായവരുടെ" മാനസാന്തരത്തിനുള്ള പ്രാർത്ഥന മിക്ക പള്ളികളിലും കന്യകാമഠങ്ങളിലും ഇന്നും ജപിച്ചുവരുന്നു. തിരുമനസ്സിലെ പിൻഗാമിയായ മാർ അഗുസ്തീനോസു മെത്രാപ്പോലീത്താ യാക്കോബായക്കാരുടെ മാനസാന്തരത്തെ ഉദ്ദേശിച്ചു വേദപ്രചാരജോലിയിൽ പ്രത്യേക നിർദ്ദേശങ്ങൾ ചെയ്തു. അതിലേയ്ക്കു നിയുക്തരായ വൈദികർ തീക്ഷ്ണതയോടെ ആ ജോലി നിർവഹിച്ചുതുടങ്ങി.

കുന്നംകുളം മുതലായ സ്ഥലങ്ങളിൽ തൃശ്ശൂർ നിന്നും മാനസാന്തരജോലി ആരംഭിച്ചു. ചെർളയം, ആർത്താറ്റു മുതലായ സ്ഥാനങ്ങളാണ് അവിടെനിന്നു സ്ഥാപിച്ച കേന്ദ്രങ്ങൾ.

ഒരു പട്ടക്കാരനായിരിയ്ക്കയിൽ തന്നെ ഐക്ഷംഭാഗക്കാരായ പുത്തൻക്കൂറ്റുകാരുടെ മാനസാന്തരത്തിനായി പല ആലോചനകൾ നടത്തിയിരുന്ന ഒരാളാണ് ചങ്ങനാശേരിലെ ഒന്നാമത്തെ വൈദികാദ്ധ്യക്ഷനായ മാക്കീൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്. അദ്ദേഹത്തിന്റെ പിൻഗാമിയായ കുര്യാളശേരിൽ മെത്രാനച്ചൻ കാരയ്ക്കൽ, മല്ലപ്പള്ളി, തിരുവല്ലാ മുതലായ സ്ഥലങ്ങളിൽ നടത്തിയ പ്രയത്നങ്ങൾ എല്ലാവർക്കും അറിവുള്ളവയാണ്. കാളാശേരിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ആ ജോലി തുടർന്നു നിർവഹിച്ചു. പരേതനായ പെ. ബ. തോട്ടാശേരിലച്ചനെ ഈ അവസരത്തിൽ വിസ്മരിയ്ക്കാവുന്നതല്ല.

കല്ലിശേരി, റാന്നി, കുറൂർ, വാകത്താനം മുതലായ സ്ഥലങ്ങളിൽ കോട്ടയം രൂപതയുടെ ചൂളപ്പറമ്പിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാവരും ദൃക്സാക്ഷികളാണ്.

അയിരൂരും, പുതുപ്പള്ളിയിലും സുറിയാനി കർമ്മലീത്തരും ജോലി തുടങ്ങി.

യാക്കോബായ സഹോദരങ്ങളുടെ ഇടയിലുണ്ടായിരുന്ന തെറ്റുധാരണകൾ മതപ്രസംഗങ്ങളും, പ്രസിദ്ധീകരണങ്ങളും, അഭിമുഖസംഭാഷണങ്ങളുംമൂലം നീങ്ങിത്തുടങ്ങി. യാക്കോബായസഭയിൽ നിന്നും മത്തോമ്മായിൽ നിന്നും വ്യക്തികളും കുടുംബങ്ങളും കത്തോലിയ്ക്കാസഭയെ ആശ്ലേഷിച്ചു.

www.malankaralibrary.com

അപ്രതീക്ഷിതമായുണ്ടായ ഒരു സംഭവം ഇവിടെ എടുത്തു പറയേണ്ടതായിട്ടുണ്ട്:—

പുത്തൻകൂർ തെക്കുംഭാഗ സമുദായത്തിലെ ഒരു നേതാവ് ഒരു ദിവസം അപ്രതീക്ഷിതമായി കോട്ടയത്തു ചെന്നു ചൂളപ്പറമ്പിൽ മെത്രാനച്ചനെ കാണുകയും, അന്തിയോക്യൻ റീത്തു അനുവദിക്കുന്നതായാൽ തങ്ങളുടെ മെത്രാനോടുകൂടി കത്തോലിക്കരാകുവാൻ തങ്ങൾ ആലോചിച്ചു നിശ്ചയിച്ചിരിക്കുന്നു എന്നു തിരുമനസ്സറിയിക്കയും ചെയ്തു. ആയിടയ്ക്കു എറണാകുളത്തു വന്നിരുന്ന മാർപാപ്പായുടെ പ്രതിപുരുഷനെ മെത്രാനച്ചൻ സംഗതി അറിയിച്ചു. അടുത്ത നവംബറിൽ (1920) മാർപ്പാപ്പായുടെ പ്രതിപുരുഷന്റെ അദ്ധ്യക്ഷതയിൽ പഴയകൂറു മെത്രാന്മാർ നാലുപേരും സമ്മേളിക്കുകയും ഏതൽക്കാര്യസാദ്ധ്യത്തിനായി റോമ്മായിലേക്കു ഒരപേക്ഷ അയയ്ക്കുകയും ചെയ്തു. മാനസാന്തരപ്പെടുന്ന യാക്കോബായ വൈദികരെ അന്തിയോക്യൻ റീത്തിൽ സ്വീകരിക്കാമെന്നു 1921 ജൂലായി 5-ൽ റോമ്മായിൽനിന്നു അനുകൂലമായ തിരുവാക്യമുണ്ടായി. അതിങ്ങനെയാണ്:—

This Sacred Congregation after maturely examining the matter has come to the determination to permit the Jacobite Priests who return to the Catholic Church to conserve their own Rite provided nothing is found contrary to the integrity of faith and does not result in any way superstitious. In accepting the said Priests the most Rev. Ordinaries should make an accurate inquiry inorder to satisfy themselves that the Sacrament, especially Baptism and Sacred Ordinaton have been validly administered to them. In any case, I recommend the greatest prudence on such an argument that no regrettable inconvenience may come from."

പഴയകൂറു മെത്രാന്മാർക്കു ലഭിച്ച ഈ നിർണ്ണയം കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ഒരു പരസ്യലേഖനത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

എന്നാൽ സമയമായപ്പോൾ ആരും മുന്നോട്ടു വന്നില്ല. തെക്കുംഭാഗം പുത്തൻകൂറു സമുദായത്തിലെ മെത്രാനും കോട്ടയം മെത്രാനും രണ്ടു പ്രാവശ്യം തമ്മിൽ കണ്ടു സൗഹാർദ്ദത്തോടെ സംസാരിക്കുകകൂടി ചെയ്തിട്ടുണ്ടായിരുന്നു.

(ഫാദർ നെടുഞ്ചിറ അവർകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "പുനരൈക്യപ്രകാശിക"യിൽ ഈ സംഗതികളെല്ലാം വിവരിച്ചു പറഞ്ഞിട്ടുണ്ട്.)

www.malankaralibrary.com

റോമ്മായിൽ നിന്നു ലഭിച്ച പ്രസ്തുത അനുവാദപ്രകാരം തൃശ്ശൂർ, കോട്ടയം, ചങ്ങനാശേരി എന്നീ രൂപതകളിൽ ചില യാക്കോബായ വൈദികർ അന്തിയോക്കിയൻ റീത്തിൽ സ്വീകരിക്കപ്പെട്ടു. പട്ടക്കാരും ജനങ്ങളും അന്തിയോക്കിയൻ റീത്തിൽ ഇപ്പോഴും കോട്ടയം രൂപതയിൽ സ്വീകരിക്കപ്പെടുന്നുണ്ട്.

1921-ലെ പ്രസ്തുത തീരുമാനത്താൽ ലവീഞ്ഞു മെത്രാനച്ചന്റെ കാലത്തു സമാരംഭിച്ച "റീത്തുപ്രസ്ഥാനം" ബലിഷ്ഠമായ ഒരടിസ്ഥാനത്തിന്മേൽ ഉറപ്പിക്കപ്പെട്ടു. എങ്കിലും അന്തിയോക്കിയൻ റീത്തിലുള്ള ഒരു ഭരണഘടന അന്നുണ്ടായില്ല. അതിനു അധിക കാലതാമസം വേണ്ടിവന്നില്ലെന്നു ഉടനെ പ്രസ്താവിക്കുന്നതാണ്.

കൊല്ലം രൂപതയുടെ ബെൻസിഗർ മെത്രാനച്ചൻ തിരുമനസ്സിലെ പരിശ്രമങ്ങളെ സംബന്ധിച്ചും സ്വല്പം പ്രസ്താവിക്കേണ്ടതുണ്ട്. തന്റെ മുൻഗാമികളായ കർമ്മലീത്താ മെത്രാന്മാരേയും മിഷ്യനറിമാരേയും അനുഗമിച്ച് പുത്തൻകൂറ്റുകാരുടെ മാനസാന്തരത്തിനായി അത്യധികം അദ്ധ്വാനിച്ചിട്ടുള്ള ഒരാളാണ് ബെൻസിഗർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്. ഓമല്ലൂർ, കൊട്ടാരക്കര, ആറനാട്ട മുതലായ സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ പരിശ്രമഫലമായി ഏതാനും വൈദികരും ഒട്ടുവളരെ ജനങ്ങളും കത്തോലിക്കാസഭയിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ കീഴിൽ മാനസാന്തരപ്പെട്ട പട്ടക്കാർ കൽദായ റീത്താണ് സ്വീകരിച്ചത്. ഫാദർ റിബേയിറൊ, ഫാദർ പെരെയിരാ (പിന്നീടു കോട്ടാർ മെത്രാൻ) മുതലായ വൈദികർ ഈ വിഷയത്തിൽ ചെയ്തിട്ടുള്ള പരിശ്രമം ആരാലും വിസ്മരിക്കപ്പെടാവുന്നതല്ല. പന്തളം, കൊട്ടാരക്കര, തുമ്പമൺ എന്നീ സ്ഥലങ്ങളിൽ സുറിയാനി കർമ്മലീത്തരും ബെൻസിഗർ മെത്രാൻ തിരുമനസ്സിലെ കീഴിൽ ജോലിചെയ്തിട്ടുണ്ട്.

ഇങ്ങനെ പുത്തൻകൂർ സമുദായത്തിൽ വലിയ ഒരിളക്കമുണ്ടായപ്പോഴാണ് നമ്മുടെ പൂർവ്വന്മാർക്കു കാണുവാൻ ഇടയാകാഞ്ഞ ആ സംഗതി കാണ്മാൻ അവരുടെ അയോഗ്യപിൻഗാമികളായ നമുക്കിടവന്നത്. ആ സംഗതിയിലേയ്ക്കു പ്രവേശിക്കാം.

## മെത്രാൻകക്ഷിയും പുനരൈക്യവും.

വട്ടിപ്പണക്കേസിൽ തോൽവിയടഞ്ഞ സന്ദർഭത്തിൽ കത്തോലിക്കാസഭയിൽ ചേരുവാൻ പഴയകൂറ്റുകാരായ ചിലർ വട്ടശ്ശേരിൽ ഗീവറുഗീസു മാർ ദിവന്നാസ്യോസിനോട് അഭ്യർത്ഥിച്ചു. പാത്രിയർക്കീസിനെ കാണുവാൻ പോയവഴിയ്ക്കു അദ്ദേഹം ബഗദാദിലെ കത്തോലിക്കാ സുറിയാനി മെത്രാനെ സന്ദർശിച്ചു. മാർ തുലിയോസു കൂടെയുണ്ടായിരുന്നതിനാൽ മടക്കയാത്രയിൽ വീണ്ടും അവിടെ കയ

www.malankaralibrary.com

വാൻ സാധിച്ചില്ല. കേരളത്തിൽ മടങ്ങിവന്നു കുറെ കഴിഞ്ഞപ്പോൾ അന്തിയോക്കിയാ കത്തോലിക്കാ സുറിയാനി പാത്രിയർക്കീസായ മാർ എപ്രേം റഹമാനിയിൽനിന്നു ഒരു ലേഖനം മാർ ദിവന്നാസിയൂസു കൈപ്പററി. മാർ ദിവന്നാസിയൂസു തന്നെ ചെന്നു കാണാഞ്ഞതിൽ താൻ പരിഭവിക്കുന്നു എന്നും, മെത്രാൻ കക്ഷിയിൽ പെട്ട മേല്പട്ടക്കാരെ റീത്തോടും അധികാരത്തോടുംകൂടി കത്തോലിക്കാസഭയിൽ സ്വീകരിക്കുന്നതിനു വേണ്ടതെല്ലാം താൻ ചെയ്യാമെന്നും റഹമാനി പാത്രിയർക്കീസ് ആ എഴുത്തിൽ പ്രസ്താവിച്ചിരുന്നു. മെത്രാൻ കക്ഷിയിലെ മേലധ്യക്ഷന്മാരെ ഓരോരുത്തരായി മാർ ദിവന്നാസിയൂസു ഈ എഴുത്തു കാണിച്ചു. താൻ പുനരൈക്യത്തിനു സന്നദ്ധനാണെങ്കിലും ജനങ്ങളോടു ആലോചിക്കണമെന്നു മാർ ദിവന്നാസിയൂസ് മറുപടി കൊടുത്തു. ബഥനിയുടെ മാർ ഇവാനിയൂസിനെക്കൊണ്ടായിരുന്നു ആ മറുപടി തയാറാക്കിച്ചതു്. റോമ്മായുമായി നേരിട്ടു എഴുത്തുകുത്തു നടത്തുന്നതാണു് ജനങ്ങൾക്കിഷ്ടമെന്നു് റഹമാനി പാത്രിയർക്കീസിന്റെ രണ്ടാമത്തെ എഴുത്തിനു മറുപടി എഴുതി. പരേതനായ മി. ഇ. ജെ. ജോൺ വക്കീലും മററുമാണു് ഈ നിർദ്ദേശം നൽകിയതു്. അന്തിയോക്കിയൻ റീത്തുകാരായ കത്തോലിക്കരുപയോഗിക്കുന്ന തക്സായും മററും വരുത്തി യാക്കോബായ തക്സായോടു ഒത്തുനോക്കുകയും ചെയ്തു.

റഹമാനി പാത്രിയർക്കീസിനെ അറിയിച്ചതുപോലെ റോമ്മായിലേക്കു നേരിട്ടു എഴുത്തുകുത്തുകൾ നടത്തുവാൻ ബഥനിസ്ഥാപകൻ നിയുക്തനായി. ഫാദർ ബെയിററൊ വഴി പേരുവെക്കാതെ റോമ്മായുടെ നയമറിയുവാൻ ബഥനിസ്ഥാപകൻ റോമ്മായിലേക്കു ഒരെഴുത്തയച്ചു. അനുകൂലമായ മറുപടി ലഭിച്ചതോടെ, ബഥനിയുടെ മാർ ഈവാനിയൂസ് മെത്രാനായിരുന്ന അദ്ദേഹം 1926-ൽ രണ്ടാമത്തെ (വാകത്താനത്തെ) കാതോലിക്കായുടേയും, ഇപ്പോഴത്തെ കാതോലിക്കായുടേയും (അന്നു കണ്ടനാട് മെത്രാച്ചൻ) തന്റേയും പേർക്കു് വട്ടശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസിന്റെ സമ്മതത്തോടെ പുനരൈക്യം സാധിച്ചുകിട്ടുവാൻ റോമ്മായിലേക്കു ദീർഘമായ ഒരപേക്ഷ അയച്ചു. മററുള്ളവർ നിശ്ചയിക്കുന്ന ഏതെങ്കിലും ഒരു പുരാതന സഭയോടു യോജിക്കുവാൻ താൻ സന്നദ്ധനാണെന്നു കാണിച്ചു ഇപ്പോഴത്തെ കാതോലിക്കാബാവാ (അന്നു കണ്ടനാട് മെത്രാച്ചൻ) തിരുമനസ്സുകൊണ്ടു് സ്വന്ത കൈപ്പടയിൽ എഴുതിയ ഒരെഴുത്തു ബ്ലോക്കാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നുള്ള വിവരവും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

മെത്രാൻ കക്ഷിയിൽപെട്ട മേല്പട്ടക്കാരുടെ പട്ടം സാധുവാണോ എന്നും മററും റോമ്മായിൽനിന്നു പല അന്വേഷണങ്ങൾ നടത്തി. അങ്ങനെയിരിക്കെ വട്ടിപ്പണക്കേസ്സു മെത്രാൻ കക്ഷി ജയിച്ചു. രണ്ടാ

www.malankaralibrary.com

മത്തെ (വാകത്താനത്തെ) കാസോലിയ്ക്കാ കാലം ചെയ്കയും കണ്ടറ മെത്രാച്ചൻ ഇപ്പോഴത്തെ കാസോലിയ്ക്കാ ആവുകയും ചെയ്തു. മാർ ഈവാനിയൂസ് ബെഥനിയുടെ ആർച്ചുബിഷോപ്പായി. പാമ്പാടി മാർ ഗ്രീഗോറിയൂസ് തിരുമനസ്സുകൊണ്ടും മാർ തീയോഫിലസ് തിരുമനസ്സുകൊണ്ടും മെത്രാന്മാരാക്കപ്പെട്ടു.

മെത്രാൻ കക്ഷിയിൽപെട്ട മേല്പട്ടക്കാരെ എല്ലാം അധികാരം നൽകിക്കൊണ്ടു് അന്തിയോക്കിയൽറീത്തിൽ കത്തോലിയ്ക്കരായി സ്വീകരിയ്ക്കാമെന്നും, അവരെ ഓരോരുത്തരേയും തനിച്ചുതനിച്ചു നേരിട്ടുകണ്ടു് അവരുടെ ഉത്തരമെന്തെന്നു് അറിയിയ്ക്കണമെന്നും ബെഥനിയുടെ മാർ ഈവാനിയൂസിന്റെ പേർക്കു് റോമ്മായിൽനിന്നു എഴുതിവന്നു. കേസു ജയിച്ചല്ലോ എന്നായിരുന്നു ഇപ്പോഴത്തെ കാസോലിയ്ക്കായുടെ മറുപടി. നമ്മുടെ പുറകെ വല്ലവരും പോരുമോ എന്നത്രെ വട്ടശേരിൽ തിരുമേനി ഉത്തരിച്ചതു്. പരുമല സെമിനാരി മുതലായവ ഇട്ടുംവച്ചു പോകണമല്ലോ എന്നൊരാശങ്കയും അദ്ദേഹം പ്രദർശിപ്പിയ്ക്കാതിരുന്നില്ല. ചാകുമ്പോൾ ഇതൊക്കെ കൊണ്ടുപോകുമോ എന്നുപോലും തദവസരത്തിൽ മാർ ഈവാനിയൂസ് ചോദിച്ചുപോയി. പോകയാണെങ്കിൽ താൻ ബാവാക്കക്ഷിയിലേയ്ക്കു പോകയുള്ളു എന്നത്രെ പാമ്പാടിമെത്രാച്ചൻ പറഞ്ഞതു്. പിതാവു പറയുന്നതു ഞാൻ സമ്മതിച്ചിരിയ്ക്കുന്നു എന്നുത്തരിച്ചുകൊണ്ടു് മാർ തീയോഫിലസ് സമ്മതം നൽകി.

മാർ ഈവാനിയൂസ് സംഗതികളെല്ലാം റോമ്മായിൽ അറിയിച്ചു. അവസാന തീരുമാനം മാർപ്പായുടെ പ്രതിപുരുഷനായ അഭിവന്ദ്യ തിരുമേനി എഡ്വേർഡ് മൂണി അവർകൾക്കു് റോമ്മായിൽനിന്നു അയച്ചുകൊടുക്കപ്പെട്ടു. അതിലെ ചിലഭാഗങ്ങൾ അനുപദമായും അല്ലാതെയും ഇവിടെ ഉദ്ധരിയ്ക്കാം:

> "മെത്രാൻകക്ഷിൽപെട്ട കേരളീയ യാക്കോബായ മെത്രാന്മാർ, കുറെക്കൂടി വിശദമായിപ്പറഞ്ഞാൽ ബെഥനി മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ഈവാനിയൂസും, അദ്ദേഹത്തിന്റെ ഉപമെത്രാൻ മാർ തീയോഫിലോസും കത്തോലിയ്ക്കാസഭയോടു ഐക്യപ്പെടുവാൻ പ്രകാശിപ്പിച്ച അവരുടെ ആഗ്രഹം ഈ വിശുദ്ധ സംഘത്തിൽപെട്ട അത്യുന്നത കർട്ടിനാളന്മാർ ഈ ജൂലായി (1930) 4-ാംനു നടന്ന പൂർണ്ണസമ്മേളനത്തിൽ പരിശോധനയ്ക്കെടുത്തു. മെത്രാൻകക്ഷിയിൽപെട്ട അഞ്ചു മെത്രാന്മാരിൽ ഒരാളും 1926 നവംബറിൽ അപേക്ഷ തയാറാക്കിയ ദേഹവും ആയ മാർ ഈവാനിയൂസ് മററു രണ്ടു മെത്രാന്മാരുടേയും തന്റെയും പേർക്കു് അന്നു പ്രകാശിപ്പിച്ച ആഗ്രഹത്തിൽ

www.malankaralibrary.com

വിശ്വസ്തനായി നിലനില്ക്കുന്നു എന്നുള്ള സംഗതിയും,
മാർ ഈവാനിയൂസും അപ്രകാരംതന്നെ അദ്ദേഹത്തിന്റെ
ഉപമെത്രാൻ മാർ തിയോഫിലോസും (ഇദ്ദേഹം ഒരേ നി
ശ്ചയങ്ങൾക്കും ആഗ്രഹങ്ങൾക്കും കൈയൊപ്പു വച്ചതിൽ
അദ്ദേഹത്തോടു യോജിച്ചിരിക്കുന്നു) ഇവിടെ കിട്ടിയിട്ടുള്ള
അറിവുകൾക്കനുസൃതമായി യോഗ്യന്മാരും, സത്യവാന്മാ
രും, കുറവുതീർന്നവരും, നല്ലവണ്ണം മതിക്കപ്പെടുന്നവരും
(persone digne, sincere. superioriad ogni eccez-
ione bene stimate) ആണെന്നുള്ള സംഗതിയും പരിഗ
ണിച്ചുകൊണ്ടു ..........." അവരെ കത്തോലിക്കാസഭയിൽ
സ്വീകരിക്കണമെന്നു തീരുമാനിച്ചിരിക്കുന്നു. അന്തിയോക്കി
യാ [illegible] സുറിയാനി റീത്തു അവരുടെയിടയിൽ പരിപാ
ലിക്കപ്പെടുമെന്നു ഉറപ്പു നൽകുന്നു.........." രണ്ടു മെത്രാ
ന്മാരും അവരുടെ ഉദ്യോഗത്തിലും അധികാരത്തിലും സ്വീ
കരിക്കപ്പെടുമെന്നും ഉറപ്പു നൽകുന്നു..............ആളിന്നടു
ത്ത സ്ഥാനമായി അർച്ചുബിഷോപ്പ് മെത്രാപ്പോലീ
ത്താ എന്ന സംജ്ഞയോടെ മാർ ഈവാനിയൂസ് ബെഥ
നി മെത്രാനും മാർ തിയോഫിലോസു തിരുവല്ലാ മെത്രാനും
ആയി കരുതപ്പെടും........ ഇപ്പോഴത്തെ കാസോലിക്കാ
മാനസാന്തരപ്പെടാത്തതിനാൽ കാതോലിക്കാ സംജ്ഞയെ
പ്പറ്റിയോ കാസോലിക്കായെപ്പറ്റിയോ പ്രതിപാദിക്കേ
ണ്ട ആവശ്യമില്ല.. ....ബെഥനി ആർച്ചു ബിഷോപ്പും തിരു
വല്ലാ മെത്രാനും തൽക്കാല സാഹചര്യങ്ങളിൽ അന്തിയോ
ക്കിയാ കത്തോലിക്കാ സുറിയാനി പാത്രിയർക്കിനെ ആശ്ര
യിക്കാതെ തിരുസിംഹാസനത്തിനു നേരിട്ടു കീഴ്പ്പെട്ടിരിക്കും.
....തക്സാ മുതലായ പുസ്തകങ്ങൾ തെറ്റുകൾ തിരുത്തി ഉ
പയോഗിക്കാവുന്നതാണ്......പുനരൈക്യപ്പെടുന്നവരോ
ടു അടുത്തു താമസിക്കുന്നവരായ ചങ്ങനാശേരിയുടെ കാ
ളാശേരിൽ യാക്കോബു മെത്രാനെയും....കൊല്ലത്തെ ബെൻ
സിഗർ മെത്രാനേയും പുസ്തകങ്ങൾ പരിശോധിക്കുവാൻ
ഡെലിഗേറ്റ അപ്പസ്തോലിക്ക് നിശ്ചയിക്കണം....... അ
ന്തോയോക്കിയൻ റീത്തുകാരായ സീറോ മലബാർ കത്തോ
ലിക്കരെന്നോ, സീറോ അന്തിയോക്കിയൻ റീത്തുകാരായ
മലബാർ കത്തോലിക്കരെന്നോ, മലബാർ അന്തിയോ
ക്കിയൻ അഥവാ സീറോ മലബാർ അന്തിയോക്കിൻ സഭാം
ഗങ്ങളെന്നോ പുനരൈക്യപ്പെടുന്നവർ വിളിക്കപ്പെടാം.
കൽദായ റീത്തുകാരായ മലബാർ കത്തോലിക്കരിൽ നി
ന്നു ഈ വിധത്തിൽ അവരെ തിരിച്ചറിയാവുന്നതാണ്....

www.malankaralibrary.com

ഡെലിഗററ് അപ്പസതോലിയ്ക്കു നേരിട്ടോ, ബെൻസിഗർ മെത്രാൻ വഴിയോ അല്ലെങ്കിൽ വേറെ ആരെങ്കിലും വഴിയോ പുനരൈക്യപ്പെടുന്ന മെത്രാന്മാരെ സഭാശിക്ഷയിൽനിന്നു വിമോചിയ്ക്കുകയും, മാനസാന്തരപ്പെടുന്ന പട്ടക്കാരെയും ജനങ്ങളെയും കൊണ്ട് തക്കതെന്നു തോന്നുന്ന രീതിയിൽ വിശ്വാസസത്യം ചെയ്യിയ്ക്കുകയും വേണം.......

(The Apostolic Delegation of the East Indies
Prot. No. 2035/30-)

പൌരസ്ത്യ തിരുസംഘത്തിന്റെ ഈ തീരുമാനം വേണ്ടപ്പെട്ടവർക്കെല്ലാം അയച്ചുകൊടുക്കപ്പെട്ടു. പെരുനാട്ടിൽ താമസിച്ചിരുന്ന ബെഥന്യാശ്രമസ്ഥന്മാർ അവിടം വിട്ടു വെണ്ണിക്കുളത്തു താമസമാക്കി അവരുടെ കൂടെ മാർ ഈവാനിയൂസും തിരുമേനിയും താൻ സ്ഥാപിച്ച ആ ആശ്രമത്തിൽനിന്നു ഇറങ്ങിപ്പോന്നു.

## ൧൯൩൦ സെപ്റ്റംബർ ൨൦-ാംനു

മാർ ഈവാനിയൂസു തിരുമേനിയേയും മാർ തിയോഫീലോസു തിരുമേനിയേയും കത്തോലിയ്ക്കാസഭയിലേയ്ക്കു സ്വീകരിയ്ക്കുവാൻ കൊല്ലം മെത്രാൻ ബെൻസിഗർ തിരുമനസ്സുകൊണ്ടു നിയുക്തനായി. ചങ്ങനാശേരി മെത്രാൻ കാളാശേരിൽ മാർ യാക്കോബു തിരുമനസ്സുകൊണ്ടും കോട്ടാർ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരുന്ന മോൺ ലോറൻസു പെരെയിരാ തിരുമനസ്സുകൊണ്ടും സന്നിഹിതരായിരിക്കെ, ഓലിക്കരെയുള്ള തന്റെ മെത്രാസന പ്രാർത്ഥനാലയത്തിൽവച്ച് കൊല്ലം മെത്രാൻ ഡോ: ബെൻസിഗർ തിരുമനസ്സുകൊണ്ട് 1930 സെപ്റ്റംബർമാസം 20-ാംനു ശനിയാഴ്ച ബെഥനിയുടെ മാർ ഈവാനിയൂസ് മെത്രാപ്പോലീത്തായേയും തിരുവല്ലായുടെ മാർ തീയോഫീലോസ് മെത്രാനേയും കത്തോലിയ്ക്കാസഭയിൽ യഥായോഗ്യം സ്വീകരിച്ചു.

അതിവന്ദ്യ ദിവ്യശ്രീമാന്മാരായ പുലിക്കോട്ടു യൌസേപ്പ് റമ്പാനും ചേപ്പാട്ടു പീലിപ്പോസ് റമ്പാനും, ബെഥനി സന്യാസികളിൽ ഭൂരിപക്ഷവും, ബെഥനി സന്യാസിനികൾ എല്ലാവരും പുനരൈക്യപ്പെട്ടമേലദ്ധ്യക്ഷന്മാരെ അനുഗമിച്ചു. പട്ടക്കാരും ജനങ്ങളും ദിവസംപ്രതി കത്തോലിയ്ക്കാ സഭയിലേയ്ക്കു വന്നുതുടങ്ങി.

## അന്തിയോക്കിയൻ റീത്തിൽ പെട്ട സീറോ മലങ്കര ഭരണഘടന

മെത്രാൻ കക്ഷിയിൽ പെട്ട കാതോലിയ്ക്കായേയും മലങ്കര മെത്രാപ്പോലീത്തായേയും മററു മേലദ്ധ്യക്ഷന്മാരേയും അവരുടെ ഉദ്യോഗത്തിലും അധികാരത്തിലും കത്തോലിയ്ക്കാസഭയിൽ സ്വീകരിയ്ക്കു

www.malankaralibrary.com

വാൻ റോമ്മാ സിംഹാസനം തയാറായിരുന്നു എന്നു മുമ്പ് പറഞ്ഞതിൽ നിന്നു വിശദമായിട്ടുണ്ടല്ലോ. എന്നാൽ കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായും പുനരൈക്യത്തിനു വഴിപ്പെടാഞ്ഞതിനാൽ, കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായും ഉൾപ്പെട്ട ഒരു പുതിയ ഭരണഘടന പുനരൈക്യപ്പെടുന്നവർക്കായി ഏർപ്പെടുത്തുവാൻ റോമ്മാ സിംഹാസനത്തിനു സാധിച്ചില്ല. തന്നിമിത്തം വേറെ രീതിയിലുള്ള ഭരണഘടന ഏർപ്പെടുത്തേണ്ടതായി വന്നു. കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും പുനരൈക്യപ്പെട്ടിരുന്നെങ്കിൽ, യാക്കോബായ സഭയിലുണ്ടായിരുന്നതുപോലെ ഒരു സ്ഥാനം മാത്രമേ ബെഥനി മെത്രാപ്പോലീത്തായിക്കും തിരുവല്ലാ മെത്രാനും ലഭിക്കുമായിരുന്നുള്ളു.

പുനരൈക്യപ്പെട്ടവർക്കായി ഒരു ഭരണഘടന (Hierarchy) ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭമായി 1932 ഫെബ്രുവരി 13-ൽ മാർ ഈവാനിയോസിനു "ഫാസിയാ ആർച്ചു ബിഷോപ്പ്" എന്നും മാർ തീയോഫിലോസിനു "ആരാദ് മെത്രാൻ" എന്നും സ്ഥാനസംജ്ഞകൾ നൽകപ്പെട്ടു. അധികം കഴിയുന്നതിനു മുമ്പ് അതേകൊല്ലം ജൂൺ 11-ൽ മാർ ഈവാനിയോസു തിരുമേനിയെ തിരുവനന്തപുരം ആർച്ചു ബിഷോപ്പ്—മെത്രാപ്പോലീത്താ ആയും മാർ തീയോഫിലോസു തിരുമേനിയെ അദ്ദേഹത്തിന്റെ ഉപമെത്രാൻ എന്ന നിലയിൽ തിരുവല്ലാ മെത്രാനായും 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഉയർത്തുകയും അങ്ങനെ അന്തിയോക്കിയൻ റീത്തിൽപെട്ട സീറോ-മലങ്കര ഹയരാർക്കി സ്ഥാപിതമാവുകയും ചെയ്തു. (Syro-Malankarenses ritus antioche)

ഹയരാക്കി സ്ഥാപിച്ചപ്പോൾ മാർ ഈവാനിയോസു തിരുമനസ്സുകൊണ്ടു റോമ്മായിലുണ്ടായിരുന്നു. സത്യസഭയിൽ നിന്നു ഭിന്നിച്ചു നിൽക്കുന്ന കേരളീയ നസ്രാണികളെ രക്ഷാമാർഗ്ഗത്തിലേയ്ക്കു കൊണ്ടുവരുവാൻ ഇത്രവലിയ ഉത്സാഹം ചെയ്ത മഹാമനസ്കനായ ആ സംപൂജ്യപുരുഷൻ 11-ാം പീയൂസ് മാർപ്പാപ്പാ തൃക്കൈകൊണ്ടുതന്നെ "പാല്ലിയം" എന്ന സ്ഥാനവസ്ത്രം മാർ ഈവാനിയോസു തിരുമേനിയെ അണിയിച്ചു.

മാർ ഈവാനിയോസു തിരുമനസ്സുകൊണ്ടു തിരിച്ചുവന്നുടനെ ഹയരാക്കി സ്ഥാപനത്തിന്റെ തിരുവെഴുത്തുകൾ യഥാവിധി പ്രഖ്യാപനം ചെയ്യപ്പെട്ടു. അന്നു സ്ഥാനമൊഴിഞ്ഞു് തിരുവനന്തപുരം കർമ്മലീത്താ ആശ്രമത്തിൽ സന്യസിച്ചിരുന്ന ബെൻസിഗർ മെത്രാൻ (മെത്രാപ്പോലീത്താ) തിരുമനസ്സുകൊണ്ടാണ് തിരുവനന്തപുരത്തു നടന്ന പ്രധാന ചടങ്ങുകളിൽ സർവ്വപ്രധാനമായ ഭാഗം വഹിച്ചതു്. എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്തീനോസ് തിരുമന

www.malankaralibrary.com

സ്സിലെ മുമ്പിൽവച്ചായിരുന്നു മാർ ഈവാനിയൂസു തിരുമനസ്സുകൊണ്ടു പതിവുള്ള വിശ്വാസപ്രഖ്യാപനം ചെയ്തതു്. തിരുവല്ലാ രൂപതയെ സംബന്ധിക്കുന്ന ചടങ്ങുകളും യഥാവിധി നിർവ്വഹിക്കപ്പെട്ടു.

ഏറെത്താമസിയാതെ മാർ തീയോഫിലോസു തിരുമേനിയും റോമ്മായിലെത്തി 11-ാം പീയൂസ് മാർപ്പാപ്പായെ മുഖം കാണിച്ചു.

## വേറെ രണ്ടു മേല്പട്ടക്കാർ കൂടെ

1930 സെപ്റ്റംബർ 20-ൽ നടന്ന ചരിത്രപ്രസിദ്ധമായ പുനരൈക്യം കഴിഞ്ഞു് അതേ സംവത്സരത്തിൽ തന്നെ മെത്രാൻ കക്ഷിക്കാർ മാർ ഫിലൊക്സീനോസിനെ മെത്രാനായി വാഴിച്ചു.

1931-ൽ ഏലിയാസു പാത്രിയർക്കീസ് കേരളത്തിൽ വന്നപ്പോൾ വട്ടശേരിൽ ഗീവറുഗീസു് മാർ ദിവന്നാസിയൂസിന്റെ മുടക്കു തീർത്തു. എന്നാൽ കാസോലിയ്ക്കായെ അദ്ദേഹം അംഗീകരിച്ചില്ല. (ഏലിയാസുപാത്രിയർക്കീസു ഓമല്ലൂർ മഞ്ഞനിക്കരെയാണല്ലോ കബറടങ്ങിയിരിയ്ക്കുന്നതു്.)

1933-ൽ മെത്രാൻ കക്ഷിയിലേയ്ക്കു യൌസേപ്പ മാർ സേവേറിയൂസ് മെത്രാനായി വാഴിയ്ക്കപ്പെട്ടു. 1934-ൽ വട്ടശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയൂസ് മരിച്ചതോടെ മെത്രാൻകക്ഷിക്കാരുടെ മലങ്കരമെത്രാപ്പോലീത്താ സ്ഥാനം കാസോലിയ്ക്കായിൽ തന്നെ നിക്ഷിപ്തമായി. സമാധാനാലോചനയ്ക്കായി കാസോലിക്കാബാവാ ശീമയ്ക്കുപോയി പാത്രിയർക്കീസിനെ കണ്ടെങ്കിലും ഫലം ഒന്നുമുണ്ടായില്ല.

1937-ൽ ഇപ്പോൾ പറഞ്ഞ യൌസേപ്പ് മാർ സെവേറിയൂസു കത്തോലിയ്ക്കാസഭയിൽ ചേർന്നു. അനാരോഗ്യം നിമിത്തം വിശ്രമിയ്ക്കുന്ന മാർ തിയോഫിലോസിനു പകരം അഡ്മിനിസ്റ്റ്രേറ്റർ അപ്പസ്തോലിയ്ക്കാ ആയി മാർ സെവേറിയൂസു തിരുമേനി ഇപ്പോൾ തിരുവല്ലാ രൂപതയെ ഭരിയ്ക്കുന്നു.

1937-ന്റെ ശേഷം മാർ തെയദോസിയൂസും, തോമ്മസ് മാർ ദിവന്നാസിയൂസും മെത്രാൻകക്ഷിക്കാരുടെ മേല്പട്ടക്കാരായി വാഴിയ്ക്കപ്പെട്ടു. കക്ഷിമാറിയ അവുഗേൻ മാർ തിമൊത്തിയൂസും ഇപ്പോൾ മെത്രാൻകക്ഷിയിലുണ്ടു്.

ബാവാകക്ഷിൽപെട്ട യാക്കോബായ തെക്കുംഭാഗരുടെ മെത്രാൻ തോമ്മാ മാർ ദിയസ്ക്കോറോസ് 1939-ൽ കത്തോലിയ്ക്കാസഭയിൽ പ്രവേശിച്ചു. 1944-ൽ അദ്ദേഹം നിര്യാതനാവുകയും ചെയ്തു.

മാർ ദിയസ്ക്കോറോസിന്റെ സ്ഥാനത്തു യാക്കോബായ തെക്കുംഭാഗരെ അതിവന്ദ്യ അഡ്മിനിസ്റ്റ്രേറ്റർ താമരപ്പള്ളിലച്ചൻ അവർകൾ ഭരിച്ചുവരുന്നു.

www.malankaralibrary.com

ബാവാകക്ഷിയും മെത്രാൻ കക്ഷിയും തമ്മിൽ ഇപ്പോഴും സമുദായക്കേസ്സു നടന്നുകൊണ്ടിരിയ്ക്കുയാണല്ലോ. 1943–ൽ ഉണ്ടായ വിധി മെത്രാൻകക്ഷിയ്ക്കു അനുകൂലമായിരുന്നു. ബാവാകക്ഷി ആ വിധിയിന്മേൽ അപ്പീൽ ബോധിപ്പിച്ചിരിയ്ക്കുയാണു്. കേസിനിടയ്ക്കു് അവുഗേൻ മാർ തീമൊത്തെയൂസ് ബാവാകക്ഷിയിൽ നിന്നു മാറി മെത്രാൻകക്ഷിയിൽ ചേൎന്നു. പാത്രിയർക്കീസു് അദ്ദേഹത്തെ മുടക്കി.

വട്ടിപ്പണക്കേസിന്റെ വിധി പറഞ്ഞശേഷം ബാവാകക്ഷിയും മെത്രാൻകക്ഷിയും തമ്മിൽ പല സന്ധിയാലോചനകളും നടന്നിട്ടുണ്ടു്. 1931–ൽ ഇൻഡ്യാ വൈസ്രോയിയുടെ സഹായംപോലും ഇതിലേയ്ക്കായി ഇരുകക്ഷികളും അഭ്യൎത്ഥിച്ചു. സന്ധിയ്ക്കുള്ള ശ്രമങ്ങൾ ഇപ്പോഴും നടക്കാതിരിയ്ക്കുന്നില്ല.

## ഉപസംഹാരം.

കൂനൻകുരിശു സത്യം നടന്നതോടെ സുറിയാനി സമുദായം രണ്ടായി പിളൎന്നുപോയി. ശീസ്മയിൽ നിപതിച്ച ഭിന്ന സഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി ഇരുകക്ഷികളും ഇന്നോവരെ ആത്മാൎത്ഥമായി പരിശ്രമിച്ചു കൊണ്ടാണു് ഇരുന്നിട്ടുള്ളതു്. വ്യക്തികളും, കുടുംബങ്ങളും, പള്ളികളും പുനരൈക്യപ്പെട്ടിരുന്നെങ്കിലും ഭിന്നകക്ഷിയിലെ മേല്പട്ടക്കാരുടെ പുനരൈക്യം കാണുവാൻ നമ്മുടെ പൂർവ്വന്മാൎക്കു ഭാഗ്യം ലഭിച്ചില്ല. പലതരത്തിലുള്ള ക്ലേശങ്ങളും ഇച്ഛാഭംഗവും അവൎക്കു നേരിട്ടു. അതൃപ്തി ഹേതുവാൽ സ്വഭവനം വിട്ടിറങ്ങിയ ഒരാൾ അഭിമാനക്ഷയം കൂടാതെ അവിടെ തിരിച്ചെത്തുവാൻ അഭിലഷിച്ചു പ്രയത്നിയ്ക്കുന്നതുപോലെയാണു് കൂനൻകുരിശുസത്യം നടന്ന കാലം മുതൽ ഇന്നുവരെ നമ്മുടെ ഭിന്ന സഹോദരങ്ങൾ വൎത്തിച്ചിട്ടുള്ളതു്. അഭിമാനം അശേഷം നഷ്ടപ്പെടുത്താതെ അവർ മാതൃസഭയിലേയ്ക്കു പിൻതിരിയുവാൻ റീത്തുപ്രസ്ഥാനവും അന്തിയോക്കിൻ സുറിയാനി ഭരണഘടനയും ആകുന്ന രാജപാത ഭാഗ്യസ്മരണാർഹനായ 11–ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വെട്ടിത്തെളിച്ചു. അതേ തുടൎന്നു്, നമ്മുടെ പൂർവ്വന്മാൎക്കു കാണുവാൻ സാധിക്കാഞ്ഞതു് ഇന്നിതാ നമ്മൾ കാണുന്നു. ഭിന്നകക്ഷിയിൽ പെട്ട ഒരു മേല്പട്ടക്കാരനല്ലാ നാലു മേല്പട്ടക്കാർ പുനരൈക്യപ്പെട്ടു കഴിഞ്ഞിരിയ്ക്കുന്നു. നൂറിൽ പരം പട്ടക്കാരും സന്യാസിനീസന്യാസിമാരും, മുക്കാൽ ലക്ഷത്തോളം ജനങ്ങളും പുനരൈക്യപ്പെട്ട മേല്പട്ടക്കാരെ അനുഗമിച്ചിട്ടുണ്ടു്. ബാവാ മെത്രാൻ കക്ഷികളിൽനിന്നും, മാൎത്തോമ്മാക്കാരിൽനിന്നും, മററു സമുദായങ്ങളിൽനിന്നും ആണു് ഈ പുനരൈക്യം നടത്തിയിട്ടുള്ളതു്. ജാതികളും മാമ്മോ

www.malankaralibrary.com

ദീസാ സ്വീകരിയ്ക്കുന്നു. ഇതു കാണുന്ന നമ്മുടെ കണ്ണുകൾ വാസ്തവത്തിൽ ഭാഗ്യമുള്ളവതന്നെ.

"നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ—എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളോടു പറയുന്നു വളരെ പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ കാണുന്നവ കാണുവാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല; നിനിങ്ങൾ കേൾക്കുന്നവ കേൾക്കുവാനും (ആഗ്രഹിച്ചു) എങ്കിലും കേട്ടില്ല." ലൂക്കാ 10/23, 24.

കത്തോലിയ്ക്കാ ലോകം മുഴുവനും ഇതിൽ സന്തോഷിക്കുകയും ദൈവത്തിനു സ്തുതിപാടുകയും ചെയ്യുന്നു. കത്തോലിയ്ക്കരും അകത്തോലിയ്ക്കരുമായ സുറിയാനിയ്ക്കാരെല്ലാവരും ഇതിൽ പ്രത്യേകവിധം ആഹ്ളാദിയ്ക്കണം; പ്രത്യേകവിധം ദൈവത്തിനു സ്തോത്രം പാടണം. എന്തുകൊണ്ടെന്നാൽ നമ്മുടെ എല്ലാവരുടേയും പൂർവ്വന്മാർ കാണുവാനും കേൾക്കുവാനും ആഗ്രഹിച്ചു് പരിശ്രമിച്ച ആ സംഗതിയാണു് അവരുടെ അയോഗ്യ പിൻഗാമികളായ നമ്മൾ ഇന്നു കാണുകയും കേൾക്കുകയും ചെയ്യുന്നതു്.

ഭിന്നിച്ചു നിൽക്കുന്ന സുറിയാനിയ്ക്കാരെ എല്ലാം കത്തോലിയ്ക്കാ സഭയോടു പുനരൈക്യപ്പെടുത്തുവാൻ നടത്തുന്ന പരിശ്രമങ്ങളിൽ പുനരൈക്യപ്പെട്ടവരും പഴയ കത്തോലിയ്ക്കരും ഒത്തൊരുമിച്ചു് ജോലി ചെയ്യുന്നു. ഇടവകപ്പട്ടക്കാരും സുറിയാനി കമ്മെലീത്തരും ആയി റീത്തു മാറിയും മാറാതെയും കൽദായ വൈദികർ തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും വേല ചെയ്യുന്നുണ്ടു്.

നമ്മുടെ സഹോദരങ്ങളെ എങ്ങിനെയാണു് നമ്മൾ സത്യം ഗ്രഹിപ്പിയ്ക്കേണ്ടതു്? അകത്തോലിയ്ക്കരായ പൌരസ്ത്യരെ കത്തോലിയ്ക്കാ സഭയിലേയ്ക്കു ആനയിയ്ക്കുവാൻ പരിശ്രമിയ്ക്കുന്നവർ അവലംബിയ്ക്കേണ്ട ചില മാർഗ്ഗങ്ങൾ പണ്ഡിതനായ എം. ഴുജി (M. Jugie) നമുക്കു ചൂണ്ടിക്കാണിച്ചു തരുന്നുണ്ടു്. തർക്കങ്ങൾകൊണ്ടു് വലിയ പ്രയോജനമില്ല. നേരിട്ടുള്ള തർക്കങ്ങൾ മിക്കപ്പോഴും ഉപദ്രവകരങ്ങളാണു്. നിരന്തരവും തീക്ഷ്ണവും ആയ പ്രാർത്ഥന നമ്മുടെ പ്രധാനോപകരണമായിരിയ്ക്കണം. സഹോദരസ്നേഹം, ജീവിത നൈർമ്മല്യം, സൽപ്രവൃത്തികൾ, സ്നേഹസംഭാഷണം എന്നിവയാൽ നമ്മൾ സദാ പ്രശോഭിതരായി കാണപ്പെടട്ടെ. സംഭാഷണത്താലോ, പ്രസംഗത്താലോ, പ്രസിദ്ധീകരണങ്ങളാലോ നമ്മൾ സത്യം വെളിപ്പെടുത്തുന്നതു് സൌഹാർദ്ദത്തോടെ മാത്രമേ ആകാവൂ. എപ്പോഴും പ്രതിപക്ഷബഹുമാനം നമ്മിൽ—പ്രത്യേകം നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ—കളിയാടണം. എന്നാൽ സത്യത്തെ നാം ബലികഴിയ്ക്കയുമരുതു്. ആ

www.malankaralibrary.com

ത്മസംയമനം; സുകൃതാഭ്യാസം, തപക്രിയകൾ ആദിയായവയെ പുരസ്കരിച്ചും, ക്രിസ്തീയാദർശപ്രാപ്തിയെ ലാക്കാക്കിയും രചിക്കപ്പെട്ടിട്ടുള്ള കത്തോലിക്കാ ഗ്രന്ഥങ്ങൾ വായിക്കുവാൻ അവർക്കു സകല സൌകര്യങ്ങളും നമ്മൾ ഉണ്ടാക്കിക്കൊടുക്കണം. വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ ധാരാളം അവരുടെ കയ്യിൽ ചെന്നെത്തട്ടെ.

(Cf. M. Jugie, Theol Dogm. Christ, Diss, Orient I p. 42)

നമ്മുടെ സൽപ്രവൃത്തികളിൽ പരിത്യാഗത്തിനു ഗണ്യമായ സ്ഥാനം നമ്മൾ നൽകണം. മാനനഷ്ടം, വസ്തുനാശം, ദേഹോപദ്രവം എന്നിങ്ങനെ പലതും പുനരൈക്യപ്പെടുന്നവർക്കു അനുഭവപ്പെട്ടും— സ്നേഹിതന്മാരും ബന്ധുക്കളും അവരെ പരിത്യജിച്ചെന്നുവരും. എന്നാൽ സത്യവിശ്വാസത്തെപ്രതി ഇവയെല്ലാം നമ്മൾ സഹിക്കണം. അങ്ങനെ നമ്മെത്തന്നെ നാം പരിത്യജിക്കുന്നതോടുകൂടി പുനരൈക്യപ്പെടുന്നവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതാണ്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. കോതമ്പുമണി നിലത്തുവീണു അഴിയുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കുന്നു, അതു അഴിയുന്നു എങ്കിൽ വളരെ ഫലങ്ങൾ ഉളവാക്കുന്നു." (യോഹ. 12/24) ഇതായിരിക്കണം നമ്മുടെ മുദ്രാവാക്യം. വന്ദ്യ തിരുമേനിമാരുൾപ്പെടെ പുനരൈക്യപ്പെട്ടവർ സഹിച്ച ക്ലേശങ്ങളും അനുഷ്ഠിച്ച ത്യാഗങ്ങളും അല്ലയോ ഈ പ്രസ്ഥാനത്തെ ഇത്രവേഗം ഇത്രയധികം പുഷ്ടിപ്പെടുത്തിയതു? പുനരൈക്യപ്പെട്ടവർ എത്രയുണ്ടെന്നല്ല, എങ്ങനെയുള്ളവരാണു എന്നതായിരിക്കട്ടെ നമ്മുടെ ചിന്താവിഷയം. മതനിഷ്പക്ഷരും, സത്യവിശ്വാസമില്ലാത്തവരും, മന്ദവിശ്വാസികളും, ലൌകികലാഭമിച്ഛിക്കുന്നവരും ആയ ലക്ഷങ്ങൾക്കല്ല, പ്രത്യുത സജീവമായ വിശ്വാസത്തോടും തീക്ഷ്ണമായ സ്നേഹത്തോടുംകൂടി പരിത്യാഗശീലനായി പ്രവർത്തിക്കുന്ന ഒരോരോ വ്യക്തിക്കാണു് പുനരൈക്യപ്രസ്ഥാനത്തെ ജയകിരീടം ധരിപ്പിക്കുവാൻ സാധിക്കുന്നതെന്നു നമ്മൾ അറിഞ്ഞിരിക്കണം.

സഭാസ്ഥാപകനായ മിശിഹാ നമ്മുടെ ഈ പ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തി സുറിയാനിക്കാരായ നമ്മുടെ ഭിന്നസഹോദരങ്ങളെല്ലാം രക്ഷയുടെ ഏകമാർഗ്ഗമായ കത്തോലിക്കാ സഭയിൽ വന്നുചേരുവാൻ ഇടവരുത്തട്ടെ; ജാതികളും ഈ വൃക്ഷത്തോടു ഒട്ടിക്കപ്പെടട്ടെ.

---

തിരുത്തു: പുറം 10 വരി 32.

5-ാം മാർത്തോമ്മായെപ്പറ്റിയുള്ള ഭാഗത്തു 1756-മുമ്പ് എഴുതിയതായി പറയുന്ന കർസോൻ പുസ്തകം 1768-നു മുമ്പാണ് എഴുതിയതു. ആകയാൽ അതിൽ പറയുന്ന മാർത്തോമ്മാ 6-ാം മാർത്തോമ്മ ആകുവാനും പാടുണ്ടു്. പുറം 33 വരി 29

സെബസ്ത്യാനി മെത്രാന്റെയും ചാണ്ടിമെത്രാന്റെയും.

www.malankaralibrary.com

## പുനരൈക്യ പ്രസിദ്ധീകരണങ്ങൾ.

1 ഗിരിദീപം.
2 കുഴൽക്കണ്ണാടി. By Rt. Rev. Rembn Joseph.
3 മലങ്കര സഭയുടെ എക്സ്റെ. By Mr. M. M. Varkey.
4 തിരുസഭയും മാർപ്പാപ്പായും.
By Ver. Rev. Fr. Dr. Placid T. O. C. D.
5 മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും. ,,
6 അന്ത്യോക്യാപാത്രിയർക്കീസ്. ,, ,,
7 പൌരസ്ത്യസഭകൾ. ,, ,, ,,
8 എഫേസൂസ് സൂനഹദോസും റോമ്മാമാർപ്പാപ്പായും. ,,
9 കൂനൻകുരിശിന്മുമ്പ്. ,, ,, ,,
10 അന്ത്യോക്യായിൽ എന്തുണ്ട്. ,, ,, ,,
11 നമ്മുടെ കണ്ണുകൾ ഭാഗ്യമുള്ളവ. ,, ,, ,,
12 മാർപ്പാപ്പായുടെ പരമാധികാരവും യാക്കോബായസഭാ റിക്കാർട്ടുകളും. By Rev. Fr. Thomas Inchakkalody.
13 നേർവഴികാട്ടി. By Rt. Rev. Remban Philipose Chapatt
14 യാക്കോബായസഭയിൽ രക്ഷയുണ്ടോ? By Mr. A. Philipose, M. A., B. L.
15 സത്യസഭയുടെ ഐക്യവും യാക്കോബായസഭയിലെ ചിതറിപ്പും.
,, ,, ,,
16 കത്തോലിക്കാസഭയുടെ വിശ്വാസം യാക്കോബായക്കാർക്കു സ്വീകാര്യമോ? By Rev. Fr. Thomas Vadachery L. D.
17 ഫാദർ കെ. റി. സഖറിയാസിന്റെ പ്രസംഗങ്ങൾ.
By റവ. വി. ജെ. കുഞ്ഞാക്കോ.

www.malankaralibrary.com

Published by
C. I. Philipose
at The St. Joseph's Printing House, Tiruvalla.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com